# T.K.M. COLLEGE OF ARTS & SCIENCE

Annual 1997-98



# സമഷ്ടി

# Thangal Kunju Musaliar College of Arts & Science

## COLLEGE MAGAZINE 1997-98



# സമർപ്പണം



എന്റെ ജീവിതമാണ്
എന്റെ സന്ദേശം.................



Founder

*Janab A. Thangal Kunju Musaliar*



## *Chairman, Governing Body*

*Janab S.H. Musaliar*

# Members of the Board of Trustees



T.K. Kamaluddin Musaliar



Haji S.M. Thaha



T.K. Jalaluddin Musaliar



T.K. Abdul Karim Musaliar



T.K. Usman Musaliar



T.K. Jamaluddin Musaliar

Haji P.M. Mohammed



# Our Principal

Prof. K. Muhammad Kunju



കൂട്ടരെ,

കലാശാലയുടെ കർമ്മസോപാനത്തിൽ വലതുകാൽ വച്ചുവന്നവർ നമ്മൾ
മോഹങ്ങൾ സഹയാത്രികരായി; വിവേകികൾക്ക് വിദ്യാസായൂജ്യം നൽകി.
ഐക്യതമറന്നവർ അക്രമത്തിന്റെ പാതയിലും.
"സ്നേഹനീർച്ചോലവറ്റിവരണ്ടുപോയി ക്രോധമണലാരണ്യമേറിടുന്നു"
കായികരംഗം കടലാസുതോണിയായി കോടകാറ്റിലുലഞ്ഞാടുന്നു.
കലയുടെ കോടീരത്തിൽ സമ്പത്ത് കൊരടാവ് കൊണ്ട് പ്രഹരിക്കുന്നു.
അഷ്ടിക്കരിയില്ലാത്തരാജ്യം ആണവപന്തയത്തിൽ
ആറാം സ്ഥാനത്തേക്ക് കുതിക്കുന്നു.
വിത്തവിഹിതം നേടി വിദ്യ രണ്ടുതട്ടിൽ വില്ക്കുന്നു.
ഉച്ചക്കഞ്ഞിക്കിരക്കുന്ന ദാരിദ്ര്യക്കോലങ്ങൾ പരീക്ഷണവസ്തുവാകുന്നു.
അറിവാഴത്തിലറിഞ്ഞവർ - ബുദ്ധിജീവികൾ വാനോളം പുകഴ്ത്തുന്നു
"ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം."
വ്യഷ്ടിയും സമഷ്ടിയും മൗനവല്മീകത്തിൽ, ഒരുണർത്തുപാട്ട് അനിവാര്യമാണ്.
ഞാൻ സമർപ്പിക്കുന്ന സമഷ്ടിയുടെ താളുകളിൽ, തെറ്റുകളും പോരായ്മകളും
ഏറെയുണ്ടായിരിക്കാം, എങ്കിലും, അപൂർണ്ണതയിൽ - പൂർണ്ണത കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്.
സർഗ്ഗവസന്തം വിരിച്ച വരകളും വർണ്ണങ്ങളും നിങ്ങൾക്ക് സ്വന്തം
സ്മരണിക വൈകിപ്പോയതിൽ ക്ഷമ ചോദിക്കുന്നു.
സമഷ്ടിയുടെ സങ്കീർത്തനത്തിനായി
സഹകരിച്ചവരോടുള്ള കടപ്പാട് നിസീമം
കൂട്ടുകാരെ, വർത്തമാനം നമ്മുടേതാണ്. ജീവിതഗാഥ സമഷ്ടിയും

ഒത്തിരിസ്നേഹത്തോടെ,

നിസാമുദ്ദീൻ ഓലിക്കര
നിങ്ങളുടെ മാഗസിൻ എഡിറ്റർ.



## ആമുഖം

കെട്ടിടത്തിന്റെ തുറന്നിട്ട വാതിലിനു മുന്നിൽ കാവൽക്കാരൻ. പുറത്തു നില്ക്കുന്ന നാടൻ അകത്തു കടക്കുവാൻ അനുമതി ചോദിക്കുന്നു. മറുപടി - ഇപ്പോൾ പറ്റില്ല, പിന്നീടെപ്പോഴെങ്കിലുമാകട്ടെ. നാടൻ കാത്തിരിക്കുന്നു. കയ്യിലുള്ളതൊക്കെ കാവൽക്കാരന് കൈമടക്കുകൊടുക്കുന്നു, ഒരു ഫലവുമില്ലാതെ. കാത്തുകാത്തിരുന്നു മരിക്കാറാവുമ്പോൾ നാടൻ ചോദിക്കുന്നു. കാവൽക്കാരാ, എല്ലാവരും ഉള്ളിൽകടക്കാൻ ശ്രമിക്കുന്നവരല്ലെ ? പക്ഷെ ഇക്കണ്ടകാലത്തിനിടയ്ക്ക് ഞാനല്ലാതാരും പ്രവേശനം തേടിവന്നിട്ടില്ലല്ലോ! കാവൽക്കാരൻ മറുവടി പറയുന്നു; നിനക്കല്ലാതെ മറ്റാർക്കും ഈ വാതിലിലൂടെ അകത്തു കടക്കാൻ പറ്റില്ല. കാരണം, ഈ വാതിൽ നിനക്കുവേണ്ടിയുള്ളതായിരുന്നു. ഇനി ഞാനിതടയ്ക്കുകയാണ്.

കാഫ്കയുടെ ഈ കഥ നമ്മുടെ വിദ്യാഭ്യാസത്തിനും ബാധകമല്ലേ എന്നൊരു സംശയം. അസ്ഥാനത്താകില്ലെന്നു തോന്നുന്നു. ആത്മസംയമനം നഷ്ടപ്പെടാതെ, മതാന്ധരുടെ അസഹിഷ്ണുതയെ സ്വന്തമാക്കാതെ സംഭവങ്ങളെയും സിദ്ധാന്തങ്ങളെയും കാണാനും, മനസ്സിലാക്കാനും കെല്പുള്ള ഒരു തലമുറയെ കാലഘട്ടത്തിനാവശ്യമായി വന്നിരിക്കുന്നു. സാമൂഹ്യനീതികൾ, മതവിദ്വേഷവൈരഭാവങ്ങൾ, ദാരിദ്ര്യം, രോഗം, തൊഴിലില്ലായ്മ, സാമ്പത്തികവും രാഷ്ട്രീയവുമായ അസ്വസ്ഥതകൾ, ഇതിൽ നിന്നൊക്കെയുള്ള മോചനത്തിനായി ഒന്നിച്ചണിചേർന്നുനില്ക്കേണ്ട സമയമായി. വരിക സോദരേ! നമുക്കിതിനായി ഒന്നു ശ്രമിച്ചുനോക്കാം !

സസ്നേഹം

ജമാൽ മുഹമ്മദ്. എ.
സ്റ്റാഫ് എഡിറ്റർ

# *Editorial Board*



*Chief Editor*
Prof. K. Muhammad Kunju



*Staff Editor*
Jamal Mohammad. A



*Student Editor*
Nizamudeen Olikkara



*Staff Advisor*
Abdul Majeed

| | | |
|---|---|---|
| *Mrs. Ambili Kumari* | : | *Dept. of Malayalam* |
| *Mr. S.Rajagopalan* | : | *Dept. of English* |
| *Mrs. S. Sathiamma* | : | *Dept. of Hindi* |
| *Mr. Badarudeen* | : | *Dept. of Arabic* |

# Sub Editors



Mohammad Safeer M.A.



Abdul Jaleel



Anil Raj



Anzari

# Co-ordinators



Boban Thomas



Abhilash



Bright. A. Vahab



Sanuja

## ഉള്ളടക്കം

സമഷ്ടി - 98


Annual Report ........ 27
വിദ്യാർത്ഥികളും കടമകളും - പി. കെ. മുഹമ്മദ് സുലൈം........ 31
ഒരു പൈങ്കിളികഥ - ഫൈസൽ നാസിം........35
സാന്ത്വനം തേടി - സലീന കബീർ........39
നരിയായി മാറുന്ന നാരി - സൈരാബാൻ........ 41
യുഗപ്രഭാവനായ ഇ. എം. എസ്സ് -മുഹമ്മദ് ഫൈസൽ........43
വെളിപാട് -അബ്ദുൽ സലാം........46
നമുക്ക്ചുറ്റും -സഫറുള്ള........ 47
നീ വരില്ലേ -രജ്ഞു. എം. ജെ........48
മുഖം മാറുന്ന കാമ്പസ്സ് -അബ്ദുൽ സലാം........ 49
അനിവാര്യത -അഭിലാഷ്........82
യാദൃശ്ചികം -സറീനബീഗം........ 83
കാമ്പസ്സ് സർവ്വേ -മാഗസ്സിൻ എഡിറ്റർ........ 85
അകാല വാർദ്ധക്യത്തിന്റെ പണിപ്പുരകൾ -സഖറിയ........ 89
മാനസ -സീമാദേവി........ 90
എന്റെ ജന്മദുഃഖം - ........ 91
ഞാൻ -ഷീജാകുമാരി........ 92
ഇനിയെങ്കിലും തിരിച്ചറിയേണ്ട സത്യങ്ങൾ -എ. എസ്. മാത്യൂസ്........ 93
കാമ്പസ് -ശ്യാം കുമാർ........94

Multidimesional of Contribution of
Janab Thangal Kunju Musaliar -Dr. A. Raghu........ 95
Begining of the end - A. Muhammed Faizal........ 97
My Soul -Bajilal........ 100
Viral Hepatitis -Dr. A. Ramadas........101
Strange but true -Shifa........ 106
God Promise, I didn't look at her -Fardeen........ 107
Happy family -Juvaria........109
Friendship -Smitha........110
N.S.S. Report ........111
Magic Two -Nafsal Musaliar........ 117
Human Recipes ........ 120
Friendship ........ 121
What is life -Sajin Rasheed........123

# Union Bearers

CHAIRMAN



Shuhaib.S

VICE CHAIRMAN



*Archana.I*

MAGAZINE EDITOR



*Nizamudeen Olikkara*

GENERAL SECRETARY



*Joby George*

UNIVERSITY UNION COUNCILLORS



*Nerooda. J.S.*



*Shanavas. K.B.*

ARTS CLUB SECRETARY



*Neju. B.*

# സത്യപ്രതിജ്ഞ



ചെയർമാൻ: ഷുഅയിബ്



വൈസ് ചെയർമാൻ: അർച്ചന



മാഗ: എഡിറ്റർ: നിസ്സാമുദ്ദീൻ. ഐ



ജന: സെക്ര: ജോബി ജോർജ്ജ്





യു. യു. സി. : ഷാനവാസ്, നെരൂദ



ആർട്സ് ക്ലബ്ബ് : നെജു

# Representatives

I^st PDC



Shemeer

II^nd PDC



Zachariah

I^st DC



Bichu

II^nd DC



Anzari

III^rd DC



Manu Robert Soloman

I^st PG



Prasad Kumar. P

II^nd PG

Immanual

LADY REPRESENTATIVES



Anupama



Hayarunniza

# Annual Report 1997-98

Presented by principal prof. K Mohammed Kunju

Dear Student Chairman Shuayib. Distinguished guests, respected parents, colleagues, teaching and non-teaching, beloved students, ladies and gentlemen,

It gives me great pleasure to submit a brief report of the various activities undertaken and the achievements attained by our institution this academic year. This is the 35th year of the existence of this great centre of learning founded by the late Janab Thangal Kunju Musaliar, perhaps the most well-known industrialist, philanthropist in the history of the region. May his soul rest in eternal bliss.

*Birth Centenary of the Founder :*
The year 1997-98 is the birth centenary year of the founder, Janab A. Thangal kunju Musaliar. In all the activities connected with the centenary celebration our college was able to play a very significant role. Our staff and students took part with great enthusiasm in making Expo'97 the All India Science and Technology Exhibition conducted in this connection a grand success.

*General Atmosphere :*
There has been an overall improvement in the academic atmosphere of the institution during this year. The year 1997-98 for us has been a very peaceful academic year. I would like to congratulate the members of the staff of the institution both teaching and non-teaching for the enthusiasm. dedication and spirit of co-operation they have displayed.

*Students :*
The total student strength of the institution is 3590 as against 3355 in the previous academic year. The total number of girls is 2034 now as against 1956 last year.

*Courses :*
The college offers instruction for 26 Pre-Degree batches, 8 Degree and 3 Poet-graduate courses in two shifts. Efforts are being taken to start new job oriented degree courses and post-graduate courses.

*Staff :*
More members of the teaching staff of the college have been brought under the U.G.C. Scheme this year. Several teachers are doing M.Phill courses and doctoral programmes in their subjects. The total number of the staff of the college is 200 out of which 116 are teachers.

*U.G.C. Assistance :*
We have applied for UGC assistance to the tune of Rs. 15 lakhs during the Ninth Plan Period and

are hopeful of getting it for the various developmental activities of the college.

N.S.S. :
The strength of the NSS Unit of the College reached a new high with an enrolment of 442 members. Competitions were conducted and prizes were distributed on Independence Day and founder's Day. A health club has been started. The NSS programme officers of the college are Sri. V. Chandran , Sri. A. Hashimudeen and Sri. K.G. Mohanan.

*N.C.C. :*
There are 3 NCC Units in the college for Army, Navy and there is a Girls wing too. All of them functioned excellently well this year. The total number of cadets in all the Units put together is 290. Dr. J. Renuka has completed Pre-Commission training. One girl cadet Anupama was selected for participation in the Basic Leadership Camp in New Delhi. The other NCC officers are Sri. S.M.Noushad and Sri. M. Abdul Munaf.

*Results :*
I am happy to point out that we have recently witnessed a spectacular upswing in the academic standards of the institution. The college was able to secure the First Rank in the University Examination for B.A. Islamic History. The post-graduate students of the college in commerce, Chemistry and Mathematics performed better than those in all the other colleges in District. About 65% of the Students presented by the college for the Pre-Degree Examination were able to clear it.

*P.T.A. :*
The P.T.A. of the college was functioning effectively during the year. 20 students were awarded merit-cum-means scholarship. Proficiency awards were given to five of the best students of the college. Work is going on for the erection of 15 KVA generator and it is expected to be completed soon. Sri. M.Abdul Majeed, Secretary has handed over charge to Sri. A.A.Kareem

*F.S.A. :*
The F.S.A.of the college was very active during this academic year. Cash awards funded by the Association were distributed this year also.

*Insurance :*
University and college level insurance scheme operate in our college in collaboration with the New India Assurance Company. Numerous students have benefited from these schemes. The family of Sri. Sadath, Final Year B.Com student who passed away under tragic circumstances was given a sum of Rs. 25000/- as part of this scheme.

*Physical Education :*
The college was able to gain remarkable achievements in the field of sports and games. Our boys emerged as the Kerala University Winners in Ball Badmintion. We were Individual Winners of gold Medal at the Keralotsavam conducted by the State Government. The winners of the second position in the 400 meters race in the All India Inter-University Athletic Meet held in Amartser. One of our students represented the University in the All India Inter-University chess Tournament held in Rewa. A girl student of the college represented the state in the National Womens

Sports Festival held in Punjab. Three students of the college were members of the Kerala University team which participated in the National Inter University Ball Badmintion Tournament. Let me congratulate our athletes and Smt. Subhadra and Sri. E.Mohammed Basheer of the Dept. of Physical Education for these remarkable achievements.

*Scholarships :*
The following scholarships are available to our students, Bini Memorial Scholarship, Prof. A. Hussain Memorial Scholarship, Prof. S.P.Yusuf Rawther retirement Memorial Scholarship, Prof. P.L.S. Mariam retirement memorial scholarship, Prof. Ancil Francis retirement scholarship, and Prof. Abdul Fathah Memorial Scholarship and all of them were awarded this year also. The last of these is funded by the parent-teachers association of the college. This is in addition to 25 scholarships sponsored by P.T.A. mentioned earlier.

CO-OPERATIVE CONSUMER SOCIETY AND STAFF CO-OPERATIVE CREDIT SOCIETY

Sri. A.Shajahan is the Secretary of the former and Sri. A.Jamal Mohammed of the latter.

*Centre for women's studies :*
Smt. T.S.Latheefa Beevi is in charge of the centre which carries out several welfare activities for the girl students of the college during this academic year.

*Retirements :*
Sri. I.Ameer Ali & Dr. G.Sulekha from among the teaching staff and Sri. M.Badarudeen kutty and Sri. M.Shahul Hameed from among the non-teaching staff bid farewell to the institution this year. I would like to place on record my deep appreciation of their long and devoted service to the institution.

*Demises :*
With a heavy heart I speak of the tragic demise of Sri. Ershad Hussain, Lecturer in Commerce and of Sri. Sadath, Final B.Com student. May their souls rest in peace. The commerce Dept. has decided to institute an endowment scholarship in memory of Sri. A. Ershad Hussain and that the Commerce students have decided to institute an ever rolling shield in memory of Sri. Sadath.

*conclusion :*
There can be no better way to conclude my report than by expressing my hearty gratitude to Janab. S.H. Musaliar, Chairman and the members of the Governing Body of the College and the staff and students of the institution for the whole-hearted co-operation they have extended to me.

Thanking you

Prof. K.Muhammad Kunju
Principal

Date : 20-4-99



# വിദ്യാർത്ഥികളും കടമകളും

പി. കെ. മുഹമ്മദ് സുലൈം, കുളപ്പാടം



ഒരു സമൂഹത്തിന്റെ സാമൂഹ്യമായ എല്ലാ ഘടകങ്ങളിലും വിദ്യാർത്ഥികൾക്ക് അവരുടേതായ പങ്ക് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിന് പര്യാപ്തമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുക എന്നത് ഒരു വിദ്യാർത്ഥിയുടെ ധാർമ്മിക ചുമതലയുമാണ്. സാമൂഹ്യസേവനത്തിന് വിദ്യാർത്ഥികളെ അണിനിരത്തിക്കൊണ്ട് എൻ. എസ്. എസ്. പോലുള്ള സംഘടനകൾ അവലംബിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ പ്രശംസനീയവും, സമൂഹത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് എടുത്ത് കാട്ടുന്നതുമാണ്.



നിർദ്ധനരോടും നിരാലംബരോടും സഹാനുഭൂതിയോടെ വർത്തിക്കുക എന്നത് ഒരു മുഖ്യ ധർമ്മമായി വിദ്യാർത്ഥികൾ കാണുകയാണെങ്കിൽ അവർക്ക് ധാരാളം പ്രവർത്തന മണ്ഠലങ്ങൾ സൃഷ്ടിക്കാൻ കഴിയും. നിരക്ഷരരെ പരിഹസിക്കുകയും, അവരുടെ കുറ്റങ്ങൾ തിരഞ്ഞുപിടിച്ച് അവരെ ഇളിഭ്യരാക്കുകയും ചെയ്യുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന വിദ്യാർത്ഥികളും കുറവല്ല. ഒരു നിരക്ഷരനെ കാണുമ്പോൾ; അവരെ നിരക്ഷരതയിലേക്ക് നയിച്ച ഘടകങ്ങളെ കുറിച്ചും, അടിസ്ഥാനവിദ്യാഭ്യാസം പോലും അവന് എന്ത്കൊണ്ട് നിഷേധിക്കപ്പെട്ടു എന്ന കാര്യങ്ങളിലേക്കായിരിക്കണം പ്രബുദ്ധരായ വിദ്യാർത്ഥിസമൂഹം ചിന്തിക്കേണ്ടത്. യാഥാർത്ഥ്യങ്ങൾ മനസ്സിലാകുമ്പോൾ പരിഹാസത്തിന്റെ സ്ഥാനത്ത് സഹതാപവും അനുകമ്പയുമായിരുക്കും ആ നിരക്ഷര നോടുണ്ടാകുന്നത്. അപ്പോൾ നിരക്ഷരനേയും കൂടി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് വിദ്യാർത്ഥികൾക്ക് സാധിക്കും. സാമ്പത്തിക പരാതീനതയോ, മാർഗ്ഗനിർദ്ദേശം നൽകാനുള്ള രക്ഷകർത്താക്കളുടെ അഭാവമോ, വളരെ ചെറുപ്പത്തിൽ തന്നെ കുടുംബഭാരം ഏറ്റെടുക്കാനുള്ള നിർബന്ധിത സാഹചര്യമോ ആയിരിക്കാം ഒരു വ്യക്തിയെ നിരക്ഷരതയിലേക്ക് നയിച്ചത്. ഇത്പോലുള്ള അടിസ്ഥാനപ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണാൻ വിദ്യാർത്ഥികളും വിദ്യാർത്ഥിപ്രസ്ഥാനങ്ങളും മുന്നോട്ട് വരണം. നാമമാത്രമായ സാക്ഷരത യജ്ഞങ്ങൾ കൊണ്ട് നിരക്ഷരതയെ ഇല്ലാതാക്കാൻ സാധിക്കില്ല. പ്രതിഫലേച്ഛകൂടാതെയുള്ള വിദ്യാർത്ഥികളുടെ നിസ്സീമമായ സേവനം ഈ മേഖലയിൽ ഉണ്ടായാൽ ഫലം കണ്ടെത്താൻ സാധിക്കുമെന്നുള്ള കാര്യം സുനിശ്ചിതമാണ്. മറ്റാരെക്കാളും കൂടുതൽ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് കാഴ്ച വെയ്ക്കാനും സാധിക്കും.

ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള നീനമായ വേർതിരിവ് നമ്മുടെ രാജ്യത്ത് കുറച്ച് കൂടുതലാണ്. വിദ്യാഭ്യാസ ജീവിതത്തിൽ ഈ വേർതിരിവിന്റെ വേദന അനുഭവിക്കുന്ന വിദ്യാർത്ഥികൾ ധാരാളമാണ്. ഈ ഒരു ദുരവസ്ഥക്ക് എതിരെ നിഷ്കളങ്കതയോടുള്ള കൂട്ടായ പ്രവർത്തനങ്ങൾ വിദ്യാർത്ഥിസമൂഹത്തിന്റെ ഭാഗത്ത്നിന്നും ഉണ്ടാകണം. സമ്പന്നതയിൽ ജനിച്ച് വളർന്ന്വന്ന ഒരു വിദ്യാർത്ഥി, തന്റെ സഹപാഠിയായ നിർദ്ദനവിദ്യാർത്ഥിയെ പരിഗണിക്കാതിരിക്കുമ്പോൾ, അവനുമായി ചങ്ങാത്തം കൂടാതിരിക്കുമ്പോൾ ആ നിർദ്ദന വിദ്യാർത്ഥിക്ക് ഏകാന്തതാബോധം ഉണ്ടാകുന്നു. ഇതിൽകൂടി അപകർഷതാബോധവും വിദ്യാഭ്യാസ ജീവിതത്തോട് വിരക്തിയും അനുഭവപ്പെടുന്നു. അങ്ങനെ ആ ഒരു ജീവിതം വിദ്യാ വിഹീനതയിലേക്ക് തള്ളപ്പെടുന്നു. ഇവിടെ ഒരു വിദ്യാർത്ഥി തന്റെ സാമൂഹിക പങ്കാളിത്തം മനസ്സിലാക്കി പ്രവർത്തിക്കുമ്പോൾ പല നിർദ്ദനർക്കും, വിദ്യാവിഹീനർക്കും മാർഗ്ഗനിർദ്ദേശം നൽകാൻ അവന് സാധിക്കും.

തികഞ്ഞ യാഥാസ്ഥിതിക കുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നിഷിദ്ധമാക്കപ്പെടുന്നതോടെ അവരും അവരുടേതായ കുറ്റം കൊണ്ടല്ലാതെ തന്നെ നിരക്ഷരതയിലേക്ക് തള്ളപ്പെടുന്നു. ഇവിടെ ഇത് സംഭവിക്കുന്നത്; പഠിക്കുവാനുള്ള ആഗ്രഹമോ സാമ്പത്തികമോ ഇല്ലാത്തത്കൊണ്ടല്ല, ഭൗതികവിദ്യാഭ്യാസത്തെ കുറിച്ചുള്ള അന്ധമായ ജനപനങ്ങളും ശാസ്ത്രം മതവിരുദ്ധവും ദൈവവിരുദ്ധവും ആണെന്നുള്ള അബദ്ധവിശ്വാസവുമാണ്; ഇത്തരം കുടുംബത്തിലെ കുട്ടികളെ അജ്ഞതാന്ധകാരത്തിലേക്ക് തള്ളിവിടുന്നത്. പ്രബുദ്ധരായ വിദ്യാർത്ഥികളുടെ ബൗതികമായ പ്രവർത്തങ്ങളിലൂടെ ഈദുരവസ്ഥക്കും വ്യതിയാനങ്ങൾ വരുത്താം.

വിദ്യാർത്ഥികളും സമൂഹവും പരസ്പരാനുപൂരകങ്ങളുമാണ്. ഒരു വിദ്യാർത്ഥിയുടെ ജീവിതം കലാലയ ചുവരുകളിൽ ഒരുങ്ങിനിൽക്കാനുള്ളതല്ല. ജനമദ്ധ്യത്തിലേക്കിറങ്ങിച്ചെന്ന് അവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണാൻ ഓരോ വിദ്യാർത്ഥിയും മുന്നിട്ടിറങ്ങണം. സംഘടിതമായ നീക്കങ്ങൾക്ക് സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. എന്നാൽ നിലവിലുള്ള കലായലരാഷ്ട്രീയപ്രസ്ഥാനങ്ങൾ, ഭാവിയുടെ വാഗ്ദാനങ്ങളാകേണ്ട വിദ്യാർത്ഥികളെ ഭാവിയുടെ ചോദ്യചിഹ്നങ്ങളാക്കുകയാണ് ചെയ്യുന്നത്. അമിതമായ രാഷ്ട്രീയ ഭ്രമം പരവിദ്യാർത്ഥികളുടെയും ഭാവി തന്നെ അപകടത്തിലാക്കിയിട്ടുണ്ട്. രാഷ്ട്രീയത്തിലൂടെ രക്തസാക്ഷികളെ സൃഷ്ടിക്കുന്നതിന്റെ സ്ഥാനത്ത് സമൂഹത്തെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് പ്രബുദ്ധരായ വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടത്. വിദ്യാഭ്യാസകച്ചവടം പ്രാഥമിക ക്ലാസ്സുകളിലേക്കുള്ള യോഗ്യതാപരീക്ഷ, അർഹതയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുക, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേ നൂറ് മേനി വിജയികൾ, വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ പടിഞ്ഞാറിനോടുള്ള അമിതമായ ഭ്രമവും, അനുകരണവും തുടങ്ങിയ ആനുകാലിക വിപത്തുകൾക്കും പ്രശ്നങ്ങൾക്കുമെതിരെ വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നും തന്നെ തത്വാധിഷ്ടിതമായ പ്രതിഷേധങ്ങളും ശക്തമായ പ്രതികരണങ്ങളും ഉണ്ടാകണം. ആധുനിക വിദ്യാഭ്യാസരീതികൾ സാധാരണകാരന്റെ മക്കൾക്ക് അപ്രാപ്യമാകുന്നു. ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള സാമൂഹ്യവിപത്ത് ശക്തിയാർജ്ജിക്കുന്നു. വിദ്യാഭ്യാസം ചെലവ് കുറഞ്ഞ ഒരു പദ്ധതിയാക്കാനും ആശാസ്ത്രീയവും അസഹനീയവുമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നിർമ്മാർജ്ജനം ചെയ്യാനും അധികാരിവർഗ്ഗത്തോട് ആവശ്യപ്പെടാൻ വിദ്യാർത്ഥികൾ പ്രാപ്തരാകണം.

സാധാരണക്കാരുടേയും പട്ടിണിപ്പാവങ്ങളുടേയും കൈയിൽനിന്ന് പിരിച്ചെടുക്കുന്ന നികുതിപ്പണത്തിന്റെ അംശങ്ങളാണ് വിദ്യാഭ്യാസാനുകൂല്യങ്ങളായി വിദ്യാർത്ഥികൾ അനുഭവിക്കുന്നത്. അപ്പോൾ വിദ്യാർത്ഥികളുടെ സേവനം സമൂഹത്തിന് അർഹതപ്പെടുന്നത് തന്നെയാണ്. സാമൂഹ്യസേവനത്തിന്റെ പേരിൽ വിദ്യാർത്ഥകളുടെ മുഖ്യധർമ്മമായ പഠനത്തിന് കോട്ടം സംഭവിക്കുകയും അരുത്. സാധ്യമായ രീതിയിൽ സേവനങ്ങൾ അർപ്പിക്കാൻ അവസരങ്ങൾ കണ്ടെത്തുക. അതിനാകട്ടെ വിദ്യാർത്ഥികളുടെ പ്രയത്നവും.

## നബിവചനം

"കാര്യങ്ങൾ മൂന്നിനത്തിൽപെടുന്നു. ഒന്നാമത്തേത് അതിലെ നൻമവ്യക്തമായതാണ്. അത് നിങ്ങൾ പിൻപറ്റുക. രണ്ടാമത്തേക്ക് അതിലെ തിൻമ വ്യക്തമായതാണ്. അത് നിങ്ങൾ വിട്ടകലുക. മൂന്നാമത്തേത് അഭിപ്രായവ്യത്യാസത്തിന് പഴുതുള്ളതാണ്. അത് നിങ്ങൾ മഹോന്നതനും പ്രതാപിയുമായ അല്ലാഹുവിന് വിടുക."

റസീന ബീഗം
(ഒന്നാം വർഷ രസതന്ത്രബിരുദം)



# ഒരു പൈങ്കിളികഥ

ഫൈസൽ നാസിം, IInd B.Com



മദ്ധ്യവേനലിനെ അടിച്ച്തെളിച്ച് ശുദ്ധിചെയ്തു കൊണ്ടെത്തിയ കാലവർഷം. കാലത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ചേക്കേറിയ രണ്ടാം വർഷം അതു കഴിഞ്ഞ് വീണ്കിട്ടിയ ഇടവേള ലാവിഷാകുന്നതിനിടയിൽ പഴയ പല ഉഗ്രന്മാരും ഒളിഞ്ഞും തെളിഞ്ഞും ഓരിയിടാനായി എന്നെയും കൂട്ടാറുണ്ടായിരുന്നു. ചെത്ത് കരയൻമ്മാർക്കിടയിൽ കണ്ണ്പെടാതിരിക്കാനാണോ! താൻ എന്ന സംശയം ബാക്കി.

അയൽപക്കത്തെ വീട്ടിൽ പുതുതായി ലാന്റ് ചെയ്ത കിളി തന്നെശ്രദ്ധികുന്നുണ്ടെന്ന രാവിലത്തെ പത്രംവായനക്കിടയിൽ കണ്ടു. ഉടൻ തന്നെ കണ്ണാടിയുമായി ഒരു വേൾഡ് വാർ നടത്തി. തലയിലൂടെ ടാങ്കുകൾ കയറുന്നത് പോലെ പലചീവുകളും കയറി ഇറങ്ങി. യ്യോ! അപ്പോഴാണ് ഹുസൈന്റെ റിപ്പബ്ലിക്കൻ ഗാർഡ്സുപോലെ പേടിച്ചു നിൽക്കുന്ന മീശയ്ക്ക് കറുപ്പ് പോരാന്ന് കണ്ടത്. ചേച്ചിയുടെ പേഴ്സിലെ സ്കഡുപോലുള്ള ഹൈബ്രോ പെൻസിൽ കാണിച്ച് അവന്മാർക്ക് ധൈര്യം കൊടുത്തു. ഇഷ്ടയെ പ്രീതിപ്പെടുത്താൻ പലവിധ പൂജകളും നടത്തുന്നതിനിടയിലാണ്. നമ്മുടെ ഒരു'എക്സ്' ഗൾഫ് അളിയനെ സോപ്പിട്ടതിൽ കിട്ടിയ പയനിയർ സെറ്റിന്റെ കാര്യം ഓർത്തത് ഉടൻ തന്നെ മൈക്കിൽ ജാക്സന്റെ താണ്ഡവം ഇട്ടങ്ങ് കാച്ചി. പക്ഷെ ഏറ്റില്ല ചിലപ്പോൾ ഓൾക്കിഷ്ടം ലെക്കി അലിയോ മറ്റോ ആയിരിക്കുമോ? ഏതായാലും അതൊന്ന് സംഘടിപ്പിച്ചു. രാത്രിയിൽ ഉറങ്ങാൻ തനിക്കുള്ള സ്ലീപ്പിംഗ് പിൽസാണെന്ന ഭാവത്തിൽ ലെക്കി അലിയെ ഇട്ടൊന്ന് പ്ലെ ചെയ്തു. ടി കക്ഷിയുടെ മുറിയിലെ ലൈറ്റ് കണ്ടപ്പോൾ ഉറങ്ങിയിട്ടില്ലാന്ന് മനസ്സിലായി. ജനൽ കർട്ടനൊക്കെ മാറ്റിയിട്ട് ഒരു മോഡേൺ കുഞ്ചൻ നമ്പ്യാരായി നോക്കി. രാത്രിയിൽ വൈകിയെത്തിയ അപ്പന്റെ നാൽപ്പത്തേഴ് മോഡൽ ലാംബിയുടെ അലർച്ച കേട്ടപ്പോൾ ഞാൻ തെല്ലൊന്നാളി എങ്കിലും നമ്പ്യാരുമായുള്ള സംബർക്കം വിട്ടില്ല. മകന്റെ പുതിയ സുഖക്കേടിനെപ്പറ്റിയുള്ള ശരങ്ങൾ അമ്മച്ചി ആവനാഴിയോടെ അപ്പന്റെ കയ്യിൽകൊടുത്തു. എന്റെപ്പൻ വില്ല്കുലച്ചുന്നറിഞ്ഞപ്പോൾ എല്ലാ ബാധയും ഒഴിച്ച് ബെഡ്ഡിൽ ഒറ്റകിടത്ത!



ജനൽ കർട്ടൻ മാറികിടന്നത് കൊണ്ട് രാവിലെ സൂര്യേട്ടന്റെ ശല്യം സഹിക്കാൻ പറ്റാത്തതിനാലാണ് ഉണർന്നത്. ഇന്നലത്തെ ഫ്ളാഷ്ബാക്ക് തലയിൽ അനത്തുമ്പോൾ ദേ പ്രതി! ടെറസ്സിലിരുന്ന് പഠിക്കുന്നു. ഞാനത് എങ്ങനെ സഹിക്കും ? നമ്മുടെ ടെറസ്സും അനാഥമാകേ ബുൾവർക്കറുമെടുത്ത് ടെറസ്സിലേക്ക് കയറി. പിന്നെ സിൽവർസ്റ്റർ സ്റ്റാലിനെ അങ്ങ് ആവാഹിച്ചു. ശരീരം വേദനിച്ചു തുടങ്ങിയപ്പോൾ ബുൾവർക്കറിനോട് അത്യാർത്തി നിർത്തി. "കരാട്ടേകിഡ്" എന്ന് ഞങ്ങൾ വിളിക്കാറുള്ള 'പയസ്' ഉപദേശിച്ചിട്ടുള്ള ചില ജാക്കി അച്ചായൻ സൂക്തങ്ങൾ ഉച്ചരിച്ച് ഞാൻ ഒരു പാമ്പിനെ പോലെ ചീറ്റി എന്റെ ശീൽഘാരം കേട്ടാണവൾ ക്ലോസ്സപ്പ് പല്ല് വെളിയിൽ കാണിച്ചത്. തിരിച്ച് റിയാക്ഷൻ കാണിച്ചു. എന്റെ പിലാത്തോസ് പുണ്യവാളാ ! ഒരുപാട് കഷ്ടപ്പെട്ടു ഒന്നിനെ ഒപ്പിച്ചെടുക്കാൻ.

എല്ലാ ഞായറാഴ്ചയിലും ദൂർദർശനിലുള്ള 'ഹിയറിംഗ് ഇംപീരിയസ് പ്രോഗ്രാം പോലെ ആയിരുന്നു. എന്റെ അനന്ത വിശാലമായ മനസ്സിന്റെ അഗാധ ഗർത്തത്തിലെ ഒരൊഴിഞ്ഞ കോർണറിലെ പ്രേമം അവതരിപ്പിച്ചിരുന്നത്. ഇടയ്ക്ക് പരിപാടിയിൽ 'പാല' ആയിവന്ന തീറ്റയും മാർക്കറ്റിൽ പോകുമെല്ലാം. ടി. വി. പരിപാടി വലിയ സുഖം പോരാന്ന് തോന്നിയപ്പോൾ എം. സീൽ പോലെ എന്റെ മനസ്സിൽ ഒട്ടിയ അവളുടെ അപാരഫിഗറിനെ വർണ്ണിച്ച്

ഒരു ഉപന്യാസമങ്ങ് തട്ടി. തെക്കതിലെ പോക്കറിക്കായുടെ മകൻ ഹംസ ആയിരുന്നു എന്റെ റിയൽ ഹംസം.

ഞായറാഴ്ച അപ്പനും അമ്മച്ചിയും പള്ളിയിൽ പോയ 'സീറോ' അവർ കഴിഞ്ഞാണ് ഞാൻ ആദ്യമായി എന്റെ പേരെങ്ങാനും ചോദിച്ചാലോ എന്ന് കരുതി "തോമാച്ചൻ" എന്നുള്ളത് ഒരു സ്റ്റൈൽ ആകട്ടെന്ന് കരുതി. ലെസ്ലി ലൂയിസാക്കിമാറ്റി. പക്ഷെ അവൾ ചോദിച്ചില്ല. ഇതിനിടയിലാണ് യമഹാ കിസീനെയും കൊണ്ട് ഇരച്ചുവന്നത്. വന്നപാടെ അവളോട് ഇടിച്ചുകയറി അങ്ങ് പരിചയപ്പെട്ടു. അത് അവന്റെയൊരു വീക്ക്നെസ്സാ. ഉണ്ടയിടാൻ ഇത്രയും ഡിഗ്രിയുള്ളവൻ ഈ ദുനിയാവിൽ കാണില്ല. അയലത്തെ അവളും വിട്ടില്ല അവളുടെ കൈയ്യിലും ഉണ്ടായിരുന്നു ഒരു എ. കെ. 47. ഇതെല്ലാം കേട്ട് ഞാൻ ചില വീക്കിലിയ്ക്ക് പോസ്റ്റ് ചെയ്യുന്നത് പോലെ നിന്നു. രണ്ട്പേരും വെടിനിർത്തൽ കരാർ ഒപ്പ് വെച്ച് പോയപ്പോഴാണ് ഞാൻ തിരികെ പോന്നത്.

ദിവസങ്ങൾ ഓരോ റ്റി. വി. സീരിയലുകൾ പോലെ കടന്നുപോയി ഒരിക്കൽ ഗേറ്റിന് മുമ്പിൽ വെച്ച് അവൾ അപ്പനുമായി സംസാരിക്കുന്നത് ഞാൻ കണ്ടു. അമ്മായിഅപ്പനെ മണിയടിക്കുകയാവും എന്നാ ആദ്യം കരുതിയത്. അപ്പന്റെ ആ ഹോബി എനിക്ക് 'പാര' ആകുമെന്ന് വിചാരിച്ചതേയില്ല. അപ്പന്റെ ഹെയർഡൈഒക്കെ വാങ്ങി കാര്യത്തിന്റെ കിടപ്പിനെപ്പറ്റി പറഞ്ഞത്. ഇതൊന്നും കേട്ടിട്ട് അമ്മച്ചിക്ക് ഒരു കുലുക്കവുമില്ല. ആര്യപുത്രിയുടെ സർട്ടിഫിക്കേറ്റ് കിട്ടിയപ്പോഴേക്കും അപ്പൻ ആളങ്ങ്മാറി. പഴയ ആ ജൻഗ്ഗ് വണ്ടികൊടുത്തിട്ട്. പുതിയ വെസ്പ വാങ്ങി. ഏതായാലും അതിലവളോട് താങ്ക്സ് പറയണം.

ഒരു സ്ഥലത്ത് പോകാൻ നോക്കുമ്പോൾ ഷർട്ട് കാണില്ല. എല്ലാം അപ്പനിട്ട് നാറ്റും. ഇങ്ങനെ പല പെറ്റീഷനുകളും കീഴ്കോടതിയിൽ അവതരിപ്പിച്ചെങ്കിലും സായിപ്പിനെ കണ്ടപ്പോൾ കവാത്ത് മറന്നതുപോലെയാണമ്മച്ചി. ഇത്തരം പല പരീക്ഷണങ്ങളും വിധേയനായി കഴിയുമ്പോഴാണ് കിഡിന്റെ പുതിയ ഐഡിയയുമായുള്ള രംഗപ്രവേശം. ദിവസവും അപ്പനെ സ്ത്രീ ശബ്ദത്തിൽ ഫോൺ ചെയ്യുക. അപ്പന്റെ സൊള്ളൽ നീണ്ടപ്പോൾ കൂടുതൽ പൈസ കിസിനെ ഏൽപ്പിക്കേണ്ടിവന്നെങ്കിലും ഫലമുണ്ടായി. അപ്പന്റെ ഫോൺ ലിങ്ക് അമ്മച്ചിക്ക് ഏറ്റു. അങ്ങനെ വീട്ടിൽ ആദ്യമായി ആഭ്യന്തരയുദ്ധത്തിന് തുടക്കമിട്ടു. ടെലിഫോൺ എക്സ്ചേഞ്ചിൽ ജോലിയുള്ള അമ്മാച്ചനെ കൊണ്ട് അമ്മച്ചി വീട്ടിൽ എക്സ്റ്റൻഷൻ വച്ചു അതോടെ അപ്പന്റെ 30+ കഴിച്ചുകൊണ്ടുള്ള ജിതേന്ദ്ര കളിനിന്നു.

എല്ലാം കലങ്ങി തെളിഞ്ഞെന്ന് കരുതിയതാണ്. പക്ഷെ തെറ്റി. ഇതാ രണ്ടാമതൊരു പാര. സാക്ഷാൽ കരാട്ടെ കിഡ് തന്നെ. എന്റെപ്പനെ ക്ലീൻ ബൗൾഡാക്കിയിട്ടുള്ള അവന്റെ ബൗളിംഗിന്റെ ഉദ്ദേശം അപ്പോഴാണ് എനിക്ക് മനസ്സിലായത്. അവന്റെ അടുത്ത വിക്കറ്റ് ഞാനായിരുന്നു. അവനുമായി ഉടക്കായി. അത് വെറുതെയായി കാരണം അവൾ എനിക്ക് തന്നിട്ടുള്ള കത്തുകളുടെ പകർപ്പ് കിഡിന്റെ കൈയ്യിലും. അത് കണ്ടപ്പോൾ ഞാൻ ട്രാൻസ്പോർട്ട് ബസ്സ് ആടുന്നതുപോലായി. എങ്കിലും മന്ത്രിമാർ പറയുന്നത്പോലെ ആത്മാസംയമനം പാലിച്ചു. അവന്റെ കിളിയും പറന്നിരുന്നുത്രേ! എല്ലാം ഒരു സിനിമപോലെ. ആ ഭീകരകഥ പറയുന്നതിന് തൊട്ട്മുമ്പ് വരെ തന്റേതെന്ന് വിചാരിച്ചത് 'ത' ആയല്ലോ! എന്ന സങ്കടം മാത്രം.

എനിക്ക് കിട്ടാത്ത മുന്തിരി അവനെങ്കിലും മധുരിക്കട്ടെ എന്നു കരുതി ആ മഹാത്യാഗം ചെയ്തു. മറ്റ് കൂട്ടുകാരുമായി ബീച്ചിൽ നീണ്ടവാചകമടിച്ച് ചെയിനായിട്ട് പോകുന്നോഴാണ് മഴ തുടങ്ങിയത്. ഒരു പക്ഷെ കാലാവസ്ഥ നീരിക്ഷകർ അന്ന് മഴപെയ്യില്ലാന്ന് പറഞ്ഞതുകൊണ്ടാവണം. ഞങ്ങളെല്ലാം ബീച്ച് റിസോർട്ട് ഹോട്ടലിലേക്ക് അഭയം തേടി. മഴ കനത്ത് എല്ലാവരുടെയും ചുണ്ടിൽ നിന്ന് അടുത്തിടെ കണ്ട സിനിമകളിലെ ജഗദീഷിന്റെയും ജഗതിയുടെയും അവതാരകരാകുന്നു. അതെല്ലാം കേട്ട് ചിരിച്ച്കൊണ്ട് നിൽക്കുമ്പോൾ നമ്മുടെ കഥാനായിക മറ്റൊരുത്തനുമായി ഹോട്ടലിന്റെ ഒരു മൂലയിലിരുന്ന് ഐസ്ക്രീം തട്ടുന്നു. അവറ്റകളുടെ ചിരി കണ്ടാൽ കോരി കഴിക്കുന്നത് ലാഫിംഗ് ഗ്യാസാണെന്ന് തോന്നും. ഇതൊന്നും അറിയാതെ നിന്ന എന്റെ കൂട്ടുകാരൻ നീറോയ്ക്ക് ആ മനോഹരമായ രംഗം കാണിച്ചുകൊടുത്തപ്പോൾ അവനറിയാതെ ഐസായിപ്പോയി. രണ്ടു വിക്കറ്റും ക്ലീൻ ബൗൾഡാക്കി. ഇതിൽ ഹാട്രിക്ക് കിട്ടിയ "കിളി" ഞങ്ങൾക്ക് ഇപ്പോൾ 'കാളി' ആണെന്ന് മാത്രം

---

അവൻ ഒരു കുഴി കുഴിച്ചുണ്ടാക്കി കുഴിച്ച കുഴിയിൽ താൻ തന്നേ വീണു
അവന്റെ വേണ്ടാതിനം അവന്റെ തലയിലേക്ക് തിരിയും.
അവന്റെ ബലാൽക്കാരം അവന്റെ നെറുകയിൽതന്നെ വീഴും

...............ബൈബിൾ...............

# സാന്ത്വനം തേടി



സലീന കബീർ I[st] DC Zoology



ആരോ കുലച്ച വിഷബാണമേറ്റെന്റെ
മൃദുലമാം പൂങ്കരൾ മുറിഞ്ഞു
ചെന്നിണമൊഴികിപ്പരക്കവേ
നനവുള്ളൊരാശ്വാസം തേടി

തെരഞ്ഞയില്ലെൻ മാനസം, ആ
വില്ലിന്റെയുടമയാം പോരാളിയെ,
തേടിയതെപ്പോഴിമെൻ മനം
ഒരു മൃദുസാന്ത്വന ഗീതം

വന്നില്ലയാരുമെന്നെ തഴികിടാൻ
വന്നില്ലിളം കാറ്റു പോലും;
വന്നില്ല കിളികളും ശലഭങ്ങളും
വന്നില്ല മഴയായ് കരിമേഘവും

എരിയുന്ന സൂര്യനും, പൂക്കളും
എന്നിലെ വേദന കണ്ടതില്ല
എല്ലാം സഹിക്കുന്ന ഭുമിയുമീവട്ടം
എന്റെ വിലാപം ശ്രവിച്ചതില്ല.

കണ്ണീരുറഞ്ഞൊരെൻ മിഴികൾ
സ്നേഹപൂർണ്ണമായൊരു രൂപത്തെത്തേടി
ശോകം കുതിർന്നൊരെൻ കവിളുകൾ
ഒരു കരസ്പർശത്തിനായ് കൊതിച്ചു.

നേരം പൊഴിയവേ എന്നെയും തേടി
വന്നില്ലൊരി രാഗ കിന്നരനും
ഇരുളുമീ വഴിത്താരയിലിപ്പോഴും
ഞാനുമെൻ കിനാക്കളും മാത്രം



# നരിയായിമാറുന്ന നാരി



ഷൈറാബാൻ IInd $C_1$



'സ്ത്രീ' എന്ന ശബ്ദം വളരെ നിഗൂഢമായ ഒന്നാണ്. അവളുടെ ഗുണങ്ങളെ പ്പറ്റി ആർക്കാണ് പൂർണ്ണമായി പറയുവാൻ കഴിയുക.

ഈ സംസാരസാഗരത്തിൽ അവളുടെ വ്യക്തിത്വം പ്രശംസനീയമാണ്. സ്ത്രീ സൃഷ്ടിയുടെ പ്രത്യക്ഷപ്രതീകമാണ്. സൃഷ്ടി മാത്രമല്ല; സ്ഥിതിയും പരിപാലനവുമെല്ലാം അവളുടെ ഔദാര്യമാണ്. സ്ത്രീയില്ലെങ്കിൽ സൃഷ്ടിയില്ല, ഐശ്വര്യവുമില്ല. പുരുഷന്റെ പൂർണ്ണത സ്ത്രീയിലാണ്. സ്ത്രീയുടെ വിവിധ ഭാവങ്ങളിൽ ഏറ്റവും മഹത്തരമായത് മാതൃഭാവമാണ്. ഏതൊരു വ്യക്തിയുടെയും ആദ്യഗുരു അമ്മയാണ്. അമ്മയിൽ നിന്നുമാണ് കുഞ്ഞ് ആദ്യവാക്ക് പഠിക്കുന്നത്, അവൻ ആദ്യചുവട് വയ്ക്കുവാൻ പഠിക്കുന്നതും അമ്മയിൽ നിന്ന് തന്നെ. അമ്മയുടെ ശ്രേഷ്ഠതപുരാതനകാലം മുതലേ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

ഒരു കൈക്കുഞ്ഞിനെ പക്വതയുള്ള ഒരു വ്യക്തിയാക്കി മാറ്റുന്നത് അമ്മയാണ്. അതിനാൽ അവൾക്ക് അതിനുശേഷം സന്തോഷവും സമാധാനവും നൽകേണ്ടത് അവന്റെ കടമയാണ്. തനിക്ക് നൽകിയിരിക്കുന്ന ജോലി കൃത്യമായും ആത്മാർത്ഥതയോടുകൂടിയും നിർവഹിക്കുന്നത് വഴി ഒരു മകൾക്കോ മകനോ മാതാപിതാക്കളോടുള്ള തങ്ങളുടെ കടമനിർവ്വഹിച്ച് അവർക്ക് സന്തോഷവും സമാധാനവും നൽകാം. പക്ഷേ ഭൗതിക സുഖങ്ങളിൽ ലയിച്ച് ഇന്നത്തെ ജനത തങ്ങളുടെ ഈ കടമ മറന്നു പോകുന്നു എന്നതാണ് സത്യം.

ഇന്ന് നമ്മുടെ സമൂഹത്തിൽ സ്ത്രീയ്ക്കുള്ള സ്ഥാനം എന്താണ്? ഇന്ന് അവൾ തികച്ചും അബലയായിത്തീർന്നിരിക്കുന്നു. വീടിന് വിളക്കായിരിക്കേണ്ട അവൾ ഇന്ന് നാടിനും വീടിനും ശാപമായിത്തീരുന്നു. ദുഃഖങ്ങൾ സഹിക്കുവാനും പീഠനങ്ങൾ സഹിക്കുവാനുമുള്ള ഒരു മരപ്പാവയായി സമൂഹം ഇന്നവളെ കാണുന്നു. ആധുനികയുഗത്തിൽ സ്ത്രീപുരുഷ സമത്വം അനുവദിച്ചിട്ടുണ്ട്. പക്ഷേ അത് കേവലം ഒരു മരീചികയായി നിലകൊള്ളുന്നു.

ജനിക്കുന്നത് പെൺകുഞ്ഞാണെങ്കിൽ സമൂഹത്തിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നുമുള്ള പരിഹാസം, പെൺകുഞ്ഞാണെങ്കിൽ ഉപേക്ഷിക്കുകയോ കൊല്ലുകയോ ചെയ്യുക, ശൈശവഘട്ടത്തിൽ അവരുടെ വിവാഹം നടത്തുക, കന്യകകളെ വൃദ്ധന്മാർക്ക് കെട്ടിച്ചു കൊടുക്കുക, ഭർത്താവ് മരിച്ചാൽ തലമൊട്ടയടിച്ച് 'വിധവ' എന്ന പേരിൽ അവഗണിക്കുക, ഭർത്താവിന്റെ ചിതയിൽ ചാടി ആത്മഹത്യ ചെയ്യുവാൻ നിർബന്ധിക്കുക, പുനർവിവാഹം നിഷേധിക്കുക തുടങ്ങി എത്രയെത്ര മുൾച്ചരടുകളാണ് ഇന്ന് അവളെ വരിഞ്ഞുകെട്ടിയിരിക്കുന്നത്; അതിൽക്കിടന്ന് ശ്വാസം മുട്ടി മരിക്കുവാനേ അവൾക്ക് കഴിയുന്നുള്ളു.

സമൂഹത്തിൽ സ്തീകൾക്കെതിരെ നടക്കുന്ന അനാചാരങ്ങളോട് അവൾ പ്രതികരിക്കുന്നില്ല, പ്രതികരിക്കുവാൻ അവൾക്ക് സാധിക്കുന്നില്ല, അതിനുകാരണം അവൾ തന്നെയാണ്. ക്ഷമയും, ദയയും, സ്നേഹം, നൽകുവാനുള്ള കഴിവുമെല്ലാം ഈശ്വരൻ സ്ത്രീയ്ക്ക് കനിഞ്ഞനുഗ്രഹിച്ച് നൽകിയിട്ടുണ്ട്. വഴി തെറ്റിയ ഒരു മനസ്സിനെ തന്റെ വിശിഷ്ടമായ കഴിവുകളുപയോഗിച്ച് നേർമാർഗ്ഗത്തിൽ കൊണ്ട് വരുവാൻ അവളെ കൊണ്ട് സാധിക്കും; പക്ഷേ ഇന്നത്തെ തലമുറയിലെ നാരിമാർ തങ്ങളുടെ മാഹാത്മ്യത്തെപ്പറ്റി മനസ്സിലാക്കുന്നില്ല. അവരുടെ ചിന്താഹീനമായ പ്രവൃത്തികൾകാരണം അവർ മാത്രമല്ല, മറിച്ച് സമൂഹം തന്നെ തിന്മ യിലേക്ക് ആണ്ടുപോകുന്നു.

ക്ഷമ സ്ത്രീയുടെ വിജയവും പരിശുദ്ധി അവളുടെ ശക്തിയുമാണ്. ഇത് മനസ്സിലാക്കി സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി അവൾ പ്രവർത്തിക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യാവശ്യമാണ്. ഭാരതസ്തീകളുടെ ഭാവശുദ്ധിയെപ്പറ്റി വാഴ്ത്തിപ്പാടിയ മഹാന്മാരുടെ അഭിപ്രായങ്ങൾ നാം നിലനിർത്തണം.

സ്ത്രീകൾക്ക് മഹത്തായ സ്ഥാനം നൽകുന്ന ഒരു സംസ്കാരമാണ് നമുക്കുള്ളത്. ആ സംസ്കാരത്തെ ഇന്നും എന്നും ഈടുറ്റതായി നിലനിർത്തുവാൻ ഭാരതസ്ത്രീകൾക്ക് മാത്രമേ കഴിയുകയുള്ളു. അല്പം ത്യാഗവും ദയവും ക്ഷമയുമൊക്കെ ഉപയോഗിച്ച് മാതൃരാജ്യത്തെ സമൃദ്ധിയിലേക്കും ഐശ്വര്യത്തിലേക്കും നയിക്കേണ്ടത് ഓരോ ഭാരതീയനാരിയുടേയും കടമയാണ്.

# യുഗപ്രഭാവനായ ഇ.എം.എസ്സ്.

മുഹമ്മദ് ഫൈസൽ IInd BA (Eng.)

"അഭിവന്ദ്യ സഖാവേ, തുച്ഛമായതർക്കങ്ങൾ കേരളം മറക്കും. പക്ഷേ അങ്ങില്ലായിരുന്നെങ്കിൽ ഞങ്ങൾ ഇന്നത്തേക്കാൾ എത്രയോ ചെറിയ മനുഷ്യരായിരുന്നിരിക്കും. ലാൽ സലാം!" ഇ. എം. എസ്സിനെപ്പറ്റി മലയാളത്തിന്റെ ഇതിഹാസകാരൻ ഒ. വി. വിജയനെഴുതിയതാണീ വരികൾ ഇപ്പോൾ നാം ചെറിയ മനുഷ്യരായിരിക്കുന്നു. അഭിശപ്തമായൊരു മീനമാസത്തിൽ പാവങ്ങളുടെ ആ സൂര്യൻ ഇരുൾപരത്തിക്കൊണ്ടസ്തമിച്ചിരിക്കുന്നു. ഇ. എം. എസ്സ് ഇല്ലാത്ത കേരളം, അത് യാഥാർത്ഥ്യമായിരിക്കുന്നു. ആണവപൊടി പടലങ്ങൾ അന്തരീക്ഷത്തിലേക്ക് ഉയർന്നുപൊങ്ങുമ്പോൾ, 'ഹിഡൺ അജണ്ട'കളൊന്നൊന്നായി പുറത്തുവരുമ്പോൾ 'മാനിഷാദ' പറയാൻ ആദ്യം ഉയരേണ്ടുന്ന ആ ശബ്ദം നിലച്ചിരിക്കുന്നു. കേരളത്തിന്റെ ബൗദ്ധികജീവിതത്തിൽ വലിയൊരുവിടവ് സംഭവിച്ചിരിക്കുന്നു.



എന്തായിരുന്നു ഇ. എം. എസ്സിനെ മറ്റുനേതാക്കളിൽ നിന്നും വ്യത്യസ്തനാക്കിയത്? ജനലക്ഷങ്ങളുടെ ആരാധ്യനായ ഇ. എം. എസ്സ് ആക്കിയത് ? അദ്ദേഹം ആകാരസൗഷ്ഠനായിരുന്നില്ലല്ലോ. വാക്കുകളെടുത്ത് മായാജാലം തീർക്കുന്ന മാന്ത്രികപ്രാസംഗികനോ ഉഗ്രപ്രതാപശാലിയായ ഭരണാധിപനോ ഒന്നുമായിരുന്നില്ല. പിന്നയോ കാലിനും നാവിനും വിക്കുള്ള കറത്തുകുറുകിയ, വേഷത്തിലൊരൊറ്റ മുണ്ടും അരക്കയ്യൻഷർട്ടുമിട്ട സാധാരണക്കാരിൽ വെറുമൊരു സാധാരണക്കാരൻ. ഇ. എം. എസ്സിനെ മഹാനാക്കിയത് പിന്നെന്തായിരുന്നു?

"സഹോദരീസഹോദരന്മാരെ" എന്നുവിക്കിവിക്കിത്തുടങ്ങുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനവർഗ്ഗത്തിന്റെ ശബ്ദമായിരുന്നു. അവർ കേൾക്കാൻ കൊതിച്ചതായിരുന്നു അദ്ദേഹം പറഞ്ഞത്. അവരുടെ വികാരവിചാരങ്ങളായിരുന്നു ആ തൂലികത്തുമ്പിൽ നിന്നുമിറ്റിറ്റുവീണത്. അദ്ദേഹം തന്റെ ക്ഷീണിക്കാത്ത മനീഷിയും മഷിയുണങ്ങീടാത്ത പൊൻപേനയും കൊണ്ട് നടത്തിയ ആശയസമരങ്ങൾ അവർക്കുവേണ്ടിയായിരുന്നു. അവരുടെ ശരിയായിരുന്നു അദ്ദേഹത്തിന്റേയും ശരി. രാഷ്ട്രീയമായാലും സാമൂഹികമായാലും സാഹിത്യമായാലും എവിടെയും അവരുടെ താത്പര്യങ്ങൾക്കുവേണ്ടിയായിരുന്നു അദ്ദേഹം നിലകൊണ്ടത്. ഈ അഗാധമായ മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ കർമ്മോത്സുകതയായിരുന്നു ഗാന്ധിജിയേയും നെഹ്റുവിനേയും പോലെ ഇ.എം. എസ്സിനേയും ജനഹൃദയങ്ങൾക്കാരാധ്യനാക്കിയത്. ഈ അഗാധമായ മനുഷ്യസ്നേഹം നല്കിയ ആർജ്ജവ മായിരുന്നു അദ്ദേഹത്തിന്റെ കരുത്ത്. ഈ കരുത്താണ് എതിരാളികളുടെ ഓരോ വാദമുഖത്തേയും തൽക്ഷണം തച്ചുതകർക്കാനും പലപ്പോഴും ഒഴുക്കിനെതിരെ ധൈര്യപൂർവ്വം നീന്താനും അദ്ദേഹത്തെ പര്യാപ്തനാക്കിയത്.

ഇ. എം. എസ്സ് ആരായിരുന്നു. ചിലർപറയുംപോലെ പുസ്തകത്താളുകളിൽ നിന്ന് സിദ്ധാന്തങ്ങളുടെ സത്തൂറ്റി ജനകീയ ഭാഷ്യം ചമച്ച വരട്ടുതത്ത്വവാദിയോ? ഇ. എം. എസ്സിന്റെ ജീവിതകഥ മനസ്സിലാക്കുമ്പോഴറിയാം അദ്ദേഹം സമരമുഖങ്ങളിൽ പടർത്തിയ തീജ്ജ്വാലകളെത്ര തീക്ഷ്ണമായിരുന്നെന്ന്. കുടുമയും പൂണൂലുംമുറിച്ചുകൊണ്ട്, ദൈവങ്ങളുടെയും പിശാചുക്കളുടെയുമിടയിൽക്കിടന്ന് ജീർണ്ണിച്ച നമ്പൂരിയെ മനുഷ്യനാക്കാൻ നടത്തിയ

തീവ്രയത്നങ്ങൾ വിധവാ പുനർവിവാഹത്തിനായി, ശൈശവവിവാഹത്തിനെതിരായി നടന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ കേരളത്തിലെ ജന്മിവാഴ്ച അവസാനിപ്പിച്ചു കൊണ്ട് സമഗ്രഭൂപരിഷ്കരണത്തിന് തുടക്കമിട്ടതും വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരങ്ങളായ മാറ്റങ്ങൾക്ക് വഴിവെച്ചതുമായ മന്ത്രിസഭയുടെ അമരക്കാരനായി. യാഥാസ്ഥിതിക സാഹിത്യവീക്ഷണങ്ങളെ വെല്ലുവിളിച്ചു കൊണ്ട് സാഹിത്യത്തിന് ജനകീയമുഖം നല്കാനായി പുരോഗമനസാഹിത്യപ്രസ്ഥാനത്തിന് രൂപം നല്കിയത്. അങ്ങനെയെത്രയെത്ര രംഗങ്ങളിൽ. ചുരുക്കത്തിൽ മലയാളിയുടെ ജീവിതത്തിൽ ഇത്രയധികം മാറ്റങ്ങൾക്ക് ചുക്കാൻപിടിച്ച ഒരുമഹാപുരുഷൻ ആധുനിക കേരളത്തിലില്ല. ഒരപവാദം ശ്രീനാരായണഗുരു മാത്രം. ഒരു അർത്ഥത്തിൽ ഗുരുവിന്റെ ദൗത്യം തന്നെയായിരുന്നു ഇ. എം. എസ്സിനും നിർവഹിക്കാനുണ്ടായിരുന്നത്. പാവങ്ങളുടെ കണ്ണീരൊപ്പുക എന്നത്.

ഇ. എം. എസ്സിന്റെ പ്രതിഭയുടെ ഏറ്റവും വലിയ പ്രത്യേകത എന്തായിരുന്നു? സിദ്ധാന്തവും പ്രയോജനവും സമന്വയിപ്പിക്കാനുള്ള അദ്ഭുതകരമായ കഴിവായിരുന്നു അത്. മാർക്സിസ്റ്റല്ലാത്തവരെപ്പോലും ആകർഷിച്ചതതായിരുന്നു. ഒരേ സമയത്ത് താത്ത്വികാചാര്യനും പ്രായോഗികരംഗത്ത് കർമ്മഭടനുമായിരുന്നദ്ദേഹം. സാധാരണക്കാരന് അപ്രാപ്യമായ സൈദ്ധാന്തിക മേഖലകളുടെ ആകാശവീഥികളിലും പ്രായോഗികരാഷ്ട്രീയത്തിന്റെ വെറും പൂഴി മണ്ണിലും ഒരുപോലെ വ്യാപരിക്കാൻകഴിഞ്ഞ അതുല്യസിദ്ധിയായിരുന്നുവത്. ഇ.എം. എസ്സ് ഗാന്ധിജിയെ വിമർശിക്കുമ്പോഴും ഗാന്ധിയൻ ലാളിത്യത്തെ ജീവിതമൂല്യമായംഗീകരിച്ചിരുന്നു. അംഗീകരിക്കാനദ്ദേഹത്തിന് കഴിഞ്ഞിരുന്നെന്ന് പറയുന്നതാവും ശരി. ആധുനിക ഗാന്ധിയനായിരുന്നു മാർക്സിസ്റ്റായ ഇ. എം. എസ്സ് ഗാന്ധിജിയുടെ ദരിദ്രനാരായണസേവ തന്നെയായിരുന്നു ഇ.എം. എസ്സിന്റേതും; മാർഗ്ഗവ്യത്യസ്തമായിരുന്നെങ്കിലും മാർക്സിസവും ഇന്ത്യയിലേറ്റവും കൂടുതൽ സ്വാധീനിക്കപ്പെട്ട ഗാന്ധിസവും യോജിക്കേണ്ടത് വർത്തമാനകാലഘട്ടത്തിനെത്രയും ആവശ്യമാണെന്ന് തന്റെ അവസാനകാലത്തദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. വർഗ്ഗീയഫാഷിസത്തിന്റെ അപകടകരമായ വളർച്ചയായിരുന്നിരിക്കാം ഈ നിലപാടെടുക്കാനദ്ദേഹത്തെപ്രേരിപ്പിച്ചത്. ചുരുക്കത്തിൽ സിദ്ധാന്തത്തേയും പ്രയോഗത്തേയും യോജിപ്പിക്കേണ്ടിടത്ത് യോജിപ്പിക്കാനും നിർത്തേണ്ടിടത്ത് നിർത്താനുമദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

വ്യക്തിപരമായ സുഖസൗകര്യങ്ങളുടെ നേർക്ക് മുഖം തിരിച്ചുനിന്ന ഇ.എം. എസ്സിന്റെ അവസാനകാലം വാടകവീട്ടിലായിരുന്നെന്ന് ഓർക്കുമ്പോളാണ്, ആദർശനിഷ്ടയുടെ കാര്യത്തിലദ്ദേഹം അത്യുന്നതനാകുന്നത്. സ്കാമുകളുടെ ഈ പ്രളയകാലത്ത് ഇ. എം. എസ്സിനെപ്പോലുള്ള അപൂർവ്വം തിരുത്തുകളായിരുന്നു നമുക്കാശ്വാസം. കൊല്ലന്തോറും അമ്പതിനായിരം പറനെല്ല് പാട്ടമായിമാത്രം കിട്ടുന്ന ഏലംകുളം മനയ്ക്കൽപ്പിറന്ന നമ്പൂതിരപ്പാട്, മഹാസ്വാധികൾക്കുമാത്രം കഴിയുംവിധം തന്റെ സ്വത്തെല്ലാം താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിന് സമർപ്പിക്കുകയായിരുന്നു. അവസാനകാലംവരെയും തന്റെ പാർട്ടി നല്കിയ ധനസഹായം കൊണ്ടദ്ദേഹം ജീവിച്ചു.

എല്ലാഅർത്ഥത്തിലും ധന്യമായ ജീവിതമായിരുന്നു ഇ.എം. എസ്സിന്റേത്. ഒരുപുരുഷായുസ്സിൽ ചെയ്യാവുന്നതിന്റെ എത്രയോമടങ്ങാണ് എഴുപതു വർഷത്തെ പൊതുജീവിതം കൊണ്ടദ്ദേഹം ചെയ്തു കാണിച്ചത്. യോഗക്ഷേമസഭയിൽ ത്തുടങ്ങിജനകീയസൂത്രണത്തിലെത്തിനില്ക്കുന്ന കാണ്ഡം അദ്ദേഹം വായിച്ചുകൂട്ടിയതിനോ എടുത്ത സ്റ്റഡിക്ലാസ്സുകൾക്കോ കണക്കില്ല. മാർക്സിനും ലെനിനും ശേഷം ഏറ്റവും കൂടുതലെഴുതിയ കമ്മ്യൂണിസ്റ്റ് നേതാവുപോലുമായി. തൃശൂർ സെന്റ്തോമസ് കോളജിൽ നിന്ന് ചരിത്രപഠനമുപേക്ഷിച്ച് ചരിത്രം സൃഷ്ടിക്കാനിറങ്ങിയ ഇ. എം. എസ്സ് എന്ന ത്ര്യക്ഷരി ഇന്ന് ചരിത്രമാണ്. ഇ. എം. എസ്സിന്റെ സമകാലികരായി ജീവിക്കാനായത് നമുക്കുകിട്ടിയൊരു ഭാഗ്യം തന്നെയല്ലേ? ഇതുപോലൊരു മഹാമനുഷ്യസ്നേഹി, ഒരു മഹാപ്രതിഭ ജന്മമെടുക്കാൻ ഇനിയെത്ര യുഗങ്ങൾ കഴിയണം. ഒരുനക്ഷത്രത്തിൽനിന്നും മറ്റൊരു നക്ഷത്രത്തിലേക്കുള്ള ദൂരം അനേകം പ്രകാശവർഷമാണല്ലോ.

---

സന്തോഷത്തോടും താത്പര്യത്തോടും കൂടി ചെയ്യുന്ന ജോലി എപ്പോഴും മൗലികവും അദ്വിതീയവുമായി സൃഷ്ടിയായിരിക്കും

...........ഗോബർട്ടോ സപ്രിസ...........



# വെളിപാട്



മയിൽപീലി അബ്ദുൽ സലാം IInd DC Maths



ദൂരെ,
ഒരു കാതമകലെയൊരു
കിളിക്കൂട്ടിൽ
ഒരു കുഞ്ഞിളം കിളിയായ്
പിറന്നതാണു ഞാൻ
ഒരു പൂങ്കുയിൽ നാദം
ശ്രവിച്ചു ഞാനെൻ
കുഞ്ഞിക്കണ്ണു തുറക്കവേ,
വിസ്മയം പൂണ്ടിങ്ങനെ
കണ്ണുചിമ്മാതെയിരുന്നുപോയ്
അകലെയൊഴുകുന്ന
വെൺമുകിൽ കൂട്ടത്തെ
അരുമയോടെതിരേൽക്കും
പർവ്വതനിരകളെ
തുടിയ്ക്കുന്ന തിരകളാൽ
കുണുങ്ങുന്ന കടലിനെ
തിളയ്ക്കുന്ന വേനലിൽ
ഉരുകുന്ന സൂര്യനെ
കൊറിയ്ക്കുന്ന വിത്തുമായ്
കുറുകുന്ന ശബ്ദമായ്
അതിലലിയുന്ന രാഗമായ്
ഒഴുകുന്ന പുഴപോലെ
തഴുകുന്ന കുളിർപോലെ..
കണ്ടു കണ്ടു ഞാനിരിക്കവേ,
ദൂരെ,
ഒരു കറുത്തരൂപമായ്
കനത്ത മേഘമായ്
കണ്ടതൊക്കെയും
മറഞ്ഞുപോയനേരം
കാലത്തിന്റെ കാലനെ
കാത്തുനിൽക്കാതെ
കൂട്ടിനുള്ളിലേയ്ക്കു
തല തിരിയ്ക്കവേ,
അണയാത്ത ദീപമായ്
അതിലുയരുന്ന താളമായ്
എന്റെ പ്രാണനെ
കണ്ടുഞാൻ



# നമുക്ക് ചുറ്റും

സഫറുള്ള BA Student



ഉൽപത്തിയെക്കുറിച്ച് തന്നെ ഭിന്നാഭിപ്രായമുള്ള മനുഷ്യർ ശാസ്ത്രീയ വികസനത്തിന്റെ പരമോന്നതി അവകാശപ്പെടുന്നുവെങ്കിലും, ധാർമ്മികബോധത്തിൽ വളരെയധികം പിന്നോട്ട് സഞ്ചരിച്ച്കൊണ്ടിരിക്കുന്നു. സാമൂഹ്യമായും ശാസ്ത്രീയമായും സാംസ്കാരികമായും അസൂയാർഹമായ പുരോഗതി കൈവരിക്കുമ്പോഴും സ്നേത്തിന്റേയും സാഹോദര്യത്തിന്റേയും മികച്ച അദ്ധ്യായങ്ങൾ മനുഷ്യൻ മറന്ന് പോകുന്നു.

പ്രാരംഭകാലത്തെ മനുഷ്യർ അലഞ്ഞ്തിരിഞ്ഞുള്ള അവരുടെ ജീവിതയാത്രയ്ക്കിടയിൽ അപൂർവ്വമായി കണ്ടെത്തുന്ന അനുയോജ്യമായപ്രദേശങ്ങളിൽ ദൈനംദിന ആവശ്യങ്ങളുടെ സാക്ഷാത്കാരത്തിനു വേണ്ടി മാത്രം താമസമുറപ്പിച്ചവരായിരുന്നു. ഭാവിയെകുറിച്ച് സ്വപ്നം പോലും കാണാതിരുന്ന അവരുടെ ജീവിതരീതി തിക്ച്ചും അപരിഷ്കൃതരായിരുന്നു. സഹജീവികളെ കൊന്നും സമീപവാസികളെ ആക്രമിച്ചും പിൻഗാമികളെകുറിച്ച് യാതൊരു ലക്ഷ്യബോധവുമില്ലാതിരുന്ന അവരുടെ ലോകത്തിന് അന്ത്യംകുറിച്ചുവെന്ന് ആധുനിക മനുഷ്യർ അവകാശപ്പെടുന്നുണ്ടെങ്കിലും, ഇവിടെ ഒരു പൂർണ്ണ വ്യതിയാനം സംഭവിച്ചുവെന്ന അവകാശ വാദത്തിന് പ്രസക്തിയില്ല.

അന്ധകാരയുഗത്തെ മനുഷ്യരിൽ നിന്നും , ആധുനിക മനുഷ്യർ ബാഹ്യമായി നിരവധി വ്യത്യസ്ഥത പുലർത്തുന്നുണ്ടെങ്കിലും ആന്തരികമായ അവന്റെ സ്വഭാവഘടന പൂർവ്വകാലജീവിത യാഥാർത്ഥ്യങ്ങളുടെ ക്രൂരമുഖത്തെ പുറത്ത്കാട്ടുന്നു. പൂർവ്വകാല മനുഷ്യരേയും ആധുനിക മനുഷ്യരേയും വേർതിരിക്കുന്ന പ്രധാനഘടകമായി നമുക്ക് അവകാശപ്പെടാനുള്ളത്– നാം കൈവരിച്ച ശാസ്ത്രീയ നേട്ടങ്ങൾ മാത്രം. എന്നാൽ ശാസ്ത്രീയനേട്ടങ്ങൾ ഒരു വശത്ത് മനുഷ്യരെ ഉന്നതരാക്കുന്നുണ്ടെങ്കിലും, മറുവശത്ത് മനുഷ്യരെ അലസരും ക്രൂരരുമാക്കിതീർക്കുന്നു. മനുഷ്യനെ മനുഷ്യനായി കാണാനുള്ള മനുഷ്യന്റെ മനോഭാവത്തെ മാറ്റിമറിച്ചതിൽ ശാസ്ത്രീയ നേട്ടങ്ങളും പങ്ക് വഹിക്കുന്നു. ദൈവത്തിന്റെ തീരുമാനങ്ങളും കാലത്തിന്റെ കല്പനകളും മനുഷ്യരുടെ പരിമിതമായ ബുദ്ധിക്ക്മുന്നിൽ മഹത്തായ വ്യതിയാനങ്ങൾക്ക് വിധേയമാകുന്നുവെന്ന മനുഷ്യന്റെ അഹങ്കാര മനോഭാവമാണ് ദൈനംദിന പരാജയങ്ങളുടെയും വീഴ്ചകളുടെയും ആശകളുടെയും പ്രധാനകാരണം.

മുൻകാല ചരിത്രം പരിശോധിച്ചാൽ നേട്ടങ്ങളുടെയും വിജയങ്ങളുടെയും മാതൃകാപരമായ കഥകളോടൊപ്പം അഹങ്കാരത്തിന്റെയും സ്വേഛാധിപത്യത്തിന്റെയും ക്രൂരമായ അദ്ധ്യായങ്ങളും നമുക്ക് ദർശിക്കാൻ കഴിയും. ആയുധബലത്തിന്റെയും സാമ്പത്തിക ഉന്നതിയുടെയും മികവിൽ വിജയം വരിച്ച നിരവധി രാഷ്ട്രങ്ങളുടെയും സാമ്രാജ്യങ്ങളുടെയും വിജയഗാഥകളും ആഹ്ളാദപ്രകടനങ്ങളും ഉൾക്കൊള്ളുന്ന മികച്ച അദ്ധ്യായങ്ങൾക്ക് നടുവിൽ, സാമ്പത്തികനേട്ടത്തിലും പിന്നോക്കമായി പോയതിന്റെ പേരിൽ സർവ്വവും നഷ്ടപ്പെട്ട്, ഉയിർത്തെഴുന്നേൽക്കാൻ കഴിയാത്തവിധം ശിഥിലമായിതീർന്ന നിരവധി ചെറിയ രാഷ്ട്രങ്ങളുടെ ഞെട്ടിക്കുന്ന കഥകളും ദർശനീയമാണ്. ഈ ചെറിയ രാഷ്ട്രങ്ങളുടെ സാമ്പത്തികപുരോഗതിയ്ക്ക് വേണ്ടി പ്രയത്നിക്കുന്നതിന് പകരം, ഈ രാഷ്ട്രങ്ങൾക്ക് ഏല്പിക്കേണ്ടിവന്ന ആഘാതങ്ങളുടെ വ്യാപ്തി മനസ്സിലാക്കി ലോകത്തെ സമാധാനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്നതിന് പകരം, ദാരിദ്ര്യത്തിന്റെയും മാറാരോഗത്തിന്റെയും പട്ടിണിയുടെയും നടുവിൽ ശ്വാസംമുട്ടി മരിച്ചുകൊണ്ടിരിക്കുന്ന നിരവധി മനുഷ്യകോലങ്ങൾക്ക് ഭൂമിയിൽ മറ്റെല്ലാപേരെയും പോലെ ജീവിക്കുന്നതിനുള്ള അവകാശം നേടികൊടുക്കുന്നതിനും പകരം, ആയുധബലത്തിൽ ഒന്നാം സ്ഥാനം നേടുന്നതിന് മൽസരിക്കുന്ന ആധുനിക രാഷ്ട്രങ്ങളുടെ ദുർനടപടികളുടെ പട്ടികയാണ് പിൻതലമുറകൾക്ക് നാം നൽകേണ്ടി വരുന്ന ചരിത്ര പാഠങ്ങൾ.

അർഹതയില്ലാത്തവർ രാഷ്ട്രഭരണം നടത്തിവരുമ്പോൾ, രാഷ്ട്രങ്ങളുടെ ഭാവിയെകുറിച്ച് അസാദ്ധ്യമായ വാഗ്ദാനങ്ങൾ നൽകി സ്വന്തം പദവിയും അധികാരവും ശ്വാശ്വതമാക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുന്ന ഒരു പ്രവണതമാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. പണത്തിന്റെയും പരമാധികാരത്തിന്റെയും രുചിയറിഞ്ഞവർ പിന്നീടവനഷ്ടപ്പെടുവാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ഇവയെല്ലാം സ്വന്തം കഴിവും കരുത്തും കൊണ്ട് നേടിയതാണെന്ന മിഥ്യാധാരണ

അധികാരികളിൽ അനുദിനം അധർമ്മത്തെ വളർത്തുന്നു. ഈ പ്രവർണതകളൊക്കെ ആധുനിക മാനവലോകത്തിന്റെ വിവേകശൂന്യമായ വിശേഷണങ്ങളാണ്. സമ്പത്തിന്റെയും അധികാരത്തിന്റെയും പരമോന്നതസ്ഥാനങ്ങളിൽ വിഹരിക്കുന്ന വിവേകശൂന്യരായ മനുഷ്യരുടെ വഞ്ചനയിൽ നിന്നും പാവപ്പെട്ട മനുഷ്യരെ ലോകത്തിന്റെ സർവ്വനേട്ടങ്ങളിലും പങ്കാളികളാക്കാൻ ഇനിയുള്ള തലമുറയ്ക്കെങ്കിലും കഴിയണമെങ്കിൽ നാം ഇന്ന് പിന്തുടരുന്ന അക്രമണത്തിന്റെയും അധർമ്മത്തിന്റെയും പാതകളിൽനിന്നും പൂർണ്ണമായും പിന്തിരിയണം. ഇനിയുള്ള കാലഘട്ടം സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും മാതൃകയാകണം. ലോകം മുഴുവൻ പാവപ്പെട്ട ജനങ്ങളെ വഞ്ചിച്ച് കൊണ്ടിരിക്കുന്ന അനർഹരായ അധികാരികളിൽ നിന്നും ഭരണാധികാരം എന്നെന്നേയ്ക്കമായി നഷ്ടപ്പെടണം. ചെറുരാഷ്ട്രങ്ങളെ വഞ്ചിച്ച് സാമ്പത്തിക പുരോഗതിക്ക് തടസ്സം സ്രിഷ്ടിക്കുന്ന വൻരാഷ്ട്രങ്ങളുടെ ക്രൂരനടപടികൾക്ക് അന്ത്യം സംഭവിക്കണം. നമുക്ക് ചുറ്റും നിലനിൽക്കുന്ന നീതിരഹിതമായ പ്രവണതകൾക്ക് കാലം തന്നെ അതിന്റെ കരങ്ങൾക്ക് ഉപയോഗിച്ച് അന്ത്യം കുറിക്കട്ടെ !

## നീ വരില്ലേ

അകലെ നിന്നെത്തുന്ന കാറ്റിന്റെ മർമ്മരം ശ്രവിച്ച്,
അറിയാതെ മോഹിപ്പൂ അത് നിന്റെ സ്വാന്ത്വനം.

ഒരു കുളിർ കാറ്റായ്
ഒരു നീല മേഘമായ്
ഒരു നല്ല കുരുവിയായ്
ഒരു ചിറകടി ഒച്ചയായ്
ഒരു പുഴയുടെ ചിരിയായ്
ഒരു കൊച്ചു പ്രഭാതമായ്
ഒരു പ്രണയ നിലാവായ്
ഒരു മിന്നും താരമായ്
ഒരു നീണ്ട രാത്രിയായ്
ഒരു പൊട്ടി ചിരിയായ്
ഒരു പദനി സ്വനമായ്
ഒരു ദുഃഖ സാഗരമായ്
ഒരു ഇന്ദ്ര ജാലമായ്
ഒരു കരിവള കിലുക്കമായ്
ഒരു കുഞ്ഞു തേങ്ങലായ്
ഒരു ഗദ്ഗദമായ്
ഒരു പ്രേമ സാഫല്യമായ്
ഒരു സ്നേഹ സാന്ത്വനമായ്
ഒരു തളിർ സ്വപ്നമായെ-
ങ്കിലും നീ വരില്ലേ ?

**RENJU. M.J.**
**IInd Maths**

# മുഖം മാറുന്ന കാമ്പസ്

ആർദ്രത നിറഞ്ഞ ആത്മാർത്ഥ സ്നേഹങ്ങൾക്ക് തിരശ്ശീല വീഴ്ത്തി കലാലയത്തിനോട് വിടപറയുന്ന പുത്തൻ തലമുറയ്ക്ക് വീണ്ടുമൊരു യാത്രാമൊഴി. ഒരായിരം സമരാവേശങ്ങളുടെ കഥകൾ പറഞ്ഞ് ക്ലാസ്സുമുറികളെ രോമാഞ്ചമണിയിച്ച നേതാക്കളും അനുയായികളും .......... ഒരുപാട് ഓർമ്മകളും അതിലേറെ ലക്ഷ്യങ്ങളുമായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടക്കുകയാണ്, ഭാരതത്തിന്റെ പുത്തൻ പ്രതീക്ഷകൾ. സ്മൃതിയുടെ പിന്നാമ്പുറങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ പോയ നാളുകളിൽ കൊഴിഞ്ഞുവീണ വസന്തങ്ങളെ ഓർത്ത് നഷ്ടബോധമോ? നിരാശയോ?

സ്വാതന്ത്ര്യം കിട്ടി അമ്പതുവർഷം കഴിഞ്ഞപ്പോൾ നമ്മുടെ കാമ്പസുകളിൽ പാശ്ചാത്യരെപ്പോലും വെല്ലുന്ന ചെത്ത് കുട്ടപ്പന്മാരും സുന്ദരിക്കോതകളും സജീവം. ആഗസ്റ്റ് 15ന് കോളേജിൽ ദേശീയപതാക ഉയർത്തുപ്പോൾ പ്രിൻസിപ്പൾമാത്രം. അപ്പോഴും അടുത്തുള്ള ഐസ്ക്രീം പാർലറിന്റെ ഇരുണ്ടകോണിൽ പെപ്സിനുണഞ്ഞ് സ്വകാര്യതയ്ക്ക് പുത്തൻ നിറങ്ങൾ പകരുന്ന ഭാവി വാഗ്ദാനങ്ങൾ എ. ആർ. റഹ്മാന്റെ വന്ദേമാതരം കേൾക്കുമ്പോൾ ബ്രേക്ക്ഡാൻസ് ചെയ്യുന്ന യുവമിഥുനങ്ങൾ. പാവം ഗാന്ധിജി ! തലതിരിഞ്ഞ ഒരു തലമുറയെ ഓർത്ത് അദ്ദേഹം വ്യാകുലപ്പെടുന്നുണ്ടാകും.

അന്നന്നത്തെ ആഹാരത്തിന് വഴികണ്ടെത്താൻ പാടുപെടുന്ന മാതാപിതാക്കളുടെ ദൈന്യത നിറഞ്ഞ മുഖങ്ങളെ കണ്ടില്ലെന്നു നടിച്ച് പുരനിറഞ്ഞ് നിൽക്കുന്ന സഹോദരിമാരുടെ നെടുവീർപ്പുകളെ അവഗണിച്ച് പാറപൊട്ടിച്ചോ, കട്ടുമന്നോ പ്രണയിനിയെ സിനിമയ്ക്കുകൊണ്ടുപോകാൻ വെമ്പൽ കൊള്ളുന്ന കോളേജ് കുമാരൻമാർ അച്ഛന്റെയും അമ്മയുടേയും പുന്നാരമോൾക്ക് കൈനിറയെ പണവും കൊടുത്ത് കോളേജിലയക്കുമ്പോൾ, അവിടെ ഏതോ ഒരുത്തന്റെ അരയിൽ ചുറ്റിപിടിച്ച് കടൽക്കരയിലും പാർലറുകളിലും അവൾ അലയുകയാണെന്നസത്യം പാവം അവരറിയുന്നില്ലല്ലോ? കൈനിറയെ കൊണ്ടുവരാൻ വീട്ടിൽ പണമില്ലെങ്കിൽ തങ്ങളുടെ കാമ്പസ് സ്റ്റാറ്റസ് നിലനിർത്താൻ വേണ്ടി ഉടുവസ്ത്രത്തിന്റെ കെട്ടഴിക്കുവാൻ പോലും ഉളുപ്പില്ലാത്ത ആധുനിക കോളേജ് കുമാരിമാർ. ഇതിനിടയിൽ ഭാവിയെ വിഹ്വലതയോടെ നോക്കികണ്ട് എന്തെങ്കിലും ആയിത്തിരണമെന്ന് ആത്മാർത്ഥമായ് ആഗ്രഹിക്കുന്ന ഒരു കൂട്ടം പക്ഷെ, അവർക്കും രക്ഷയില്ലല്ലോ. ആവേശം രക്തത്തിൽ നിറയുമ്പോൾ ആരുടെയൊക്കെയോ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ കൂട്ടുകാരന്റെ നെഞ്ചിൽ കത്തികയറ്റുന്ന കലാലയ രാഷ്ട്രീയത്തിന്റെ ഭീകരരൂപം പഠിപ്പുമുടക്കായി അവരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. ഇവിടെയും പണക്കാരന്റെ മക്കൾക്ക് സന്തോഷം. അത്രയും സമയം കൂടി അടിച്ചുപൊളിക്കാമല്ലോ. എണ്ണിക്കൊടുക്കുന്ന നോട്ടിന്റെ തൂക്കമനുസരിച്ച് പഠിക്കേണ്ടതൊക്കെ ഗുളികരൂപത്തിൽ നൽകാൻ അവർക്ക് ട്യൂഷൻ മാസ്റ്റർമാർ ഏറെയുണ്ട്. ചുമ്മാതെ വിഴുങ്ങിയാൽ മതി, സിമ്പിൾ.

എന്നും അനീതികളോട് പ്രതികരിച്ചിരുന്ന ഒരു കലാലയ സമൂഹം നമുക്കുണ്ടായിരുന്നു. എന്ന സത്യം നമ്മെ വേദനിപ്പിക്കുന്നു. ഇന്നത്തെ വിദ്യാർത്ഥിയുടെ പ്രതികരണശേഷി പ്രൈവറ്റ് ബസ്സിലെ കണ്ടക്ടറെ തല്ലുന്നതിൽ മാത്രം ഒതുങ്ങിയിരിക്കുന്നു. നീതിയെ അനീതി കൊണ്ട് മൂടുവാൻ അവർ പഠിച്ചിരിക്കുന്നു. അല്ലെങ്കിൽ തന്നെ ഇവിടെ ആര്, ആരോട് പ്രതികരിക്കാൻ? യു.ജി.സി. സ്കെയിലിന്റെ നീളം കൂട്ടുവാൻ പെടാപ്പാടുപെടുന്ന നമ്മുടെ അദ്ധ്യാപകർക്ക് ഇതൊക്കെ ശ്രദ്ധിക്കാൻ എവിടെനേരം. ഉണ്ണുന്നചോറിനോട് നന്ദിവേണമല്ലോ എന്നു കരുതുന്ന ഒരുവിഭാഗം അരച്ചുകുറുക്കിയ ഉത്തരങ്ങൾ ആവശ്യക്കാർക്ക് ആവോളം നൽകി സംതൃപ്തിയടയുന്നു. ഇനി വിദ്യാർത്ഥിയുടെ മോറൽ സ്റ്റാൻഡേർഡ് ഉയർത്താൻ ആരെങ്കിലും ശ്രമിച്ചു എന്നിരിക്കട്ടെ, പാവപ്പെട്ട ആ അദ്ധ്യാപകനുനേരെ ആദ്യം വാളോങ്ങുന്നത് കുട്ടിനേതാക്കൾ തന്നെയായിരിക്കും.

കൊഴിഞ്ഞുപോയതിനൊക്കെയും പകരം ഇനിയും കലാലയങ്ങളിൽ പുത്തൻ നാമ്പുകൾ വിടരും. ആകാശത്തോളം പോന്ന ആശകളേക്കാൾ കൺമുന്നിലെ യഥാർത്ഥ്യങ്ങൾക്ക് ആരെങ്കിലും വിലകൽപിച്ചിരിന്നെങ്കിൽ....... അന്ധകാരത്തിലാഴുന്ന ഒരു സമൂഹത്തിന്റെ പ്രകാശനാളങ്ങളായ് മാറുവാൻ അവർക്കു കഴിഞ്ഞിരുന്നുവെങ്കിൽ.......

അബ്ദുൽ സലാം. എ. (III Maths)



# ഡ്രാക്കുള

ഷിഹാബുദ്ദീൻ. എസ്സ് III rd B.Com





മരണത്തിന്റെയും, ചോരയുടെയും, ക്രൂരതയുടെയും ഉജ്ജ്വല പ്രതീകമായ ഡ്രാക്കുള ജന്മമെടുത്തത് ഇംഗ്ലിണ്ടലാണ് പ്രതീബിംബമില്ലാത്ത ആ രക്തദാഹിക്ക് നൂറുവയസു കഴിഞ്ഞിരിക്കുന്നു. 1897ലാണ് ഡ്രാക്കുള പിറന്നുവീണത്. രുധിര പാനം ചെയ്തു കൊണ്ട് ആയിരക്കണക്കിനു പ്രതിരുപങ്ങളെ സൃഷ്ടിച്ച്കൊണ്ട്.... വിശ്വവിഖ്യാതനായ ബ്രാംസ്റ്റോക്കർ വാക്കുകളിലേക്കാവാഹിച്ച രക്തരക്ഷസാണ് ഡ്രാക്കുള....

ഒരു നൂറ്റാണ്ടിനുമുമ്പ് ബ്രാംസ്റ്റോക്കർ എന്ന നോവലിസ്റ്റ് ഡ്രാക്കുളക്ക് ജന്മം കൊടുക്കുമ്പോൾ ഇത്രയൊന്നും അയാൾ പ്രതീക്ഷിച്ചുകാണില്ല. ലോകത്തിലെ മിക്ക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുകയും നൂറ്റാണ്ടിലേറെ ജീവിക്കുകയും ചെയ്യാനാണ് താൻ ഒരു രക്തരക്ഷസിനെ സൃഷ്ടിക്കുന്നതെന്ന് മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിൾ ഒരു പക്ഷേ ഡ്രാക്കുള ഇത്ര ഭീകരനാവില്ലായിരുന്നു. കോടിക്കണക്കിന് മനുഷ്യരുടെ ഉറക്കം ഞെട്ടിക്കുന്ന ആ കഥാപാത്രത്തിന്റെ ആയുസ് ശവപ്പെട്ടിക്കുള്ളിൽ ഹൃദയത്തിലടിച്ചു കയറ്റിയ മരക്കുറ്റിയിൽ ഒടുങ്ങാതിരുന്നതിന്റെ കാരണവും ഈ ഭീകരത തന്നെ. നൂറിലേറെ സിനിമകളിലുടെയും ഡ്രാക്കുള ലോകജനതയുടെ മനസിൽ രക്തദംഷ്ട്രകളാഴ്ത്തി കഴിഞ്ഞിരുന്നു.

ഡ്രാക്കുളയുടെ കഥ ബ്രാംസ്റ്റോക്കർ വിവരിക്കുന്നത് ഡയറിത്താളുകളിലൂടെയാണ് കഥാനായകനായ ജോനാഥൻ സ്വീഫ്റ്റിന്റെ ഡയറിയിലൂടെയാണ് കഥയുടെ തുടക്കം ട്രാൻസിൽവാനിയയിലെ പ്രഭുവിന്റെ കീഴിൽ പണിയെടുക്കാൻ പോയ ജോനാഥന്റെ യജമാനൻ ഒരു രക്തദാഹിയായ രക്ഷസാണെന്ന് അയാൾ തിരിച്ചറിയുന്നു. ജീവിതം രക്ഷപ്പെട്ട് ഇംഗ്ലണ്ടിലെത്തുന്ന ജോനാറനെ പിന്തുടരുന്ന പ്രഭു രാജ്യമെമ്പാടും ഭീതിപരത്തുന്നു. ഭയം തോന്നിപ്പിക്കുന്ന വിവരണങ്ങളും, സംഭവചിത്രീകരണങ്ങളും കൊണ്ട് ആരെയും ആകാംക്ഷകുലരാക്കുന്ന ഡ്രാക്കുള ലോകത്തിലേറ്റവും ഭീതിജനകമായ കഥാപാത്രമായി വളർന്നു.

ഭയാനകരമായ കറുത്ത നീളൻകോട്ടും, വൃത്തിയായി ക്ഷൗരം ചെയ്ത മുഖവും, എന്തിന് പകലുറക്കത്തിന് ഉപയോഗിക്കുന്നതെന്ന് സ്റ്റോക്കർ ചിത്രികരിച്ച ശവപ്പെട്ടിപ്പോലും മനുഷ്യരുടെ മനസ്സിൽ പേടിസ്വപ്നമാകുന്നു. ഉറങ്ങുന്ന സ്ത്രീകളുടെ കഴുത്തിൽ കൊമ്പല്ലു താഴ്ത്തി രക്തം കുടിക്കുന്ന ഡ്രാക്കുള പലരുടെ ജീവൻ അപഹരിച്ചിരുന്നു. എന്നാൽ ഡ്രാക്കുളയെ അകറ്റാൻ കുരിശും വെള്ളുത്തുള്ളിമാലയുമായി ഉറങ്ങാൻ കിടക്കുന്നവർ വിരൽചുണ്ടുന്നത് ബ്രാംസ്റ്റോക്കറുടെ വിജയത്തിലേക്കാണ്.

ചലച്ചിത്രങ്ങളിൽ ഡ്രാക്കുളയുടെ വേഷമണിഞ്ഞ് ഏറ്റവും കുടുതൽ പ്രശസ്തനായത് ബേലലുഗേസി എന്ന നടനാണ്. ലുഗോസിയുടെ മുഖത്ത് ലോകം മുഴുവനും രക്തം പുരണ്ടപല്ലുകളും ഭീകരതവും ദർശിച്ചതിന് കാരണവും ഇതുതന്നെ ഡ്രാക്കുള സിനിമയിൽ താൻ ധരിച്ചകോട്ട് അണിഞ്ഞുകൊണ്ടാണ് ലുഗോസി ശവകല്ലറയിലേക്കു നീങ്ങിയത് അത് അയാളുടെ അന്ത്യാഭിലാഷമായി അവശേഷിക്കുന്നു.

രക്തരക്ഷസുകളെ കുറിച്ച് പഠനം നടത്തിയ ലതർ സെയിലിന്റെ അഭിപ്രായത്തിൽ ഇന്ത്യയിൽ മുൻകാലങ്ങളിൽ രക്ഷസുകൾ ഉണ്ടായിരുന്നുവെന്നാണ്. എന്നാൽ ബുദ്ധമതങ്ങളിൽ പെട്ടവർ സ്വാതിക ജീവിതം തുടങ്ങിയതോടെ അവ അപ്രത്യക്ഷമാകുകയായിരുന്നു. ജീവിച്ചിരിക്കുന്നവർ മരിച്ചവരെ മറക്കുന്നതുപോലെ മരിച്ചവർ ചെയ്യുന്നില്ല എന്നാണ് ഡെയിൽ വിലയിരുത്തുന്നത്. മാത്രമല്ല മരിച്ചവർ മറ്റുള്ളവരെ കൂടി തങ്ങളുടെ കൂടെ കൂട്ടാൻ ശ്രമിക്കുന്നു. ഡ്രാക്കുള കൊലചെയ്യലും സൃഷ്ടിയും ഒരുപോലെ നടത്തുന്നു. തന്റെ വംശത്തിന്റെ അംഗസഖ്യകൂടുതലാക്കാനാണ് അവൻ ശ്രമിക്കുന്നത്.





കാർഗിലിലെ മഞ്ഞുമലകളിൽ
പാക് നുഴഞ്ഞുകയറ്റക്കാർക്കെതിരെയുള്ള പോരാട്ടത്തിൽ
ശത്രുക്കളുടെ വെടിയേറ്റ് വീരചരമം പ്രാപിച്ച് അവരുടെ ഹൃദയരക്തത്താൽ
ഭാരതമണ്ണിനെ പവിത്രമാക്കിയ ധീരദേശാഭിമാനികളായ ഭാരതസൈനികർക്ക്
ആദരാഞ്ജലികൾ....................



# ഡ്രാക്കുള

ഷിഹാബുദ്ദീൻ. എസ്സ് IIIrd B.Com





മരണത്തിന്റെയും, ചോരയുടെയും, ക്രൂരതയുടെയും ഉജ്ജ്വല പ്രതീകമായ ഡ്രാക്കുള ജന്മമെടുത്തത് ഇംഗ്ലണ്ടലാണ് പ്രതിബിംബമില്ലാത്ത ആ രക്തദാഹിക്ക് നൂറുവയസു കഴിഞ്ഞിരിക്കുന്നു. 1897ലാണ് ഡ്രാക്കുള പിറന്നുവീണത്. രുധിര പാനം ചെയ്തു കൊണ്ട് ആയിരക്കണക്കിനു പ്രതിരൂപങ്ങളെ സൃഷ്ടിച്ച്കൊണ്ട്.... വിശ്വവിഖ്യാതനായ ബ്രാംസ്റ്റോക്കർ വാക്കുകളിലേക്കാവാഹിച്ച രക്തരക്ഷസാണ് ഡ്രാക്കുള....

ഒരു നൂറ്റാണ്ടിനുമുമ്പ് ബ്രാംസ്റ്റോക്കർ എന്ന നോവലിസ്റ്റ് ഡ്രാക്കുളക്ക് ജന്മം കൊടുക്കുമ്പോൾ ഇത്രയൊന്നും അയാൾ പ്രതീക്ഷിച്ചുകാണില്ല. ലോകത്തിലെ മിക്ക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുകയും നൂറ്റാണ്ടിലേറെ ജീവിക്കുകയും ചെയ്യാനാണ് താൻ ഒരു രക്തരക്ഷസിനെ സൃഷ്ടിക്കുന്നതെന്ന് മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിൾ ഒരു പക്ഷേ ഡ്രാക്കുള ഇത്ര ഭീകരനാവില്ലായിരുന്നു. കോടിക്കണക്കിന് മനുഷ്യരുടെ ഉറക്കം ഞെട്ടിക്കുന്ന ആ കഥാപാത്രത്തിന്റെ ആയുസ് ശവപ്പെട്ടിക്കുള്ളിൽ ഹൃദയത്തിലടിച്ചു കയറ്റിയ മരക്കുറ്റിയിൽ ഒടുങ്ങാതിരുന്നതിന്റെ കാരണവും ഈ ഭീകരത തന്നെ. നൂറിലേറെ സിനിമകളിലുടെയും ഡ്രാക്കുള ലോകജനതയുടെ മനസിൽ രക്തദംഷ്ട്രകളാഴ്ത്തി കഴിഞ്ഞിരുന്നു.

ഡ്രാക്കുളയുടെ കഥ ബ്രാംസ്റ്റോക്കർ വിവരിക്കുന്നത് ഡയറിത്താളുകളിലൂടെയാണ് കഥാനായകനായ ജോനാഥൻ സ്വീഫ്റ്റിന്റെ ഡയറിയിലൂടെയാണ് കഥയുടെ തുടക്കം ട്രാൻസിൽവാനിയയിലെ പ്രഭുവിന്റെ കീഴിൽ പണിയെടുക്കാൻ പോയ ജോനാഥന്റെ യജമാനൻ ഒരു രക്തദാഹിയായ രക്ഷസാണെന്ന് അയാൾ തിരിച്ചറിയുന്നു. ജീവിതം രക്ഷപ്പെട്ട് ഇംഗ്ലണ്ടിലെത്തുന്ന ജോനാറനെ പിന്തുടരുന്ന പ്രഭു രാജ്യമെമ്പാടും ഭീതിപരത്തുന്നു. ഭയം തോന്നിപ്പിക്കുന്ന വിവരണങ്ങളും, സംഭവചിത്രീകരണങ്ങളും കൊണ്ട് ആരെയും ആകാംക്ഷകുലരാക്കുന്ന ഡ്രാക്കുള ലോകത്തിലേറ്റവും ഭീതിജനകമായ കഥാപാത്രമായി വളർന്നു.

ഭയാനകരമായ കറുത്ത നീളൻകോട്ടും, വൃത്തിയായി ക്ഷൗരം ചെയ്ത മുഖവും, എന്തിന് പകലുറക്കത്തിന് ഉപയോഗിക്കുന്നതെന്ന് സ്റ്റോക്കർ ചിത്രികരിച്ച ശവപ്പെട്ടിപ്പോലും മനുഷ്യരുടെ മനസ്സിൽ പേടിസ്വപ്നമാകുന്നു. ഉറങ്ങുന്ന സ്ത്രീകളുടെ കഴുത്തിൽ കൊമ്പല്ലു താഴ്ത്തി രക്തം കുടിക്കുന്ന ഡ്രാക്കുള പലരുടെ ജീവൻ അപഹരിച്ചിരുന്നു. എന്നാൽ ഡ്രാക്കുളയെ അകറ്റാൻ കുരിശും വെളുത്തുള്ളിമാലയുമായി ഉറങ്ങാൻ കിടക്കുന്നവർ വിരൽചുണ്ടുന്നത് ബ്രാംസ്റ്റോക്കറുടെ വിജയത്തിലേക്കാണ്.

ചലച്ചിത്രങ്ങളിൽ ഡ്രാക്കുളയുടെ വേഷമണിഞ്ഞ് ഏറ്റവും കുടുതൽ പ്രശസ്തനായത് ബേലലുഗേസി എന്ന നടനാണ്. ലുഗോസിയുടെ മുഖത്ത് ലോകം മുഴുവനും രക്തം പുരണ്ടപല്ലുകളും ഭീകരതവും ദർശിച്ചതിന് കാരണവും ഇതുതന്നെ ഡ്രാക്കുള സിനിമയിൽ താൻ ധരിച്ചകോട്ട് അണിഞ്ഞുകൊണ്ടാണ് ലുഗോസി ശവകല്ലറയിലേക്കു നീങ്ങിയത് അത് അയാളുടെ അന്ത്യാഭിലാഷമായി അവശേഷിക്കുന്നു.

രക്തരക്ഷസുകളെ കുറിച്ച് പഠനം നടത്തിയ ലതർ സെയിലിന്റെ അഭിപ്രായത്തിൽ ഇന്ത്യയിൽ മുൻകാലങ്ങളിൽ രക്ഷസുകൾ ഉണ്ടായിരുന്നുവെന്നാണ്. എന്നാൽ ബുദ്ധമതങ്ങളിൽ പെട്ടവർ സ്വാതിക ജീവിതം തുടങ്ങിയതോടെ അവ അപ്രത്യക്ഷമാകുകയായിരുന്നു. ജീവിച്ചിരിക്കുന്നവർ മരിച്ചവരെ മറക്കുന്നതുപോലെ മരിച്ചവർ ചെയ്യുന്നില്ല എന്നാണ് ഡെയിൽ വിലയിരുത്തുന്നത്. മാത്രമല്ല മരിച്ചവർ മറ്റുള്ളവരെ കൂടി തങ്ങളുടെ കൂടെ കൂട്ടാൻ ശ്രമിക്കുന്നു. ഡ്രാക്കുള. കൊലചെയ്യലും സൃഷ്ടിയും ഒരുപോലെ നടത്തുന്നു. തന്റെ വംശത്തിന്റെ അംഗസഖ്യകൂടുതലാക്കാനാണ് അവൻ ശ്രമിക്കുന്നത്.

ഡ്രാക്കുള ഒരു പ്രേതമല്ല മറിച്ച് ഒരു ശവശരീരം മാത്രമാണ്. അവൻ ഉയിർകൊണ്ടത് യൂറോപ്പിലെ നാടോടി കഥകളിൽ നിന്നാണ്. ജീവിച്ചിരിക്കുന്നവരുടെ ഇടയിൽ കഴിയാനായി മരിച്ചവർ അക്ഷമരായി കുഴിമാടങ്ങളിൽ കഴിയുന്നുവെന്ന വിശ്വാസമാണ് ഡ്രാക്കുളയുടെ പിറവിക്കുപിന്നിലെന്ന് ഡെയിലിനെ പോലുള്ളവർ പറയുന്നു. പ്രതിബിംബമില്ലാത്ത ഈ രക്തദാഹിക്ക് ആത്മാവുമില്ല. അതിനാലാണ് ഒരു കണ്ണാടിയിലും ഡ്രാക്കുള പ്രതിഫലിക്കാത്തത്. രാത്രിയിൽ സ്ത്രീ രക്തം തേടിയിറങ്ങാനുള്ള ശക്തി സംഭരിക്കാൻ പകൽ സമയങ്ങളിൽ ഡ്രാക്കുള വിശ്രമിക്കുന്നു. മാത്രമല്ല, സൂര്യപ്രകാശം തന്റെ ശക്തി നശിപ്പിക്കുമെന്നാണ് വിശ്വാസം.

ഡ്രാക്കുളക്ക് ജന്മം നല്കിയ ബ്രാംസ്റ്റോക്കർ മരിച്ചിട്ട് വർഷങ്ങളായെങ്കിലും ഡ്രാക്കുള ഇന്നും ജീവിക്കുകയാണ്. മനുഷ്യഹൃദയങ്ങളിൽ ഭീതിയുടെ മുറിപ്പാടുകൾ വീഴ്ത്തികൊണ്ടാണ് ഡ്രാക്കുള ഇന്നും നിലകൊള്ളുന്നത്. സങ്കല്പത്തിനും യാഥാർത്ഥ്യത്തിനുമിടക്ക് കാലങ്ങളെ പിന്നിലാക്കി കടന്നുപോകുന്ന അത്ഭുതവും അപൂർവവുമായ കഥാപാത്രങ്ങളിലൊന്നാണ്.


## STATEMENT OF OWNERSHIP AND PARTICULARS ABOUT THE PUBLICATION

**THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE MAGANIZE 1997-98**

Place of Publication : Karicode, Kollam

| | | |
|---|---|---|
| Periodicity of Publication | : | Annual |
| Printer's | : | Prof. K. Muhammad Kunju |
| Nationality | : | Indian |
| Address | : | Prof. K. Muhammad Kunju<br>Principal, TKM College of Arts & Science<br>Karicode, Kollam |
| Staff Editor | : | Prof. A. Jamal Mohammad |
| Student Editor | : | Nizamudeen. I |

I, Muhammad kunju here by declare that the particulars given above are true to the best of my knowledge and belief.

(sd/-)

Muhammad Kunju

Principal, TKM College of Arts & Science

Karicode, Kollam



# അതിർത്തി



സജീവ് IInd BA(History)

**അ**മൃതസറിൽ നിന്നും 35 കിലോമിറ്റർ അകലെ ഇന്ത്യാ–പാക് അതിർത്തിയായ 'വാഗ' പാടങ്ങളിലൂടെയുള്ള യാത്ര അവസാനിക്കുന്നത് ത്രിവർണ്ണപതാകയുടെ നിറമുള്ള ഗേറ്റിലാണ്. ഗേറ്റ് കടന്ന് ലാഹോറിലേക്കുള്ള പാതയിലേക്ക് കടക്കാൻ ഇന്ത്യകാരന് അനുവാദമില്ല. അത്പോലെ ഇങ്ങോട്ട് വരുവാൻ പക്കിസ്ഥാൻ കാരനും അനുവാദമില്ല. വിദേശ ടൂറിസ്റ്റുകൾക്ക് വേണ്ടിമാത്രമാണ് ഈ ഗേറ്റ് തുറക്കുക. അതിർത്തി രേഖയായ സീറോ ലൈനിന് ഇപ്പുറം ബി. എസ്. എഫ്. കാവൽ നിൽക്കുന്നു. മറുവശത്ത് പാക് അതിർത്തി രക്ഷാസേനയായ റേഞ്ചർ കാവൽനിൽക്കുന്നു. ഗേറ്റിന് സമീപത്തേക്ക് നീങ്ങുന്നതിന് മുമ്പ് കസ്റ്റംസിന്റെ പരിശോധന ഓഫീസുമുണ്ട്.



എല്ലാദിവസവും വൈകിട്ട് ടൂറിസ്റ്റുകളുടെ സംഘം ഇവിടെ എത്തുന്നു. അഞ്ചരമണിക്ക് ശേഷം ദിവസവും പതാക താഴ്ത്തൽ എന്ന ചടങ്ങ് നടക്കുന്നു. അതിർത്തിയിൽ വാഗ ചെക്ക്പോസ്റ്റിൽ ഒരു ചെറിയ ജനകൂട്ടത്തെ സാക്ഷിനിർത്തി പതിവുള്ള ഈ കാഴ്ച അരങ്ങേറുന്നത്. അതിർത്തിയുടെ അപ്പുറവും ഇപ്പുറവുമായി റോഡിന്റെ രണ്ടരികിലായി നിൽക്കുന്ന ദേശീയപതാക ബി. എസ്. എഫ്. ജവാൻമാർ ആദരവോടെ താഴ്ത്തുന്നു. അതേനിമിഷം അതേവേഗത്തിൽ പാക് പതാക റേഞ്ചർ ഭടൻമാർ ആ നിമിഷം താഴ്ത്തുന്നു. ഇരുപതാകകളും താഴ്ന്നുവരുമ്പോൾ അഭിമുഖമായി വരുന്നു. പതാകകൾ ആദരപൂർവ്വം വണങ്ങി ജവാൻമാർ ഇരുഭാഗത്തും ഏറ്റുവാങ്ങുന്നു. അസ്തമയ സൂര്യനെ സാക്ഷിനിർത്തി ചെയ്യുന്ന ചടങ്ങ് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള സ്നേഹത്തെ കാണിക്കുന്നു.

സവിശേഷമായ വേഷം ധരിച്ച് ബി. എസ്. എഫ്. ജവാൻമാർ ഇന്ത്യയുടെ അതിർത്തിയിലും കറുത്ത കൂർത്തയും പൈജാമയും തലപ്പാവും ധരിച്ച പാക്കിസ്ഥാനി അതിർത്തി രക്ഷാസൈനികർ മറുവശത്ത്. ഇന്ത്യയുടെ ഗേറ്റിൽ അശോകസ്തംഭം പതിപ്പിച്ചിരിക്കുന്നു. ത്രിവർണ്ണ നിറമുള്ള ഗേറ്റിന് അഭിമുഖമായി ചന്ദ്രകലയും നക്ഷത്രവും പതിച്ച പാക്കിസ്ഥാന്റെ ഗേറ്റും. ഇതിന് ഇടയിലായി ഒരു വര മാത്രം. ആ വര ഒരു ഉടലിൽനിന്നും വിട്ടുപോയ രണ്ട് ശരീരഭാഗങ്ങളെ വേർതിരിച്ചു നിർത്തിയിരിക്കുന്നു. ഇപ്പുറത്തുള്ളവരെ ഇന്ത്യക്കാരെന്നെന്നും അപ്പുറത്തുള്ളവരെ പാക്കിസ്ഥാനികളെന്നും. എന്നാലും "നാം മനുഷ്യരാണ്."

# മരണം

എം. അൻവർ IInd BA(Eng.)



നിഷയിൽ കുതിർന്ന ജീവിതം
ആശയ്ക്കു തടസമായിരുന്നു
മരണത്തിലേക്കുള്ള – നിഗൂഢതയുടെ
സത്യത്തിന്റെ ശുദ്ധപ്രണയത്തിന്റെ;
നിരർത്ഥകമായ ജീവിതത്തിന്റെ
അളവുകോലായിരുന്നു തമസ്

മരണത്തിലേക്കുള്ള അകലം
ആഴിയിലേക്കുള്ള അർക്കന്റെ പ്രയാണമായിരുന്നു.
ആ ശോണിതവർണങ്ങൾ
എന്റെ നഷ്ടബോധത്തിന്റെ തീക്കനലുകളായിരുന്നു.

ചേക്കേറാൻ വെമ്പുന്ന പക്ഷികൾ
മരണത്തിന്റെ കുളമ്പൊടിയൊച്ചയുടെ
പിശാചിന്റെ, കടവാവലിന്റെ
ഭയത്തിന്റെ നിഴലുകളുടെ പ്രതിഫലനമായിരുന്നു.

മരണത്തിന്റെ ഭൂതനായിരുന്നു
നിഷ്ഠയിൽ അടിയുറച്ചു വിശ്വസിക്കുന്ന
മാറുന്ന പൊയ്മുഖങ്ങളുടെ
നഷ്ടസ്വപ്നങ്ങളായിരുന്നു.
കരിമ്പടം പുതച്ച നിഴൽ

നക്ഷത്രങ്ങൾ ഇരുട്ടിന്റെ ഘാതകർ
വഞ്ചനയുടെ, അസത്യത്തിന്റെ
പ്രകൃതിയുടെ മൗനത്തിന് വിഘ്നം വരുത്തുന്ന
പാപങ്ങളുടെ ശവപ്പറമ്പിന് കൂട്ടിരിക്കുന്ന
കടവാവലിന്റേയും ചെകുത്താന്റേയും
നീട്ടിഓരിയിടുന്ന ചെന്നായുടേയും
പൊള്ളുന്ന കരങ്ങളായിരുന്നു.
ആട്ടിൻ തോലണിഞ്ഞ താരങ്ങൾ

സത്യത്തിന്റേയും സിഷ്ഠയുടേയും
ഇടയിലായിരുന്നു എന്റെ മനസ്സാക്ഷി

# വിട

**NOUSHAD. A**
**IInd Chemistry**



വടിവൊത്ത വഴിയേ
ചരിക്കനീ മിത്രമേ
വിടപറയുന്നു ഞാൻ
നിസ്തുല സ്നേഹമേ
നീ പോയ വഴികളിൽ
ഞാനും ചരിക്കുമേ
എന്നെ പ്രതീക്ഷിച്ചു
കാത്തുനിൽക്കേണ്ടമേ
വിണ്ടലം പുൽകിയൊരു
കൂട്ടിലെക്കിളിപാടി
ബന്ധനം ശ്വാസം മുട്ടും.
സുന്ദരക്കൂടേ – വിട
കാറ്റിന്റെ നന്തുണിപ്പാട്ടു-
പറയുന്നു മണ്ണിലെ
പാരതന്ത്ര്യ ചങ്ങലകളേ – വിട
ഉഗ്രനാം സൂര്യൻ ഭവാൻ
ക്ഷയിച്ചു പതുക്കവേ
പതുക്കെപ്പറഞ്ഞു പോയി
ധരിത്രി ദേവി – വിട
വിട വിട ഭൂമിയിൽ
സർവ്വനിന്നും – വിട
ആർത്തനായ് തീരുന്ന
മർത്യന്റെ ഹൃത്തതിൻ
കനലായ്, ഭസ്മമായ്
തീരുന്നതും – വിട
പ്രപഞ്ച പ്രഭക്കെന്നും
യൗവ്വനം നല്കീടുന്ന
അത്ഭുത മരുന്നായി
ത്തീരുന്നതത്രേ– വിട
ആദവും ഹൗവ്വയും
ചൊല്ലിയാദ്യം – വിട
മാനവകുലത്തിന്റെ
പൈതൃകമായി – വിട
ഭൂജാതനായിത്തീർന്നാൽ
ചൊല്ലിയേപറ്റൂ – വിട
ഹൃദയം പങ്കിട്ടെന്നാൽ
നല്കിയേ പറ്റൂ – വിട
മാനവ ജന്മം ഭൂവിൽ
വിടചൊല്ലുവാൻ മാത്രം
വിടകൾക്കിടയിലെ
വിടവാണീ ജീവിതം.



# വികാരത്തിന്റെ വർണ്ണങ്ങൾ



അബ്ദുൽ ഖലാം ആസാദ്. റ്റി. IIInd BSc(Zoology)

**സെ**ക്സ് തെറ്റാണോ, പാപമാണോ? മറ്റെല്ലാ വികാരങ്ങളും പോലെതന്നെ അഥവാ മറ്റുവികാരങ്ങൾക്കൊപ്പം ദൈവം തന്നെയാണല്ലോ ലൈംഗിക വികാരവും മനുഷ്യനിൽ സന്നിവേശിപ്പിച്ചിട്ടുള്ളത്. സെക്സ് പാപമാണെങ്കിൽ ദൈവം ഒരു പാപസൃഷ്ടി നടത്തിയെന്നു വിചാരിക്കണമല്ലോ. എങ്കിൽ ദൈവവും തെറ്റുകാരനാണെന്നുവരില്ലേ ? അത്ശരിയല്ല. ദൈവം ഋജുവും സ്വാഭാവികവും പരിശുദ്ധവുമായ വഴി സ്വീകരിക്കുന്നു. ലൈംഗികവികാരത്തിന്റെ ബഹിർസ്ഫുരണങ്ങളായ ശൃംഗാരവും പ്രേമവും പ്രണയവും ഒക്കെ സഹജീവിസ്നേഹവും സഹതാപവും കരുണയും ആകുലതയും ഭീതിയും പകയും വൈരാഗ്യവും ആക്രമണോത്സുകതയും പോലെ മനുഷ്യനിൽ പ്രകൃതിദത്തമാണ് മറ്റെല്ലാ രസങ്ങളും വികാരങ്ങളും പോലെ സെക്സും മനുഷ്യന് നൽകിയിരിക്കുന്നതിൽ ദൈവത്തിന് ഒരുദ്ദേശ്യമുണ്ടായിരിക്കണം ഒരു ലക്ഷ്യമുണ്ടായിരിക്കണം. സെക്സ് ജന്തുകളിൽ വംശം നിലനിർത്താനുള്ള പ്രജനനപ്രചോദനമാണ്, ശക്തിയാണ്, ഉണർവാണ്. മനുഷ്യനിലും സെക്സ് പ്രജനനപ്രചോദനമാണ്. അതിനുള്ള ശക്തിയാണ്, ഉണർവാണ്. പക്ഷെ അതിനൊക്കെ അപ്പുറമായി മറ്റെന്തൊക്കെയോ കൂടിയാണ്.

സെക്സിന് മനുഷ്യനിൽ അകംപുറമുണ്ട്. സെക്സ് മനുഷ്യന്റെ ഉള്ളിൽ ഒരു വിത്താണെങ്കിൽ അതു ശരീരത്തിലൂടെയും ആത്മാവിലൂടെയും വളർന്ന് ഫലം പുറപ്പെടുവിക്കുന്നു സ്നേഹമാണ് ആ ഫലം. സ്നേഹം പുറപ്പെടുവിക്കാനുള്ളതാണ് സെക്സ്. മനുഷ്യനിൽ സെക്സ് ജന്തുകളിലേതിൽ നിന്ന് വ്യത്യസ്തമായ ഒരു ശക്തിയാണ്. വികാരമാണ് അതു നൈമിഷികമോ കാലികമോ അല്ല. അതിന് സൃഷ്ട്യോന്മുഖവും പ്രയോജനകരവുമായ ഒരു നൈരന്തര്യഭാവമുണ്ട്. ജന്തുകളിൽ സെക്സ് (ലൈംഗീകപ്രചോദനം) ഋതുകാലാധിഷ്ഠിതമാണ്. ആണ്ടിൽ ചിലസമയങ്ങളിൽ മാത്രം അവപ്രജനനോത്സുകരാകുന്നു. ആ സമയങ്ങളിൽ മാത്രമെ പെണ്ണ് ആണിനെ സ്വീകരിക്കൂ. ആണ് പെണ്ണിൽ ആകൃഷ്ടനാവൂ. മനുഷ്യനിൽ ആണ്ടടക്കം എപ്പോഴും സ്ത്രീ പുരുഷമൈ സ്വീകരിക്കും. പുരുഷൻ സ്ത്രീയിൽ ലൈംഗീകമായി ആകൃഷ്ടനുമാണ്. എന്തേ ഈ പ്രത്യേകത? പ്രകൃതിക്ക് അതിന്റേതായ ഉദ്ദേഷ്യമുണ്ടാവുമല്ലോ. സ്ത്രീക്ക് പുരുഷന്റെ സംരക്ഷണവും സഖിത്വവും പങ്കാളിത്തവും കൂട്ടും കൂട്ടായ്മയും ആവശ്യമാണ്. മനുഷ്യന് മറ്റു ജന്തുകളുടേതിനേക്കാൾ സുദീർഘമായ ഒരു ബാല്യമാണുള്ളത്. പറവകളും ജന്തുക്കളും പിറവിയെടുത്തു ഹ്രസ്വമായ കാലത്തിനുള്ളിൽ താൻപോരിമ നേടും. തന്നെത്താൻ തേടിത്തിന്നാനാവും. മനുഷ്യന് ബാല്യവും കൗമാരവും കടന്നു പ്രായപൂർത്തിയാവാൻ ദശകങ്ങൾ തന്നെ കടക്കണം. അതിന് മാതാപിതാക്കളുടെ സ്നേഹലും കരുതലും സംരക്ഷണവും കിട്ടണം. എങ്കിലേ ശരീരത്തിലും മനസിലും വളർന്ന പൂർണവ്യക്തിയാവാനാകൂ. ഈ പ്രക്രിയയിൽ മാതാവാണ് അടിസ്ഥാനശക്തി, പ്രചോദനം "പത്തുമാസം ചുമന്ന പെറ്റ" അമ്മയ്ക്കു തന്റെ കുട്ടിയോടുള്ള ബന്ധം ശാരീരികം മാത്രമല്ല, രാസപരവും (ഹോർമോണുകളുമായി ബന്ധപ്പെട്ടന്) മാനസികവുമാണ്. അത് അച്ഛനും കുട്ടിയുമായുള്ള ബന്ധത്തെക്കാൾ വളരെയേറെ ശക്തവും ദൃഢതരവുമാണ്. പരിണാമപരമായി മനുഷ്യനോട് അടുത്തു കുരങ്ങുകളിൽ കുഞ്ഞുങ്ങളെ വളർത്തുന്നതു തള്ളയാണ്. തന്തക്കുരങ്ങന് കാര്യമായ പങ്കൊന്നുമില്ല. കുഞ്ഞ് തന്തയെ അറിയുകതന്നെയില്ല.




ARRIVED
NEW PRODUCT FOR DANDRUFF
'HEADS & TALES' SHAMPOO
THE CHOICE OF YOUR FAVOURITE
CRICKET STAR
"BEEMAR RAHEGA COOL"
DANDRUFF JAVOGE PHOOL"
OH!
DANDRUFF
AFTER USE
DANDRUFF JAVOGI PHOOL
HEAD RAHEGA
COOL & CLEAN
BAJILAL
II C2
ഇഷ്ക് ഹുആ....
കൈസേ ഹുആ...?
WOMANS COLLEGE
അച്ഛാ ഹുആ..
ഐസേ ഹുആ..
# * @ ....
BAJILAL
II C2



# സിനിമ: യാഥാർത്ഥ്യവും അവബോധവും

അൻസർ. IInd BSc(Chemistry)





ചലച്ചിത്രം പിറവികൊണ്ട് ഒരു നൂറ്റാണ്ടുപിന്നിട്ട ഈ അവസരത്തിൽ സിനിമയുടെ ചരിത്രമന്വേഷിക്കുന്നതിനേക്കാൾ നല്ലത് അതിന്റെ വർത്തമാനത്തിലൂടെ കടന്നുപോകുന്നതാണ്. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ കലാമാധ്യമമാണ് സിനിമ എങ്കിലും നൂറ്റാണ്ടുകളുടെ വളർച്ചയുള്ള മറ്റ് കലകൾക്കൊന്നും നേടിയെടുക്കാൻ കഴിയാത്ത വളർച്ചയും പ്രസക്തിയും പ്രശസ്തിയും ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ സിനിമ നേടിയെടുത്തിരിക്കുന്നു. ഈ അവസരത്തിൽ ജനങ്ങളുടെ സിനിമാസ്വാദനത്തിന്റെ വൈകല്യങ്ങളും കൈവല്യങ്ങളും അതിന് വഴിവെക്കുന്ന വിദ്യാഭ്യാസ സാമുഹിക ചുറ്റുപാടുകളും ചർച്ചചെയ്യുകയാണിവിടെ.

1846–ൽ ലൂമിയർ സഹോദരന്മാർ ജന്മം കൊടുക്കുകയും അനേകം ശാസ്ത്രകലാകാരന്മാരുടെ സാന്നിധ്യത്തിൽ അനുക്രമമായി വളർന്ന് മൊണ്ടാഷ്, ക്ലോസപ്പ്, ദൂരദൃശ്യം എന്നീ സാങ്കേതികവിദ്യയുടെ ബാല്യകൗമാരങ്ങൾ കടന്ന് ശബ്ദത്തിന്റെ വരവോടെ ആശയവിനിമയത്തിൽ പുതിയ മാനം നല്കി നിറക്കൂട്ടുകളുടെ സഹായത്തോടെ യൗവ്വനയുക്തയായ ചലച്ചിത്രം, ഇന്ന് ലോകത്തെ നിയന്ത്രിക്കുന്ന കംപ്യൂട്ടറിന്റെ നൂതന സാങ്കേതിക വിദ്യകൾപോലും പകർന്ന് തരാൻ കഴിയുന്ന പക്വത നേടിയിരിക്കുന്നു.

സിനിമ മറ്റേതൊരു കലയേക്കാളും സാർവ്വലൗകികമാണ്. അതിന്ന് പ്രത്യേക ഭാഷയുടെ ആവശ്യമില്ല ഏത് സംസ്കാരത്തിലും അത് അഭിവൃദ്ധി പ്രാപിക്കും. ലോകത്തിന്റെ ഏത് കോണിലുള്ളവർക്കും കാണാനും കേൾക്കാനും കഴിവുള്ള ഏതൊരു മനുഷ്യനും സിനിമ ആസ്വദിക്കാൻ കഴിയും. സാർവ്വലൗകികമായ ബിംബങ്ങളും പ്രതീകങ്ങളും ഉപയോഗിക്കുന്നതാണ് അതിന് കാരണം. അടൂരും അരവിന്ദനും ജോൺ എബ്രഹാമുമൊക്കെ ലോകപ്രശസ്തരായത് മലയാളഭാഷയുടെ സംസ്കാരലും ഉപയോഗിച്ചാണ് എന്നുള്ളത് അത്ഭുതകരമാണ്. ഇന്ത്യയിൽ വളരെ കുറച്ച്പേർ മാത്രം സംസാരിക്കുന്ന ഭാഷയാണ്. മലയാളം എന്നതും ശ്രദ്ധേയമാണ്. ലോകത്തിലെ ഏത് ഭാഷയിൽ നിർമ്മിക്കപ്പെടുന്ന സിനിമയും കേരളീയർ ആസ്വദിക്കുന്നു.

സിനിമയെന്താണ് ? ദൃശ്യങ്ങളിലൂടെ കഥ പറയുന്നതാണ് സിനിമ സംഗീതവും ശബ്ദവും മറ്റ് സാങ്കേതിക സ്രോതസ്സുകളെല്ലാം തന്നെ അതിന്ന് മിഴിവേകുവാനുള്ളവ മാത്രമാണ്. ഇന്ത്യൻ സിനിമയിൽ മലയാളത്തിന്റെ സ്ഥാനം ഉന്നതിയിലാണെങ്കിൽ തന്നെയും അടുത്ത കാലത്തായി കലാപരമായ മികച്ച സൃഷ്ടികൾ ഉണ്ടാകുന്നില്ല എന്നുള്ളതാണ് സത്യം. "മഹാത്തായ ചലച്ചിത്രങ്ങളും മഹാന്മാരായ ചലച്ചിത്രകാരന്മാരും ഉണ്ടാകണമെങ്കിൽ ഉയർന്ന ആസ്വാദനക്ഷമതയുള്ള പ്രേക്ഷകർ ഉണ്ടാകണം". 'ക്ലോസ്സപ്പ്', ദൂരദൃശ്യം എന്നീ സാങ്കേതികമായ കഴിവുകൾ ചലച്ചിത്രത്തിന്ന് സംഭാവന നൽകിയ ഗ്രിഫിത്തിന്റേതാണ് ഈ വാക്കുകൾ.

നല്ല സിനിമയുണ്ടാകണമെങ്കിൽ ഇവിടെ ഒരു ചലച്ചിത്ര സംസ്കാരമുണ്ടാകേണ്ടത് ആവശ്യമാണ്. 'ഞാൻ സിനിമ കാണാറില്ല' എന്ന് പറയുന്നത് ഏതൊ മഹനീയമായ സംഗതിയായിട്ടാണ് പലരും കരുതുന്നത്. സാഹിത്യമാസ്വദിക്കുകയില്ല എന്ന് പറയുന്നത് പോലെതന്നെ ബൗദ്ധികമായ പാപ്പരത്തമാണ് സിനിമ ആസ്വദിക്കുകയില്ല എന്ന് പറയുന്നതും.

ആസ്വാദനക്ഷമതയുള്ള പ്രേക്ഷകർ എങ്ങനെയുണ്ടാകും ? സാഹചര്യമില്ലായ്മ കൊണ്ടോ താല്പര്യമില്ലായ്മ കൊണ്ടോ, വിദ്യ അഭ്യസിച്ചിട്ടില്ലാത്ത വ്യക്തിയും വിദ്യ അഭ്യസിച്ച വ്യക്തിയും മാതൃഭാഷ ഒരേപോലെ സംവേദനം ചെയ്യുമെങ്കിലും രണ്ടുപേരുടേയും ഭാഷണത്തിൽ ഗുണപരമായ വ്യത്യാസമുണ്ടാകും.

അതുപോലെ തന്നെയാണ് സിനിമ ആസ്വദിക്കുന്ന വ്യക്തിയും സിനിമ കാണുന്ന വ്യക്തിയും ബന്ധപ്പെട്ടിരിക്കുന്നത്. ആസ്വാദന നിലവാരം എങ്ങനെ വർദ്ധിപ്പിക്കാമെന്ന ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം പറഞ്ഞാൽ, നല്ല സിനിമകൾ കാണുന്നത് വഴി. നല്ല ഒരു സിനിമാസ്വാദകനാകാൻ ഡിഗ്രി

സംബോധനത്തിന്റെ ഒന്നുമാവശ്യമില്ല. സാക്ഷര നെന്നോ നിരക്ഷകനെന്നോ ഭേദമില്ലാതെ സിനിമ ആർക്കും ആസ്വദിക്കാൻ കഴിയും. നല്ല സൃഷ്ടികൾ കാണുന്നത് അതിനെ കുറിച്ചുള്ള പഠനങ്ങൾ വായിക്കുന്നത് എന്നിവയെല്ലാം തന്നെ ആസ്വാദനം വർദ്ധിപ്പിക്കാൻ ഉപകരിക്കും. ഏറ്റവും പ്രധാന്യമർഹിക്കുന്ന സിനിമ കാണുന്നതിനെയാണ്. ഉത്തമ കലാസൃഷ്ടികൾ കാണുന്നത് ആസ്വാദന നിലവാരം ഉയർത്തും എന്നതിന് വ്യക്തമായ ഉത്തരമാണ് എം. ടി. യുടെ ഈ വാക്കുകൾ " കർണ്ണാടകയിലെ ഒരു ഗ്രാമത്തിൽ ഫിലിം സൊസൈറ്റികളുടെ പ്രവർത്തനഫലമായി ഉത്തമകലസൃഷ്ടികൾ കാണിക്കുകയുണ്ടായി. അവിടുത്തെ നിരക്ഷരരായ ജനങ്ങൾ അതിനുമുമ്പ് കണ്ടിരുന്നത് വെറും കച്ചവടചരക്കുകൾ മാത്രമായിരുന്നു. കുറേനാളുകൾക്ക് ശേഷം, നാം ഇതുവരെ കണ്ടിരുന്നത് സിനിമ തന്നേയായിരുന്നോ എന്നചോദ്യം ചോദിക്കുവാൻ പര്യാപ്തമായ തരത്തിൽ അവരുടെ ആസ്വാദന നിലവാരം വർദ്ധിച്ചു." ഇതിൽ നിന്നും വ്യക്തമാകുന്നത് എന്താണെന്ന് വെച്ചാൽ നിരക്ഷതയോ സാക്ഷരതയോ അല്ല ആസ്വാദന നിലവാരത്തിന്റെ അളവ് നിർണ്ണയിക്കുന്നത് എന്നതാണ്.

ഇന്ത്യൻ സിനിമയുടെ ചരിത്രം പരിശോധിച്ചാൽ സിനിമയെ കൈനീട്ടിസ്വീകരിച്ചത് വ്യവസായികളാണ്. ആ വ്യവസായികളുടെ കൈകളിൽ തന്നേയാണ് ഇപ്പോഴും ഇന്ത്യൻ സിനിമ. അവർ സാധാരണക്കാരന്റെ വികാരങ്ങളെ ചൂക്ഷണം ചെയ്തു പണമുണ്ടാക്കുന്ന ഒരുമാന്ത്രിക വിദ്യയായിട്ടാണ് സിനിമയെക്കണ്ടത്, ഇപ്പോഴും അങ്ങനെതന്നെ!. സിനിമയെ വ്യവസായികളുടെ കൈകളിൽ നിന്നും അടർത്തിയെടുത്ത് കലാകാരന്മാരുടെ കൈകളിൽ ഏല്പിച്ചാൽ മാത്രമേ നല്ല സിനിമയുണ്ടാവുകയുള്ളൂ. സിനിമയുടെ നിർമാണചിലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. അതിനാൽ നല്ലസിനിമ ഉണ്ടാകുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും യുക്തിപൂർവ്വമായ സഹകരണങ്ങളും സഹായങ്ങളും ഉണ്ടകണം. ഒരു പേനയും കടലാസും പോലെ ചലച്ചിത്രനിർമ്മാണ സാമഗ്രികൾക്ക് വിലകുറയും വരെ ഈ ലോകത്ത് നല്ല സിനിമയുണ്ടാകില്ലായെന്ന് ചലച്ചിത്രാചാര്യനായ ഗോദാർദ് അഭിപ്രായപ്പെട്ടിരുന്നു. നല്ലസിനിമക്ക് സാമ്പത്തികസഹായവും നികുതിയിളവുകളും ഏർപ്പെടുത്തേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്.

അറപ്പുളവാക്കുന്ന ഏതോ മാധ്യമമായിട്ടാണ് നമ്മുടെ സർവ്വകലാശാലകളും വിദ്യാഭ്യാസപണ്ഡിതന്മാരും സിനിമയെ കാണുന്നത്. ഈ അയിത്തം കല്പിക്കൽ കാലഘട്ടത്തിന്റെ ആവശ്യകതക്ക് നേരെ കൊഞ്ഞണം കാട്ടുന്നത് പോലെയാണ്. സാഹിത്യ കൃതികൾ പോലെതന്നെ സിനിമയും പഠനവിഷയമാകണം. ഡിഗ്രിതലത്തിലെങ്കിലും പാഠ്യവിഷയമായി സിനിമ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

സിനിമയെന്ന കലയുടെ അപചയത്തിൽ പരിതപിക്കുന്ന ഈ ഘട്ടത്തിൽ, സിനിമക്ക് വേണ്ടി ജീവിക്കുകയും സിനിമയുടെ ഉന്നമനത്തിന് ഉതകുന്ന തരത്തിൽ തന്റെ കാഴ്ചപാടുകൾ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുകയും ചെയ്ത ' ജോൺ എബ്രഹാം' എന്ന കലാ ജീനിയസ്സിനെ ഓർക്കുന്നത് ഉചിതമായിരിക്കും. നാല്ചിത്രങ്ങളിലൂടെ സിനിമയെ ജനങ്ങളിലേക്കെത്തിക്കുകയും, മലയാളസിനിമയുടെ പ്രതിഭാവിലാസം ലോകസമക്ഷത്തിൽ അവതരിപ്പിക്കുകയും ചെയ്ത അപൂർവ്വപ്രതിഭ. അദ്ദേഹത്തിന്റെ ആദ്യചിത്രമായ 'വിദ്യാർത്ഥികളേ ഇതിലേ ഇതിലേ' കച്ചവട താത്പര്യത്തിന് വേണ്ടിയെടുത്തചിത്രമായിരുന്നു. ആ ചിത്രത്തിന്റെ പ്രിവ്യൂഷോ കണ്ടുകൊണ്ടിരുന്നപ്പോൾ അദ്ദേഹം കൂകികൊണ്ട് ഇറങ്ങിപ്പോയി. സിനിമയെ ജീവനേക്കാൾ സ്നേഹിച്ച ആ കലാകാരന് സിനിമയെ ജനങ്ങളിലേക്ക് എത്തിക്കാൻ 'ഒഡേസാ'എന്ന ഒരു സംഘടന രൂപീകരിച്ചു. ജനങ്ങളിൽ നിന്ന് പൈസപിരിച്ച് ചിത്രം നിർമ്മിക്കുകയും അത് ജനങ്ങളെ കാണിക്കുകയും ചെയ്യുകയായിരുന്നു ആ സംഘടനയുടെ ലക്ഷ്യം. എന്തിനും ഏതിനും പിരിവ് പതിവാക്കിയിരിക്കുന്ന ഈകാലത്ത് അദ്ദേഹത്തിന്റെ കലാസ്നേഹം ചോദ്യം ചെയ്യപ്പെട്ടേക്കാം. സിനിമക്ക് കൊട്ടകയെന്ന 'കൊത്തള'ത്തിന്റെ ആവശ്യമില്ലന്ന് സിനിമ ജനങ്ങളിലേക്ക് എത്തേണ്ട കലയാണെന്നും ഉറച്ചുവിശ്വസിച്ചിരുന്ന ഒരു കലാകാരന്റെ ആത്മാവിൽ ഉയിർകൊണ്ട ഒരുമഹനീയ ദർശനമായി അതിനെ കാണാം. 'ഒഡേസ' എന്ന സംഘടന പോലെയുള്ള സംഘടനകൾ വളർന്ന് വരേണ്ടത് കാലത്തിന്റെ ആവശ്യമാണ്. അദ്ദേഹത്തെ പോലെ ഒരു കലാകാരനും !.

ജോൺ എബ്രഹാമിനെ പോലെയുള്ള പ്രതിഭാസമ്പന്നരായ കലാകാരന്മാരുടെ നാടാണ് കേരളം. ആ പ്രതിഭവിലാസങ്ങളെ നമ്മുക്ക് കണ്ടെത്താൻ കഴിയണം. അവർക്ക് നല്ല സിനിമയുണ്ടാക്കാനുള്ള പരിസ്ഥിതി ഒരുക്കികൊടുക്കണം. അവരുടെ സൃഷ്ടികളെ ആസ്വദിക്കാൻ സിനിമാസ്നേഹികളുണ്ടാകണം. ഫിലിം ഇൻസ്റ്റിട്യുറ്റുകളിലൂടെ, സർവ്വകലാശാലകളിലെ സിനിമാവിദ്യാഭ്യാസങ്ങളിലൂടെ, ഫിലിം സൊസൈറ്റികളിലൂടെ സിനിമയെ ജനങ്ങളിലേക്കെത്തിക്കാൻ ശ്രമങ്ങളുണ്ടാകണം. നല്ലൊരു ചലച്ചിത്ര സംസ്കാരത്തിന് നമുക്കൊരുമിച്ച് പരിശ്രമിക്കാം.



# പ്രസിഡൻഷ്യൻ ഭരണരീതി അഭികാമ്യമോ..........



മാത്യൂ എബ്രഹാം Final BCom

ഇന്ത്യ അതിന്റെ സ്വാതന്ത്ര്യത്തിന്റെ 50 വർഷം പിന്നിട്ടിരിക്കുന്നു. പിന്നിട്ടവർഷങ്ങളിലൂടെ ജനാധിപത്യരീതിയുടെ മൂല്യങ്ങളിൽ മുറിക്കെപിടിച്ചിരുന്ന ഭാരതത്തിൽ ഇന്ന് ആ മൂല്യങ്ങളുടെ അന്തഃസത്തയെ ചോദ്യം ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു ജനാധിപത്യവ്യവസ്ഥിതി ആവശ്യമോ? അതോ പ്രസിഡൻഷ്യൽരീതിയിലേക്ക് രാജ്യത്തിനെ വലിച്ചിഴക്കണോ? ഇതൊരു ചർച്ചാവിഷയമായിരിക്കുന്നു.

ഇന്ത്യൻ ജനാധിപത്യം ഭരണഘടനയുടെ അടിസ്ഥാനശിലകളിൽ ഒന്നാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായി ഭാരതത്തെ ഉയർത്തിയതിൽ ഇന്ത്യൻ ഭരണഘടനയുടെ ഈ അടിസ്ഥാനശില പ്രമുഖസ്ഥാനം കൈവരിച്ചിരിക്കുന്നു. പക്ഷെ ഇന്ന് ജനാധിപത്യത്തിന്റെ യഥാർത്ഥമായ മൂല്യങ്ങൾക്ക് ശോഷണം സംഭവിച്ചിരിക്കുന്നു. ജനങ്ങൾക്ക്വേണ്ടി ഭരിക്കുന്നുഎന്ന അടിസ്ഥാനതത്വത്തിന് കാതലായ മാറ്റം സംഭവിച്ചിരിക്കുന്നു.

ഇതിനുള്ള സമൂലമായ മാറ്റത്തിന് ജനാധിപത്യസമ്പ്രദായത്തെ പൊളിച്ചെഴുതുന്നതിനോട് ഇന്ത്യൻ ജനതക്ക് യോജിപ്പില്ല. വർഷങ്ങൾകൊണ്ട് മെനഞ്ഞെടുത്ത വിശുദ്ധമായ ഒരുഭരണഘടനയുടെ അടിസ്ഥാനത്തിൽ ഇന്ത്യക്ക് കൈവന്നത് ഒരു നല്ലരീതിയിലുള്ള വികസനമാണ്. ജനാധിപത്യം അതിന്റെ യഥാർത്ഥമൂല്യം കൈവരിക്കണമെങ്കിൽ ജനപ്രതിനിധികൾ തന്നെ നാടുഭരിക്കണം. രാജ്യത്തിന്റെ എതു സങ്കീർണ്ണമായ പ്രതിസന്ധികളെയും തരണംചെയ്യുവാനുള്ള നിയമങ്ങൾ ഭരണഘടനയിൽ അനുശാസിക്കുന്നു. പക്ഷെ അതു പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ച സംഭവിക്കുന്നു.

ഈ സാഹചര്യത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടായി രാജ്യത്തിന്റെ ഭരണത്തിൽ കടിഞ്ഞാണായിരുന്ന ജനാധിപത്യത്തെ മൂടോടെ പറിച്ചുമാറ്റുന്നത് ഭരണഘടനയുടെ അന്തസത്തയെ ബാധിക്കും. നിലവിലുള്ള ഭരണരീതിയിൽ അധിഷ്ടിതമായി ജനാധിപത്യ സമ്പ്രദായം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുവാനുള്ള ഭേദഗതികൾക്കാണ് നാം മുൻതൂക്കം നൽകേണ്ടത്.

ഭാഷയുടേയും സാംസ്കാരത്തിന്റെയും വ്യത്യസ്ഥതലങ്ങൾ നിലനിൽക്കുന്ന നാടാണ് ഇന്ത്യ. അതിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കേണ്ടത് ഏതു പൗരന്റേയും കടമയാണ്. ഓരോ സംസ്ഥാനങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കണം. ഇതിന് അധികാര വികേന്ദ്രീകരണം സാധ്യമാകണം. പാർലമെന്റ് സമ്പ്രദായത്തിനേ ഇത് കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ.

ഇന്ത്യയിൽ ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് അഞ്ച് വർഷത്തേക്കാണ്. എന്നാൽ ഇന്നീ സ്ഥിതിക്കുവന്ന മാറ്റം മൂലം ഖജനാവിന്റെ സമ്പത്ത് കാലിയാവുന്നു. ഇതിനുകാരണക്കാർ ആരാണ്. ജനങ്ങളോ? അതോ ഭരണകർത്തളോ. ഇന്ത്യയുടെ മുന്നിൽ ഇത്തരത്തിലുള്ള ചോദ്യങ്ങൾക്കാണ് ഉത്തരംകാണേണ്ടത്. ജനങ്ങൾ തിരഞ്ഞെടുത്തയക്കുന്ന കാലയളവിലേക്ക് ഗവൺമെന്റ് നിലനിൽക്കുവാനുള്ള വഴിയാണ് ഉത്തമം. ഇതിനു വേണ്ടി ഭരണഘടനാ വിദഗ്ദരും ഗവൺമെന്റും ചിന്തിച്ച് ഭരണഘടനയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിൽ തെറ്റില്ല.

അമേരിക്ക പോലുള്ള വികസിത രാഷ്ട്രത്ത് രണ്ടോമൂന്നോ രാഷ്ട്രീയ പാർട്ടികൾ നിലനിൽക്കുമ്പോൾ ലോകജനാധിപത്യത്തിന്റെ കാരണവരായ ഇന്ത്യ പാർട്ടി പ്രളയം മൂലം വീർപ്പുമുട്ടുകയാണ്. അവനധി രാഷ്ട്രീയ പാർട്ടികൾ താൽകാലിക സാഹചര്യങ്ങൾക്കനുസരണമായി തൂക്കുപാർലമെന്റ് നിലവിൽ വരുമ്പോൾ അതിന്റെ നിലനിൽപ്പ് എത്രത്തോളമെന്ന് ഊഹിക്കാവുന്നതേയുള്ള ഈ കാലത്തു കാണപ്പെടുന്ന സംഭവവികാസങ്ങൾക്കെല്ലാം കാരണം ഈ ഗുരുതരമായ കൃത്യവിലോപം ആണ്.

ജനങ്ങളുടെ ആവശ്യങ്ങളും രാജ്യത്തിന്റെ സാമ്പത്തികനിലയും ദിവസം പ്രതിവിലയിരുത്തുന്ന ഒരു ഭരണക്രമം ആണ് നമുക്കാവശ്യം. ഇത്തരത്തിലുള്ള വിലയിരുത്തലിനു ഏറ്റവും ഉത്തമം പാർലമെന്ററി സമ്പ്രദായമാണ്. വ്യാവസായിക വികസനം, വിദേശബന്ധങ്ങൾ എന്നിവയുടെ തൻമൂലമായ പുരോഗതി പ്രാപിക്കുവാൻ ജനാധിപത്യ സമ്പ്രദായത്തിനുകഴിഞ്ഞു എന്നത് പോയ വർഷങ്ങളിലെ തെളിവുകൾ ആണ്.

ചുരുക്കത്തിൽ ജനാധിപത്യത്തിൽ നിന്നും പ്രസിഡൻഷ്യൽ ഭരണരീതിയിലുള്ള മാറ്റം മൂലം രാജ്യം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാവില്ല. നമുക്കാവശ്യം ജനാധിപത്യത്തിന്റെ യഥാർത്ഥമായ മൂല്യം സംരക്ഷിക്കുക എന്നതാണ്. ഇതിൽ നമ്മൾ മുന്നേറുന്നു എങ്കിൽ ജനാധിപത്യം അതിന്റെ യഥാർത്ഥമായ മൂല്യങ്ങൾക്ക് അധിഷ്ടിതമായി നിലനിൽക്കും മറിച്ച് ഒരു പുതിയ ഭരണരീതിയിലേക്കുള്ള കാൽവെയ്പാണെങ്കിൽ അത് യുഗങ്ങളായി കെട്ടിപ്പടുത്ത ഒരു വലിയ സംസ്കാര പാരമ്പര്യത്തെ പൊടുന്നനേ ഉൻമൂലനാശനം ചെയ്യുവാനുള്ള ഒരു എടുത്തുചാട്ടമാവും-സംശയമില്ല.



# യുവജനോത്സവങ്ങൾ തട്ടിപ്പുകളോ ?



ജെ. ഷീജാകുമാരി IInd BSc.(Botony)

സ്കൂളിലും കോളേജിലും പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥികൾക്കും പഠനത്തിനു പുറമേ കലാകായികരംഗങ്ങളിലേക്ക് ഉയരുവാനും അവയുടെ നല്ല വശങ്ങളേകുറിച്ച് മനസ്സിലാക്കുവാനുള്ള ഒരുപാധിയും പുറമേ മാനസികമായ ആനന്ദത്തിനും കാരണമാകുന്ന ഏറ്റവും വലിയ പരിപാടിയായിരുന്നു യുവജനോത്സവങ്ങൾ. എന്നാൽ ഇന്ന് ഈ പരിപാടികൾ വെറും വ്യവസ്ഥിതികൾ മാത്രമായി കൊണ്ടിരിക്കുന്നു. വിശേഷണങ്ങൾ കൊണ്ട് സമർത്ഥിക്കാനാകാത്ത എത്രയോ പ്രതിഭാധനരായ വിദ്യാർത്ഥികളും ഏറ്റവും ഉത്തമമായ സൃഷ്ടികളും കലാപരവും, കായികപരവുമായ അഭ്യാസങ്ങളും സ്റ്റേജിന്റെ മൂലയിലേക്ക് അഥഴാ അധികൃതരുടെ അവജ്ഞയ്ക്ക് പാത്രമാകുമ്പോൾ ഉത്തമമല്ലാത്ത സൃഷ്ടികളും, വ്യക്തികളും തിളങ്ങുന്നു. പക്ഷേ ഈ തിളക്കങ്ങൾ പത്രങ്ങളുടെ വെറും ക്യാമറാ ഫ്ളാഷുകളിൽ ഒരുങ്ങുമ്പോൾ ആ വ്യക്തിയ്ക്ക് പോലും മാനസിക സന്തോഷം കൈവരുന്നുണ്ടോ എന്നത് ചിന്താവഹമാണ് ! എന്തിനാണിങ്ങനെ 'ഇരിക്കപ്പിണ്ഡം' വയ്ക്കുന്നത് ! പണ്ട് ജാതി വ്യവസ്ഥയുടേയോ, പലതരം മേൽക്കോയ്മയുടേയോ പേരിൽ കലാസൃഷ്ടികൾക്ക് ആഘാതമേറ്റു കൊണ്ടിരുന്നു. എന്നാൽ ഇന്ന് ഈ 20–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ, കമ്പ്യൂട്ടർ യുഗത്തിൽ, സമ്പൂർണ്ണസാക്ഷരത കൈവരിച്ച കേരളത്തിലും ഇത്തരം കാപട്യങ്ങളോ?......



പുരാതന കലകളായ കഥകളി, ചാക്യാർകൂത്ത്, ഭരതനാട്യം, മോഹിനിയാട്ടം എന്നിവയുടെ പ്രാധാന്യം വ്യക്തികളിലും നാടിന്റെ ഐശ്വര്യത്തിനും, പ്രശസ്തിയ്ക്കും വേണ്ടി ഉത്തമമായ ഒരുപങ്കു വഹിച്ചിരുന്നു. എന്നാൽ ഇന്ന് പുരാതനവും ശ്രേഷ്ഠവുമായ ഈ കഥകൾ പണമുള്ളവന്റെ കയ്യിൽ മാത്രം ഒതുങ്ങികൂടുന്നു. അതിനുദാഹരണമാണ് യുവജനോത്സവങ്ങളിലെ പ്രകടനങ്ങൾ കാശു കൊടുത്ത് വാങ്ങികൂട്ടുന്ന കലാതിലകപ്പട്ടങ്ങളും മറ്റും വെറും നോക്കുകുത്തികളാകുന്ന നിമിഷത്തിൽ എല്ലാവർക്കും മനസ്സിലാകു....

യുവജനോത്സവവേദികളിൽനിന്ന് കലയുടേയും, സാഹിത്യത്തിന്റേയും മുന്നിൽ ലോകപ്രശസ്തരായ എത്രയോ പേർ...... ഗാനഗന്ധർവ്വനായ യേശുദാസും, മികച്ചഗായകൻ ജയചന്ദ്രൻ തുടങ്ങി വെള്ളിത്തിരകളിൽ പോലും പ്രശസ്തരായവരുടെ പട്ടിക നിരവധി എന്നാൽ ഇന്നത്തെ 'പ്രതിഭകൾ' എല്ലാം പത്രത്തിന്റെ തലക്കെട്ടുകളാകുകയാണോ എന്നൊരു സംശയം. രണ്ടോ, മൂന്നോ ദിവസത്തെ പരിപാടികൾ കഴിയുമ്പോൾ വൻപിച്ച സാമ്പത്തികനഷ്ടം! മറുവശത്തെ ആയിരങ്ങൾ പട്ടിണിക്കെടുതി മൂലം മരിച്ചു കൊണ്ടിരിക്കുന്നു എന്ന അലംഘനീയമായ അവസ്ഥ അതിദയനീയം !

ഈ വ്യവസ്ഥിതികൾ ഇനിയെങ്കിലും മാറേണ്ട കാര്യം അഥവാ മറ്റേണ്ടകാര്യം അനിവാര്യമാണ്. ഇത് മാറണമെങ്കിൽ ഒരു വ്യക്തിയുടേയോ, പ്രസ്ഥാനത്തിന്റേയോ മാത്രം പ്രവർത്തനം പോരാ !, മറിച്ച് എല്ലാ വിദ്യാർത്ഥികളുടേയും, രക്ഷകർത്താക്കളുടേയും കൂട്ടായ പ്രവർത്തനം വേണം. അതിന്റെ നല്ലവശങ്ങൾ പുതിയ തലമുറകൾക്കുകൂടി പകർന്നുക്കൊടുക്കണമെന്നുള്ളത് ഓരോവ്യക്തിയുടേയും അവകാശമാണ്.

MATHS



Rajesh. R

PHYSICS



Abhilash

CHEMISTRY



Sulfi

BOTONY

Biju Kurikesh

ZOOLOGY



Abhilash. J

ENGLISH



Ajith

ISLAMIC HISTORY



Muhammed Sulaim

COMMERCE



Sayam

I[ST] RANK IN BOTONY



Shanima Beegom. S.

KALA PRATHIBHA



Shuhaib. S

KALA THILAKAM



Rajani. S.R



# വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ



ഹുമാം ഷാ IInd BA(Eng.)

'പണ്ടെങ്ങോ നാടും നഗരവും കത്തിയെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിച്ചുപോൽ'. സാമ്രാജ്യത്വത്തിന്റെയും സാംസ്കാരികാധപതനത്തിന്റെയും അവസാനത്തെ കുരുക്കും ഒരു ജനതതിയുടെ മുഴുവൻ കഴുത്തുകൾ മുറുക്കുമ്പോൾ സ്വച്ഛമായി അധികാര കസേരയിലിരുന്ന് വിദ്യാഭ്യാസത്തേയും സംസ്കാരത്തേയും വിൽക്കുന്ന ഒരുപറ്റം നീറോ ചക്രവർത്തിമാരാണിന്നിവിടെ. 'സത്യം അറിയുക, സത്യം സ്വാംശീകരിക്കുക, സത്യം അറിയിക്കുക' തുടങ്ങിയ വിദ്യാഭ്യാസ പ്രക്ര്യയയിലുടനീളം അനാവശ്യമായ സാമ്പ്രജ്യത്വ കൈകടത്തലുകൾ കടന്നുവരുന്ന വർത്തമാനകാല സമൂഹത്തിൽ സാധാരണ സംഭവം മാത്രമായിരുക്കുന്നു.ഉത്തരാധുനിക ( പോസ്റ്റ് മോഡേൻ) സമൂഹത്തിലെ ഏറ്റവും വലിയ വ്യവസായം വിദ്യാഭ്യാസമാണ്. ഏറ്റവും ലാഭകരം' സംസ്കാരം' വിൽക്കലാണ് എന്ന്, തിരിച്ചറിയാൻതക്ക ബോധതലത്തിലേക്കുള്ള നമ്മുടെ വളർച്ചയിൽ നമ്മുക്കും അഭിമാനിക്കാം !



"മനുഷ്യന്റെ സഹജമായ അവശ്യകതയാണ് വിദ്യാഭ്യാസം. ശ്വസിക്കാൻ വായുയെന്നപോലെ ജനങ്ങൾ വിദ്യാഭ്യാസത്തെ തേടുന്നു, സ്നേഹിക്കുന്നു." എന്ന ടോൾസ്റ്റോയിയുടെ വാക്കുകൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെയും പ്രധാന്യത്തേയും കാണിക്കുന്നു. എന്നാൽ ആധുനിക സമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെ പാടെ നിഷേധിച്ചുകൊണ്ട് അതിനെ ചിലരുടെയെല്ലാം സ്വകാര്യസ്വത്തായി സംരക്ഷിക്കാൻ ശ്രമിക്കുന്നത് നാം കാണാതിരുന്നുകൂടാ. നമ്മുടെ വിദ്യാഭ്യാസരംഗം– പ്രൈമറിതലം മുതൽ ഉന്നതവിദ്യാഭ്യാസം വരെയുള്ള മേഖലകൾ– പ്രതിസന്ധിയെ നേരിടുന്നു.

വിദ്യാഭ്യാസത്തിന്റെ സുസ്ഥാപിതങ്ങളായ ലക്ഷ്യങ്ങളെയും ആശയാടിത്തറയേയും തകർക്കുന്ന ഭീകരമായ സാമ്രാജ്യത്ത്വ കടന്നുകയറ്റമാണ്– 'ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി' (DPEP-District Primary Educational Programe) എന്ന പേരിൽ ലോകബാങ്കിന്റെ നിർദ്ദേശാനുസരണവും അവരിൽനിന്നുള്ള ധനസഹായത്തോടും കൂടി നടപ്പിലാക്കുന്നത്. 'പഠനഭാരം ലഘുകരിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതിയെന്ന് പറയുന്നതും ശരിയല്ല. കാരണം ഡി. പി. ഈ. പി. നടപ്പിലാക്കുന്നത് സാധാരണ സർക്കാർ സ്കൂളുകളിലാണ്. എന്നാൽ ഇംഗ്ലീഷ് മീഡിയം, അൺ–എയ്ഡഡ് സ്കൂളുകളിലാണ് പഠനഭാരം കൂടുതലുള്ളത് . ഇവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുമില്ലയെന്നത് നമ്മുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. 'പ്രാഥമിക വിദ്യാഭ്യാസരംഗത്ത് കേരളം ബീഹാറിനേക്കാൾ പിന്നിലാണ്' എന്നാണ് ഡി.പി. ഇ. പി. വിദ്ഗധരുടെ പുതിയ കണ്ടെത്തൽ. ഈ വാദഗതി തെറ്റിദ്ധാരണാജനകമാണ്. പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ഏറ്റവും പിന്നിൽ നിൽക്കുന്ന ആന്റമാൻ നിക്കോബാർ ദ്വീപുകൾക്ക് തൊട്ട് മുകളിൽ മാത്രമാണ്. ബീഹാറിന്റെ സ്ഥാനം. ദേശീയ വിദ്യാഭ്യാസനയത്തിനും യശ്പാൽ കമ്മിറ്റി റിപ്പോർട്ടിനും അനുസൃതമായി നടപ്പാക്കുന്ന ഈ പദ്ധതി മൂന്നാംലോകരാജ്യങ്ങളെ സ്വന്തം ചൊൽപ്പടിയിൽ നിർത്താനായി ആവിഷ്കരിച്ചിരിക്കുന്ന സാമ്രാജ്യത്വ ഉപജാപങ്ങളുടെ ഭാഗമാണ് എന്നവസ്തുത നാം തിരിച്ചറിയണം.

പുതിയ കോളേജുകൾ ആരംഭിച്ചുകൊണ്ടും, ഉള്ളവ അപ്ഗ്രേഡ് ചെയ്തും, പുതിയ കോഴ്സുകൾ ആരംഭിച്ചും, പ്രീ–ഡിഗ്രി നടത്തിപ്പിനുള്ള സർവ്വകലാശാലകളിലെ സംവിധാനം വിപുലീകരിച്ചു കൊണ്ടും പ്രീ–ഡിഗ്രികളെ മെച്ചപ്പെടുത്തുന്നതിന് പകരം, കാൽനൂറ്റാണ്ടിലേറെയായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കീഴിൽ, കോളേജുകളിൽ സാമാന്യം മെച്ചപ്പെട്ട നിലയിൽ നടന്നുവരുന്ന പ്രീ–ഡിഗ്രിയെ

# Club Secretaries



Vinu Kumaı
*(Photographic club)*



Mohammed Faisal
*(Book club)*



Shifaz
*(Music club)*



Sherief Kutty
*(Canteen Rep:)*



Ziyad.A.L.
*(Garden club)*



Saju. A
*(Chess club)*



Saj
*(Painting club)*



Gopu. S.
*(Nature Rep:)*



Sooraj
*(Video club)*



Abulmuhzin
*(Cine club)*



Niphi Thankachan
*(Carrier club)*



Muhammad Iqbal
*(Library Rep:)*

തരംതാഴ്ത്താഴാനായി സ്കൂളുകളിൽ പ്ലസ്-ടു പരിഷ്ക്കാരം നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്നു. പ്ലസ്-ടു പരിഷ്കാരത്തിലൂടെ ഭാവിയിൽ 90% വിദ്യാർത്ഥികളുടെയും ഉപരിപഠനസാദ്ധ്യതകൾ ഇല്ലാതാവും എന്നകാര്യം നാംഗൗരവമായി കാണണം. കോളേജുകളിലെ ലക്ഷക്കണക്കിന് രൂപയുടെ ലാബ്, ലൈബ്രറി സംവിധാനങ്ങൾ കെട്ടിടങ്ങൾ എന്നിവ ഒഴിഞ്ഞുകിടക്കുകയും, പ്ലസ്-ടു ആരംഭിച്ചിരിക്കുന്ന സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും എന്തിന് സിലബസ് പോലും ഇല്ലാത്ത ഭീകരമായ വിദ്യാഭ്യാസ പ്രതിസന്ധി നേരിടുകയാണ് നാമിന്ന്. 'ദേശീയ വിദ്യാഭ്യാസനയ'മനുസരിച്ച് ഇന്ത്യയിലെല്ലായിടത്തും പ്രീ-ഡിഗ്രി, പ്ലസ്സ്-ടു എന്ന നിലയിൽ സ്കൂളുകളിലാണ് എന്ന വാദഗതിയും ശരിയല്ല. ഒരുതലമുറയുടെതന്നെ ഭാവിയുപയോഗിച്ചുള്ള ഈ കളിയിൽ പൊള്ളുന്നത് സാധാരണക്കാരന്റെ കരങ്ങളാണ്.

"തൊഴിലില്ലായ്മ പരിഹരിക്കാൻ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം" എന്ന പ്രചരണത്തോടെ ആരംഭിച്ച വൊക്കേഷണൽ ഹയർസെക്കൻഡറികൾ നിർണായകമായ പ്രതിസന്ധിയിലാണ്. വിദ്യാഭ്യാസത്തെ കേവലം കൈതൊഴിൽ പരിശീലിപ്പിക്കുന്ന ഒരു ഫാക്ടറിയാക്കി അധഃപതിപ്പിച്ച്, ഭാഷയും ശാസ്ത്രവും പൂർണമായും ഒഴിവാക്കുകയോ, വികലമാക്കുകയോ ആണ് ഇവിടെ ചെയ്യുന്നത്. ഈ സാഹചര്യത്തിൽ തന്നെ 80% ത്തിലധികം വി. എച്ച്. എസ്. ഇ കൾക്കും അടിസ്ഥാന സൗകര്യങ്ങളില്ല. ഈ സമ്പ്രദായത്തെകുറിച്ച് കേന്ദ്രനയരേഖ ഇപ്രകാരം പറയുന്നു. ' പ്രത്യേക താല്പര്യമോ ഉദ്ദേശ്യമോ ഇല്ലാതെ ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നവരുടെ പാത തിരിച്ചുവിടാനും സ്വയം തൊഴിൽ കണ്ടെത്താനുമാണീ പദ്ധതി.' ഇതിലൂടെ വി. എച്ച്.എസ്.ഇ. കോഴ്സുകളെ ടെർമിനൽ കോഴ്സാക്കി ഉന്നതവിദ്യാഭ്യാസം നിഷേധിക്കാനും തൊഴിൽ നൽകാനുള്ള ധാർമ്മിക ബാധ്യതയിൽ നിന്ന് ഒഴിഞ്ഞ് മാറാനും സർക്കാരിന് കഴിയും. ഈ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ഹിറ്റ്ലറുടെ 'ഓഫ് ബു ഷൂൾസും' (Aufbauschule)'അഡോൾഫ് ഹിറ്റ്ലർ അക്കാദമി'കളും ഉള്ളടക്കത്തിൽ ഒന്നുതന്നെയാണ് എന്ന് ചരിത്രം പരിശോധിച്ചാൽ ബോദ്ധ്യപ്പെടാവുന്നതാണ്. മുതലാളിത്തവ്യവസ്ഥയിൽ ശാസ്ത്രം, വിജ്ഞാനം എന്നിവ അദ്ധ്വാനത്തിൽനിന്ന് വ്യതിരക്തമായി ഒരുല്പാദനശക്തിയായിമാത്രം തീരുന്നുയെന്നും അവമൂലധനത്തിന് സേവനബദ്ധമായി മാറുന്നുവെന്നും 'മൂലധന'ത്തിൽ മാർക്സ് വിശകലനം ചെയ്ത് വ്യക്തമാക്കിയിട്ടുള്ളത് എത്ര അർത്ഥവത്താണ്.

ഒരിക്കൽ ടോൾസ്റ്റോയി പറഞ്ഞു "ഒരുരാജ്യത്തെ ജനങ്ങളുടെ അജ്ഞതയിലാണ് സർക്കാരിന്റെ ശക്തികൂടികൊള്ളുന്നത്. ചരിത്രത്തിന്റെ ഈ പാഠമുൾക്കൊണ്ട് ഭരണാധികാരികൾ വിദ്യാഭ്യാസത്തിന് വേണ്ടിതുച്ഛമായതുകകൾ മാത്രമാണ് നീക്കിവെച്ചിട്ടുള്ളത്. ഒന്നാം പഞ്ചവൽസരപദ്ധതിയിൽ 7.6% വിദ്യാഭ്യാസത്തിന് വകകൊള്ളിച്ചിരുന്നത് ഇന്ന് 2.3% ആയിരിക്കുന്നു. വിദ്യാഭ്യാസത്തിന്കാശില്ല എന്ന് മുറവിളികൂട്ടുന്നവർതന്നെ മറുവശത്ത് സൈനികാവശ്യങ്ങൾക്ക് വേണ്ടിവൻതുകകൾമാറ്റിവെക്കുന്നു. ഒരു രാജ്യത്തിന്റെ ശക്തി ആയുധങ്ങളിലല്ല മറിച്ച് ജനങ്ങളുടെ അറിവിലും ആത്മാർത്ഥതയിലുമാണ് എന്ന് വിയറ്റ്നാം, കൊറിയ എന്നീരാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ മനസിലാക്കാം.

1950ലെ ഭരണഘടനയുടെ നിർദ്ദേശകതത്ത്വങ്ങൾ 6 വയസിനും 14 വയസിനും മദ്ധ്യേപ്രായമുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ഗംഭീരമായി ആഘോഷിക്കുമ്പോഴും ഇന്ത്യൻജനതയിൽ 47.9% ആളുകൾ നിരക്ഷരരാണ്. (ഇന്ത്യൻ സെൻസസ് റിപ്പോർട്ട്). 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൂഗോളത്താകെയുള്ള നിരക്ഷരരിൽ പകുതിയും ഇന്ത്യൻ പൗരൻമാരായിരിക്കും. (ആനന്ദബസാർ പത്രിക) എന്നത് സ്വാതന്ത്ര്യസുവർണ്ണജൂബിലിയുടെ നേട്ടങ്ങളിലൊന്ന് മാത്രം. ഇന്ത്യയിലെ 150 യൂണിവേഴ്സിറ്റികളിലും 5000 കോളേജുകളിലും ഒട്ടുമിക്കതിനും നിലവാരം നിലനിർത്തുന്നതിനത്യാവശ്യമായ മിനിമം സൗകര്യങ്ങൾപോലും ലഭിച്ചിട്ടില്ല.

സർവ്വകലാശാലകളുടെ സ്വയം ഭരണാവകാശങ്ങൾക്ക് നേരേ ഭീഷണി ഉയരുന്നു. ഭരണപരമായ സ്വയം ഭരണാവകാശം (Administrative Autonomy) അക്കാദമിക് സ്വയം ഭരണാവകാശം (Acodemix Autonamy), സാമ്പത്തിക സ്വയം ഭരണാവകാശം (Financial Autonomy) എന്നിവയിൽ ബാഹ്യമായ കൈകടത്തലുകൾ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ മലീമസമാക്കുന്നു. അതുപോലെ തന്നെ വിദ്യാഭ്യാസം ലാഭകരമായ വ്യവസായമാണ് എന്നതിരിച്ചറിവോടെ സ്വകാര്യമുതലാളിമാർ വിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവരുന്നു. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം അതിന്റെ പാവനതയെ നശിപ്പിക്കും എന്ന് മാത്രമല്ല. പണമുള്ളവന് വിലയ്ക്ക് വാങ്ങാൻ കിട്ടുന്ന ഒരു വസ്തുവായി അധഃപതിക്കുകയും ചെയ്യും. പാഠപുസ്തകങ്ങളുടെ അമിതമായ വിലവിർദ്ധനവും ദൗർലഭ്യവും വിദ്യാഭ്യാസമേഖലയെ കാര്യമായി ബാധിക്കും. മാത്രമല്ല പുതുതായി അദ്ധ്യാപകനിയമനങ്ങൾ വേണ്ട അനുപാത

# Co-operative Students Nominees





Shabeek



Surain. K.

## Proof Readers



Ziad. M



Jubin



Sunil. B.



Khais

ത്തിൽ നടത്തുന്നതുമില്ല. ഉള്ള അദ്ധ്യാപകരിൽ പലരും ശരിയായി തങ്ങളുടെ കടമകൾ നിർവഹിക്കുന്നതുമില്ല എന്ന് പറയാതെ നമ്മുടെ ആശാൻമാർക്ക് ഒന്നല്ലല്ലോ പിഴക്കുന്നത്.

പഠിക്കുന്നതിന് വിദ്യാർത്ഥിസംഘടനകളും, പഠിപ്പിക്കുന്നതിന് അദ്ധ്യാപകസംഘടനകളും ഊന്നൽ കൊടുക്കണം. അതിന് നിർബന്ധിക്കുന്നതാകണം രക്ഷാകർത്തൃ സംഘടനകൾ. നമ്മുടെ വിദ്യാഭ്യാസ ദർശനത്തിൽ, സമ്പ്രദായത്തിൽ ഘടനാപരമായ മാറ്റമുണ്ടാകണം. ജീവിതലക്ഷ്യത്തിൽ അധിഷ്ഠിതമായ ജീവിതത്തെക്കുറിച്ച് ശാസ്ത്രീയും, ജനാധിപത്യപരവും, മതേതരവുമായ സമഗ്രമായ അറിവ് പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസ സങ്കല്പത്തിന് രൂപം നൽകേണ്ടതുണ്ട്. വിദ്യാഭ്യാസത്തിലൂടെ സ്വന്തം അസ്തിത്വത്തിന്റെ, വ്യക്തിത്വത്തിന്റെ അഗാധതയും തനിമയും കണ്ടെത്തുന്നതോടൊപ്പം തന്നെ സമൂഹത്തോട് പ്രതിബദ്ധതയും ഉള്ള ഒരുതലമുറയാണ് നമുക്കാവശ്യം. "സമൂഹത്തിന്റെ മുഴുവൻ പ്രശ്നങ്ങളും എന്ത്കൊണ്ട് പരിഹരിക്കപ്പെടുന്നുവോ അതത്രേ വിദ്യാഭ്യാസം" എന്ന വിശാലമായ വീക്ഷണത്തിൽ നാം അപ്പോൾ എത്തിച്ചേരും.

■■■■■■■■■■■■■■■■■■■■

അമ്പലത്തിൽ പ്രദക്ഷിണം വെയ്ക്കുമ്പോ-
ളാറ്റിലേക്കടവിൽ കുളിക്കുമ്പോൾ
കൂട്ടുകാരൊത്തു കോളേജിൽ പോകുമ്പോ-
ളല്ല നിന്നെ ഞാൻ കണ്ടതൊന്നാമതായ്
പേരുചോദിച്ചും പുസ്തകം ചോദിച്ചും
പൂവുചോദിച്ചും പുന്നാരം ചോദിച്ചും
പ്രേമമെന്നിലുണ്ടാകുവാനർത്ഥിച്ചു-
മല്ല നിന്നോടടുത്തതൊന്നാമതായ്
ബസ്സിൽത്തിക്കിത്തിരക്കി കയറുമ്പോൾ
മെസ്സിലേക്കു നാം ബദ്ധപ്പെട്ടോടുമ്പോൾ
സ്വപ്നം കണ്ടു നീയൊറ്റയ്ക്കിരിക്കുമ്പോ-
ളല്ല നിന്നെ ഞാൻ തൊട്ടതൊന്നാമതായ്
നിന്നെ കണ്ടതും നിന്നോടടുത്തതും
നിന്നെ തൊട്ടതുമൊക്കെയുമോമനേ
ആണ്ടറുതിപ്പരീക്ഷയ്ക്കുറക്കൊഴി-
ഞ്ഞാറ്റം തിയറി വായിക്കുമ്പോഴത്രേ.

**കുഞ്ഞുണ്ണി മാഷ്**



# കോളേജ് യൂണിയൻ റിപ്പോർട്ട്



ഭാരതസ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികവും റ്റി. കെ. എം. ഗ്രൂപ്പിന്റെ സ്ഥാപകനുമായ ജനാബ് തങ്ങൾ കുഞ്ഞ് മുസലിയാരുടെ നൂറാം ജന്മദിനവാർഷികവും ആഘോഷിക്കുന്ന ഈ വേളയിൽ റ്റി. കെ. എം. ആർട്സ് കോളേജിന്റെ 1997-98ലെ വിദ്യാർത്ഥി ഭരണസമിതിയുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുവാൻ അവസരം ലഭിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. പോയദിനങ്ങളിലെ കോളേജ് യൂണിയൻ പ്രവർത്തനങ്ങളിൽ എന്ത് നടന്നുയെന്ന് തിരിഞ്ഞ് നോക്കുകമാത്രമാണ് ഈ റിപ്പോർട്ടിലൂടെ ഉദ്ദേശിക്കുന്നത്. പുതുമകൾ പലതും അവകാശപെടാനുണ്ട് എങ്കിലും അവകാശവാദങ്ങൾ നിരത്തുന്നില്ല. കക്ഷിരാഷ്ട്രീയ ബന്ധങ്ങൾക്ക് ഉപരി എല്ലാവരേയും ഉൾപ്പെടുത്തി നല്ലൊരു കോളേജ് യൂണിയൻ പ്രവർത്തനം നടത്തിയെന്ന വിശ്വാസം മാത്രം വിലയിരുത്തലുകൾ നിങ്ങളുടെ പ്രബുദ്ധതക്ക് വിട്ടുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കട്ടെ.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

1997 ഒക്ടോബർ 11ന് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ പ്രബുദ്ധരായ വിദ്യാർത്ഥിസമൂഹം കേരളത്തെ സംബന്ധിച്ച് വർത്തമാനകാലഘട്ടത്തിൽ വിദ്യാർത്ഥി യുവജനമുന്നേറ്റത്തിന് ആക്കംകൂട്ടിയ മുഖ്യ പ്രേരക ശക്തിയായ കെ. എസ്. യുന് അനുകൂലമായി വിധിയെഴുതി.

## തെരഞ്ഞെടുക്കപ്പെട്ടവർ

| | | | |
|---|---|---|---|
| 1. | ചെയർമാൻ | : | ഷു-അയിബ്. എസ് |
| 2. | വൈസ് ചെയർമാൻ | : | അർച്ചന. ഐ. |
| 3. | മാഗസ്സിൻ എഡിറ്റർ | : | നിസാമുദ്ദീൻ. എ |
| 4. | ജനറൽ സെക്രട്ടറി | : | ജോബി ജോർജ്ജ് |
| 5. | യൂണിവേ: യൂണി: കൗ | : | ഷാനവാസ്. കെ. ബി.<br>നെരുദാ. ജെ. എസ്. |
| 6. | വനിത പ്രതിനിധി | : | അനുപമ . ബി.<br>ഹൈറുന്നിസ |

ഒന്നാം വർഷ പ്രീഡിഗ്രി രണ്ടാം വർഷ പ്രീഡിഗ്രി പ്രതിനിധികളായി ഷെമീറും സഖറിയായും ഒന്ന് രണ്ട് മൂന്ന് ഡിഗ്രി പ്രതിനിധികളായി യഥാക്രമം ബിച്ചു, അൻസാരി, മനു, റോബർട്ട്, സോളമൻ എന്നിവരും ഒന്നു രണ്ടും പി.ജി. യഥാക്രമം പ്രസാദും ഇമാനുവൽ ജോർജ്ജും തെരഞ്ഞെടുക്കപ്പെട്ടു.

## സത്യപ്രതിജ്ഞ

1997 നവംബർ 4ന് കോളേജിലെ മുഴുവൻ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സാക്ഷി നിർത്തി സത്യപ്രതിജ്ഞ ചെയ്ത് ഔപചാരികമായി അധികാരം ഏറ്റു. സ്റ്റാഫ് അഡ്വസ്സർ എം. കെ. അബ്ദുൽ മജീദ് സാർ സത്യവാചകം ചൊല്ലിതന്നു ബഹു: പ്രിൻസിപ്പാൾ പ്രൊഫ: കെ. മുഹമ്മദ് കുഞ്ഞ് സാർ, പ്രൊഫ: രാജഗോപാലൻ എന്നിവർ സന്നിഹിതരായിരുന്നു.

## യൂണിയൻ ഉത്ഘാടനം FRENCY 97

യൂണിയന്റെ പ്രവർത്തനോത്ഘാടനം 97 ഡിസംബർ 9,10 തീയതികളിൽ കോളേജ് അങ്കണത്തിൽ നടന്നു ചെയർമാൻ ഷു-അയിബിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ പ്രശക്ത സാഹിത്യകാരനും നിരൂപകനും ഭാഷാപണ്ഡിതനുമായ ശ്രീ. ഡോ: ജോർജ്ജ് ഓണകൂർ നിർവഹിച്ചു. സർവ്വശ്രീ. എച്ച്. എസ്സ്. മുസലിയാർ (ചെയർമാൻ റ്റി. കെ. എം. ട്രസ്റ്റ്) എം. എസ്സ്. വസന്തകുമാർ (ലെക്ചറർ എസ്സ്. എൻ. കോളേജ് കൊല്ലം) എ. എസ്സ്. ഫ്രാൻസിസ് (ലെക്ചറർ ഫാത്തിമ കോളേജ് കൊല്ലം) ആശംസപ്രസംഗം നടത്തി പ്രിൻസിപ്പൾ പ്രൊഫ: മുഹമ്മദ് കുഞ്ഞ് സാർ സ്വാഗതവും യൂണിയൻ ജനറൽ സെക്രട്ടറി നന്ദി പറഞ്ഞു. ഉച്ചക്ക് 2 മണി മുതൽ വിവിധ വേദികളിൽ കലാമത്സരങ്ങൾ നടന്നു. കലാമത്സരങ്ങൾ രണ്ട് ദിവസം നീണ്ടുനിന്നു.

## കലാസമിതി ഉത്ഘാടനം

കലാസമിതിയുടെ ഉത്ഘാടനം പ്രശസ്ത സിനിമാതാരം ശ്രീ. ഷമ്മി തിലകൻ നിർവ്വഹിച്ചു. കലാസമിതിയുടെ ഉത്ഘാടനം നിർവ്വഹിച്ച് അദ്ദേഹം നടത്തിയ മിമിക്രി സദസിന് ആവേശമായി തുടർന്ന് 2 മണി മുതൽ കൊല്ലം മെലഡിയസ്സ് വോയിസിന്റെ ഗാനമേള പരിപാടിക്ക് മിഴിവേകി.

## തങ്ങൾ കുഞ്ഞ് മുസലിയാർ ജന്മശതാബ്ദി ആഘോഷം

ടി. കെ. എം. കോളേജിന്റെ സ്ഥാപകൻ ജനാബ് തങ്ങൾകുഞ്ഞ് മുസലിയാരുടെ ജന്മശതാബ്ദി ആഘോഷത്തിൽ പങ്കുചേരുവാൻ സാധിച്ചതിൽ ഈ യൂണിയന്. അതിയായ സന്തോഷമുണ്ട്. ജന്മ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് ടി. കെ. എം. ആർട്സ് കോളേജിന്റെയും യൂണിയന്റേയും സഹ കരണം ശ്രദ്ധേയമായി. ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന Expo-97ൽ നടന്ന കാലപരിപാടിയിൽ ടി. കെ. എം. ആർട്സ് കോളേജിലെ കലാകാരന്മാർ പങ്കെടു ത്തു. കോളേജ് യൂണിയൻ ഭാരവാഹികൾക്ക് Expo കമ്മിറ്റിയിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചില്ല എന്ന തിൽ ഖേദിക്കുന്നു.

## അസോസ്സിയേഷൻ

പോയവർഷത്തെ അസോസിയേഷൻ പ്രവർത്തന ങ്ങൾ ശ്രദ്ധേയമായിരുന്നു. സുവോളജി അസോസിയേ ഷൻ കോളേജ് യൂണിയന്റെ സഹകരണത്തോടെ നട ത്തിയ ക്യാൻസർ ബോധവൽക്കരണ സെമിനാർ വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമായി. ഈ അസോസിയേഷൻ അവലോകനം നടത്തുമ്പോൾ എടുത്തുപറയേണ്ടന്ന പ്രവർത്തനം കാഴ്ചവെച്ച മറ്റൊരു അസോസിയേഷൻ മാത്സ് ഡിപ്പാർട്ടു മെന്റാണ്. ഈ അസോസിയേഷൻ പ്രവർത്തനങ്ങൾ നേതൃത്വം നല്കിയ രാജേഷ് നമ്മെ വിട്ടുപിരിഞ്ഞു പോയി. 1997-98 ലെ മികച്ച എൻ. എസ്സ്. എസ്സ്. വൊളൻഡിയർ കൂടിയായ രാജേഷിന് കോളേജി ന്റെയും യൂണിയന്റെയും ആദരാജ്ഞലികൾ.

## സർവ്വകലാശാലാ യുവജനോത്സവം

1998 ജനുവരി 28 മുതൽ ഫെബ്രുവരി 1 വരെ കൊല്ലത്ത്വെച്ച് നടന്ന യുവജനോത്സവത്തിൽ കോളേ ജിന്റെ സഹകരണം ശ്രദ്ധേയമായിരുന്നു. യുവജനോ ത്സവ ലോഗോപ്രകാശനം ടി. കെ. എം. അങ്കണത്തിൽ നടന്നു. യുവജനോത്സവ ഉത്ഘാടനത്തോടനുബ ന്ധിച്ച് നടന്ന ഘോഷയാത്രയിൽ കോളേജ് യൂണിയൻ വക ഫ്ളോട്ട് ശ്രദ്ധേയമായി. കോളേജിൽ നിന്ന് വിവിധ ഇനങ്ങളിലായി ഇരുപതോളം വിദ്യാർത്ഥികളെ പങ്കെ ടുപ്പിച്ചു. യുവജനോത്സവ കലാപരിപാടിയിൽ ടി. കെ. എം. കോളേജ് മികച്ച വിജയം കാഴ്ചവെച്ചു.

## കായികമേള

1998 ഫെബ്രുവരി 17,18 തീയതികളിൽ കായികമേള നടത്തുകയുണ്ടായി. പ്രിൻസിപ്പാൾ പ്രൊഫ. കെ. മുഹ മ്മദ് കുഞ്ഞ് സാർ പതാകഉയത്തി ഉത്ഘാടനം ചെയ്യു കയും. കായികതാരങ്ങളുടെ മാർച്ച് പാസ്റ്റിനെ അഭി വാദ്യം ചെയ്തുകൊണ്ട് സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. സ്പോർട്ട് സെക്രട്ടറി ചന്ദ്രമോഹൻ അദ്ധ്യ ക്ഷതവഹിച്ചു. ശ്രീമതി സുഭദ്രറ്റീച്ചർ സ്വാഗതം ആശം സിച്ചു. കായിക മേളയിൽ പങ്കെടുത്ത എല്ലാകായിക താരങ്ങളേയും യൂണിയൻ അനുമോദിക്കുന്നു. വിവിധ തലങ്ങളിൽ മത്സരിച്ച് കോളേജിന്റെ യശസ്സ് ഉയർത്തിയ കായികതാരങ്ങളെ യൂണിയൻ അഭിനന്ദി ക്കുന്നു.

## സാമ്പിൾ സർവേ റിപ്പോർട്ട്

കോളേജിലെ ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥി കളെ പങ്കെടുപ്പിച്ച് കൊണ്ട് കോളേജ് യൂണിയൻ സാമ്പിൾ സർവേ നടത്തുകയുണ്ടായി. ഈ സർവേ യിൽ പങ്കെടുത്തവർ ബഹുഭൂരിപക്ഷം വിദ്യാർത്ഥി കളും അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രതികരിച്ചു. ഈ സർവേയിൽ പങ്കെടിത്ത മുഴുവൻപേരേയും സർവേകമ്മിറ്റിക്കുവേണ്ടി അഭിനന്ദിക്കുന്നു.

## യൂണിയൻ സമാപനം-ക്ലൈമാക്സ് 98

കോളേജ് യൂണിയന്റേയും കലാസമിതിയുടേയും പ്രവർത്തനങ്ങൾക്ക് 1998 മാർച്ച് 16ന് തിരശ്ശീലവീണു.. ക്ലൈമാക്സ് 98 ചെയർമാൻ ഷു-അയിബിന്റെ അദ്ധ്യ ക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. തെങ്ങമം ബാല കൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. കോളേജ് യൂണിയൻ റിപ്പോർട്ട്, സാമ്പിൾ സർവേ റിപ്പോർട്ട് യഥാക്രമം ജോബി ജോർജ്ജ് (യൂണിയൻ ജനറൽ സെക്രട്ടറി) ഐ. നിസാമുദ്ദീൻ (മാഗസിൻ എഡിറ്റർ) അവതരിപ്പിച്ചു. തദവസരത്തിൽ പ്രൊഫ. കെ. മുഹമ്മദ് കുഞ്ഞ് (പ്രിൻസിപ്പൽ ടി. കെ. എം.), ഡോ. ജി. സുലേഖ, പ്രൊഫ. ഇ. മേരിദാസൻ, ജില്ലാ കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡന്റ് തൃക്കോ വിൽവട്ടും, ശ്രീ. ആർ അരുൾ.പി. എന്നിവർ ആശംസ കളർപ്പിച്ചു. ശ്രീ. എം. അബ്ദുൽ മജീദ് സ്വാഗതവും, ശ്രീ. നജ്ജു. ബി. നന്ദിയും രേഖപ്പെടുത്തി.

## സമാപനസമ്മേളന പ്രസംഗത്തിൽ നിന്നും

വിദ്യാർത്ഥികൾ രാജ്യാഭിമാനവും ഉത്തരവാദിത്തബോ ധവും ഉള്ള പൗരന്മാരായി വളരേണ്ടത് കാലഘട്ട ത്തിന്റെ ആവശ്യമാണെന്ന് ശ്രീ. തെങ്ങമം ബാലകൃ ഷ്ണൻ അഭിപ്രായപ്പെട്ടു. ടി. കെ. എം. ആർട്ട്സ് ആന്റ് സയൻസ് കോളേജിലെ കോളേജ് ദിനാഘോഷങ്ങൾ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. അദ്ദേഹം. വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ജോലിയല്ല. കുറെക്കൂടി ഗൗരവത്തോടെ ജീവിതത്തെ നോക്കിക്കാണാൻ വിദ്യാർത്ഥികൾക്ക് കഴിയണം.

വോട്ടുചെയ്ത് കഴിഞ്ഞ് ഒരു മന്ത്രിസഭക്കുവേണ്ടി കാത്തിരിക്കേണ്ട സ്ഥിതിയാണ് ഇന്ന് ഇന്ത്യയിലുള്ള ത്. ഉത്തരവാദിത്തബോധമില്ലാത്തവർ അധികാരസ്ഥാ നങ്ങളിൽ കടന്നുവന്നതിന്റെ ദുരന്തം നമ്മുടെരാജ്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതു മാറ്റിയെടു ക്കണമെങ്കിൽ നാളെയുടെ അവകാശികളായി വിദ്യാർത്ഥികളിൽ ഉത്തരവാദിത്തബോധം വളർത്തി യെടുത്തേ തീരൂ. വിദ്യാർത്ഥികൾ, ഏതു മേഖലയിൽ പ്രവർത്തിക്കാൻ പോയാലും, രാജ്യത്തിന്റെ ഭാവി തങ്ങ ളുടെ കൈകളിലാണ് എന്ന ബോധത്തോടുകൂടി പ്രവർത്തിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ നമ്മുടെ വിദ്യാ ഭ്യാസം കൊണ്ട് യാതൊരു അർത്ഥവുമില്ല.

ജില്ലയിലെ കലാലയങ്ങളിൽവച്ച് ഒട്ടേറെ കാര്യ ങ്ങളിൽ മാതൃക കാണിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് ജനാബ് തങ്ങൾകുഞ്ഞ് മുസലിയാർ സ്ഥാപിച്ച ടി. കെ. എം. കോളേജ്. ഇവിടുത്തെ വിദ്യാർത്ഥികളിൽ ഭൂരി ഭാഗവും പെൺകുട്ടികളാണ് എന്നതുതന്നെ എടുത്തു പറയേണ്ടുന്ന കാര്യമാണ്. സ്ത്രീകളുടെ അഭിവൃദ്ധി യെക്കുറിച്ച് എല്ലാവരും പ്രസംഗിക്കും. എന്നാൽ അത് പ്രാവർത്തികമാക്കാൻ ആരും തയ്യാറാകുന്നില്ല. എന്ന താണ് ഇന്നത്തെ അവസ്ഥ. ഗ്രാമീണമേഖലയിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യം ഒരുക്കിക്കൊ ടുക്കുക വഴി ടി. കെ. എം. ആർട്സ് കോളേജ് ഈ കാര്യത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രശംസനീ യമാണ്.

വിദ്യാർത്ഥികളിൽ ജനാധിപത്യബോധം വളർത്തി യെടുക്കാൻ കോളേജ് യൂണിയനുകൾക്ക് സാധിക്ക ണം. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയൻ സ്ഥാപിച്ചുകിട്ടുന്നതിന് വേണ്ടി സമരം നടത്തിയവ രാണ് തങ്ങളുടെ തലമുറയെന്ന 50 വർഷം മുമ്പുള്ള തന്റെ വിദ്യാർത്ഥിജീവിതത്തെ അനുസരിച്ച് തെങ്ങമം പറഞ്ഞു. സെനറ്റ് സിന്റിക്കേറ്റ് തുടങ്ങിയ സർവ്വകലാ ശാലാ സമിതികളിലെല്ലാം വിദ്യാർത്ഥിപ്രാതിനിത്യം ഉറ പ്പുവരുത്തിയത് ഒട്ടേറെ സഹനസമരങ്ങളിലൂടെയാണ്. ആ രാഷ്ട്രീയ വാദത്തിന്റെ പുത്തൻ വക്താകൾ സൗക ര്യപൂർവ്വം മറന്നുപോക്കുന്ന കാര്യങ്ങളാണ് ഇതെല്ലാം ചെറുപ്പക്കാരുടെ ഇടയിൽ ഒരുതരം ലക്ഷ്യബോധമില്ലാ യിമയാണ് ഇന്നുകാണുന്നത്. സാമൂഹ്യജീവിതത്തിൽ നിന്നുതന്നെ ലക്ഷ്യബോധം കൈമോശം വന്നുപോയി രിക്കുന്നു. ജീവിതത്തിൽ ലക്ഷ്യേബോധം അനിവാര്യ മാണ്. ലക്ഷ്യബോധത്തോടെയുള്ള ജീവിതമുണ്ടാക്കി യെടുക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ വിദ്യാഭ്യാസപദ്ധതികൾക്ക് സാധിക്കണമെന്ന് ചടങ്ങിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.

കോളേജ് യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷ തയിൽ കൂടിയ യോഗത്തിൽ സ്റ്റാഫ് അഡ്വൈസർ ശ്രീ. എം. അബ്ദുൽ മജീദ് സ്വാഗതം പറയുകയും പ്രിൻസി പ്പാൽ കെ. മുഹമ്മദ് കുഞ്ഞ് കോളേജ് വാർഷികറി പ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഡോ. ജി. സുലേഖ, പ്രൊഫ. ഇ. മേരിദാസൻ, ശ്രീ. ആർ. പ്രസ ന്നൻ ശ്രീ. അരുൾ പി. തുടങ്ങിയർ ആശംസപ്രസംഗ ങ്ങൾ നടത്തി. കലാകായിക മത്സരങ്ങളിൽ വിജയി കൾകായുള്ള സർറ്റിഫിക്കറ്റുകളും വിവിധ പരിക്ഷക ളിൽ ഉന്നതവിജയം കരസ്ഥാമാക്കിയവർക്കുള്ള സ്കോളർഷിപ്പുകളും ചടങ്ങിൽ വച്ച് വിതരണം ചെയ്യു കയുണ്ടായി.

യൂണിയൻ പ്രവർത്തനങ്ങൾക്ക് ഉപദേശങ്ങൾ നല്കി ഞങ്ങളോട് സഹകരിച്ച ബഹു. പ്രിൻസിപ്പൽ, സ്റ്റാഫ്, അഡ്വൈസർ, പ്രൊഫസർ, ജനാൽമുഹമ്മദ് ശ്രീ. സലീം സാർ, അഹമ്മദ് കുഞ്ഞ്സാർ, ബജറുദ്ദീൻ സാർ മറ്റെല്ലാ അദ്ധ്യാപകർകും അനദ്ധ്യാപകർക്കും വിദ്യാർത്ഥി സുഹൃത്തുകൾക്കും ഹൃദയത്തിന്റെ ഭാഷ യിൽ നന്ദി രേഖപ്പെടുത്തുന്നു. ഈ റിപ്പോർട്ട് നിങ്ങ ളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.


*Samashti-98*

Printed at : **SUNIL OFFSET PRESS**, Prathibha Jn., Kollam

Type setting & Page Layout by : **AZAD COMPUTERS & PRINTERS**, Chinnakada, Kollam - 691 001, Tel : 741313,741314,762255

Illustrations & Cover design : **ANAND LORENCE**, Kundara

## യാത്രാമൊഴി

പുതിയ പ്രത്യാശതൻ ചിലമ്പൊലിയൊച്ചയായ്
പുതിയൊരുഷസ്സിന്റെ ശംഖൊലി നാദമായ്
പുതിയ സ്വപ്നങ്ങൾ തളിരിട്ടുണരുവാൻ
പുതിയൊരു വർഷത്തിൻ പൂവിളി കേൾക്കയായ്..........
വിടപറയും മനങ്ങളിൽ വിഷാദത്തിൻ മുഗ്ദ്ധസംഗീതികൾ
നഷ്ടബോധം തീർത്ത വ്യഥയാൽ തേങ്ങുന്നുവോ ഉള്ളിലെ ശാരിക
ഒരു യുഗത്തിന്റെ ശോഭയാർന്നോർമ്മകൾ ശേഷിക്കയാത്മഹർഷമായ്

ബന്ധങ്ങൾ തൻ വേർപാടു നല്കും നൊമ്പരത്തിന്റെ മധുരിമ
മനം തൻ മണിച്ചെപ്പിലുണർന്നെണീക്കയായ്.......
സ്മരണതൻ സാഗരം പുവിളിനാദമായ്
ഹൃദയശ്രീകോവിലിൽ ശംഖൊലി നാദമായ്
അ നിവാര്യമാം വിടവാങ്ങൾ തൻവേദന
യേകുന്ന നൊമ്പരപ്പൂക്കൾ ഗംഗാപ്രവാഹമായ്
മനസ്സിന്റെ നിമ്നോന്നതങ്ങളിൽ തട്ടിത്തകരുന്നു........

ചൈതന്യ ദീപ്തിതൻ വർണ്ണങ്ങൾ ചാലിച്ച
വ്രത ശുദ്ധിതൻ പുണ്യകാലം പോകയായ്
വീണ്ടുമൊരു കലാലയജീവിതം കൊതിക്കയായ്
കാലചക്രം തൻ അവിരാമമാം സ്പന്ദനങ്ങളിൽ.......

ABHILASH
IIIrd Physics

APTECH

I am eligible for Microsoft certification.

How the Accp program is the complete computer course:

Option to appear for MCP and MCSD exams at the end of 1st year and 2nd year, respectively. On-the-job Live Projects. Internet-focussed training. Multi-modal+ training methodology. Course content based on extensive research among 398 companies. Aptech is India's first ISO 9001 certified computer training institution for Education Support Services. Aptech placements has already placed over 50000 students with blue-chip companies. 1100 centres in 20 countries.

INTRODUCING

the industry-relevant ACCP* program

* ACCP stands for Aptech Certified Computer Professional

Get Aptech certified. Now

APTECH
COMPUTER EDUCATION
www.aptech-esducation.com

We change lives

OVERTURE (AIL-1030/99)

+As per research conducted by Aptech in 1998. + Multi-modal methodology available at select centres only. # Aptech is not a registered university under the UGC Act. It is nor recognised by AICTE, AIU, UGC, State Government and government of India. Trademarks acknowledged.



# യാദൃശ്ചികം



സറീനാ ബീഗം IIIrd BSc.(Botony)

സമയം നാല് ആയി എന്ന് വിളിച്ചോതി കൊണ്ട് സ്കൂൾ കുട്ടികൾ കൂട്ടത്തോടെ റോഡിലേക്കിറങ്ങുന്നു. കുട്ടികളുടെ കലപിലശബ്ദങ്ങൾ റസാക്കിനെ ചിന്തയിൽ നിന്നുണർത്തി. റസാക്ക് വേഗം നടന്നു. മെഡിക്കൽ സ്റ്റോറിൽ കയറണം. മരുന്ന് തലേന്ന് തീർന്ന വിവരം രാവിലെ ഉമ്മ ഓർമ്മിപ്പിച്ചിരുന്നു. ഉമ്മ, എന്തുമാത്രം പ്രയാസങ്ങൾ സഹിച്ചു അവസാനം കുട്ടന് കുറെ അസുഖങ്ങളും ബാപ്പായുടെ പെട്ടെന്നുള്ള മരണമാണ് ഈ അവസ്ഥയ്ക്ക് കാരണം. തന്നെ നല്ലവണ്ണം പഠിപ്പിച്ച് ഒരു ജോലിക്കാരനാക്കണമെന്നുള്ളത് ബാപ്പയുടെ ജീവിതാഭിലാഷം ആയിരുന്നു പക്ഷെ വിധി ബാപ്പായെ അനുവദിച്ചില്ല. തന്നെയും അനിയത്തിയെയും ഉമ്മായെയും തനിച്ചാക്കി ബാപ്പ ഈ ലോകത്ത് നിന്നും പോയി. ആ ദിവസത്തെക്കുറിച്ച് ഓർക്കുമ്പോൾ തനിക്ക് ഇന്നു നടുക്കമാണ്. അന്ന് ഒരു വ്യാഴാഴ്ച, പതിവുപോലെ ഉമ്മ ചോറ് തയ്യാറാക്കി തനിക്കും, ബാപ്പായ്ക്കും, റസിയായ്ക്കും തന്നു. എന്നും എല്ലാവരും ഒന്നിച്ചാണ് ബസ്സ്റ്റോപ്പുവരെ വരുന്നത്. വീട്ടിൽനിന്നും അഞ്ച് മിനിറ്റ് നടക്കണം. ബസ്സ്റ്റോപ്പ് വരെ എത്താൻ. ഈ സമയത്ത് മക്കളും ബാപ്പായും കൂടി തമാശ പറഞ്ഞ് ചിരിച്ചുകൊണ്ട് നടക്കുന്നത് ആളുകൾ കൗതുകത്തോടെ നോക്കിനിൽക്കും. എല്ലാവർക്കും അസൂയ ഉണ്ടാക്കുന്ന ഒരു കുടുംബമായിരുന്നല്ലോ തന്റേത്, എന്നാൽ എത്ര പെട്ടെന്നാണ് എല്ലാം കീഴ്മേൽ മറിഞ്ഞത് കോളേജിന്റെ മാത്സ് ക്ലാസിൽ ഇരിക്കുമ്പോഴാണല്ലോ തന്നെ വിളിക്കാനായി അയൽപക്കത്തെ വാസുഅണ്ണൻ വന്നത്. വാസുഅണ്ണൻ വന്നു വിവരം സാറിനോട് പറഞ്ഞു. തന്നോട് പറഞ്ഞത് ബാപ്പായ്ക്ക് ഒരു തലകറക്കം ഹോസ്പിറ്റലിലാക്കി മോനെ തിരക്കുന്നുഎന്ന് പക്ഷെ തനിക്കത് വിശ്വസിക്കാൻപോലും തോന്നിയില്ല. കാരണം രാവിലെ ബാപ്പ എന്ത് ആരോഗ്യത്തോടെ വളരെ സന്തോഷവാനായിട്ടാണെല്ലോ പോയത്. ബാപ്പായ്ക്ക് ഒന്ന് സംഭവിക്കത്തില്ല എന്ന് തന്നെയായിരുന്നു തന്റെ വിശ്വാസം. പക്ഷെ ആ വിശ്വാസം തകരാൻ അധികസമയം വേണ്ടി വന്നില്ല. ദൂരെനിന്ന് തന്നെ ബോധം മറഞ്ഞു. വാസു അണ്ണൻ താങ്ങി പിടിച്ചാണല്ലോ തന്നെ വീട്ടിൽ കൊണ്ടുവന്നത് ബോധം വീണപ്പോൾ തന്നെ സമാധാനിപ്പിക്കാൻ എല്ലാവർക്കും തന്നെ പാടുപെടേണ്ടി വന്നു.



പതുക്കെ പതുക്കെ ആ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ തുടങ്ങി. ഇനി വീട്ടിന്റെ ചുമതല തന്നിലാണെന്നുള്ള ചിന്ത അവനെ പിടിച്ചെഴുന്നേൽപ്പിക്കുകയായിരുന്നു. തന്റെ വാപ്പായുടെ ആഗ്രഹം സാധിപ്പിക്കാൻ ഉമ്മ വളരെ കഷ്ടപ്പെട്ടു. താൻ എങ്ങനെയൊക്കെയോ ഡിഗ്രി പൂർത്തിയാക്കി. നല്ല മാർക്കുണ്ടായിട്ടുപ്പോലും തുടർന്ന് പഠിക്കാൻ സാധിച്ചില്ല. അപ്പോഴേക്കും ഉമ്മ നിത്യരോഗിയായി കഴിഞ്ഞിരുന്നു. ഉമ്മയുടെ മരുന്നിനും റസിയായുടെ പഠനത്തിനും നല്ലൊരുതുക വേണമായിരുന്നു. താൻ ട്യൂഷൻ എടുത്തു അതിനുള്ള തുക ഉണ്ടാക്കി. എങ്കിലും തന്റെ ബാപ്പായുടെ ഒരു ജോലി എന്ന ആഗ്രഹം സാധിക്കുവാൻ എല്ലാ ടെസ്റ്റുകളിലും ഇന്റർവ്യൂകളിലും പങ്കെടുത്തു. പക്ഷെ, മാർക്കുണ്ടെങ്കിൽകൂടി പണമില്ലാത്തതുകൊണ്ട് തനിക്ക് ജോലി ലഭിച്ചില്ല, എങ്കിലും താൻ ഇപ്പോഴും പ്രതിക്ഷിക്കുന്ന ഒരു ജോലി എന്നെങ്കിലും ലഭിക്കുമെന്നും തന്റെ കഷ്ടപ്പാടുകൾ അവസാനിക്കുമെന്നു കരുതിയിരുന്നു. തന്റെ ദുഃഖങ്ങളിൽ നിന്നുള്ള ഒരു മോചനമായിരുന്നു ദിവസവും ഉള്ള തന്റെ പ്രാർത്ഥന.

പതിവുപോലെ അന്നു വൈകുന്നേരവും ഉമ്മ ചിരിക്കുന്ന മുഖവുമായി വീട്ടിന്റെ മുന്നിലുണ്ടായിരുന്നു. താൻ ഡ്രസ്സ് മാറികൊണ്ടിരിക്കുമ്പോൾ ഉമ്മായുടെ വിളി എത്തി. മോനെ റസാക്കെ നിനക്കൊരു കത്തുണ്ട്. താൻ വളരെ പതുക്കെ കത്ത് വാങ്ങി തുറന്നു. തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ജോലിക്കുള്ള നിയമന ഉത്തരവ്. കണ്ണിൽ നിന്നും രണ്ടിറ്റു ണ്ണീർ ആ ഉത്തരവിലേക്ക് വീണു ആ കണ്ണീരിലൂടെ തന്റെ ബാപ്പായുടെ ചിരിക്കുന്ന മുഖം റസാക്ക് കണ്ടു.



# കാംപസ് സർവ്വേ 98



ഈ കോളേജിലെ ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് യൂണിയൻ കാംപസ് സർവ്വെ നടത്തുകയുണ്ടായി. ഗൗരവമേറിയ 25 ചോദ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ഈ സർവ്വെയിലൂടെ സാമ്പിൾ സർവ്വെ കമ്മിറ്റി അറിയുവാൻ ആഗ്രഹിച്ചിരുന്നത് വിദ്യാർത്ഥികൾക്ക് നേരിട്ടറിയാൻ കഴിയുന്ന സാമൂഹ്യപശ്ചാത്തലത്തെ കുറിച്ചുള്ള പ്രതികരണമായിരുന്നു. ഈ സർവ്വെയിൽ പങ്കെടുത്ത ഭൂരിപക്ഷം വിദ്യാർത്ഥികളും അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രതികരിച്ചപ്പോൾ ഇത് ഒരു തമാശയായി കണ്ടവരും കുറവല്ല. ഈ സർവ്വെ ഫോറം വാങ്ങി വീട്ടിൽ കൊണ്ട് പോയി സുരക്ഷിതമായി സൂക്ഷിച്ചുവച്ചിരിക്കുന്ന ചിലരെങ്കിലുമുണ്ട് എന്നറിഞ്ഞതിൽ ഈ കമ്മിറ്റിക്ക് ഖേദമുണ്ട്. സമ്പൂർണ്ണ സാക്ഷരതനേടിയ നമ്മുടെ നാട്ടിലെ കലാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർവ്വെഫോറം പൂരിപ്പിച്ചതിൽ അക്ഷരതെറ്റുകൾ കടന്നുകൂടിയത്തിൽ ഈ കമ്മിറ്റി ദുഃഖിക്കുന്നു. സർവ്വെയിൽ ഒന്നാമതായി ഉൾപ്പെടുത്തിയ ചോദ്യം നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തോട് യോജിപ്പുണ്ടോ എന്നുള്ളതാണ്. ഭൂരിപക്ഷം വിദ്യാർത്ഥികളും വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ കുറെ പേർ യോജിപ്പ്പ്രകടിപ്പിച്ചു. ചിലർ പ്രതികരിച്ചില്ല. വിദ്യാഭ്യാസ സമ്പ്രദായം തന്നെ നിർത്തലാക്കണമെന്ന് അഭിപ്രായം ഉള്ളവരും ഈ കാംപസ്സിൽ ഇല്ലാതില്ല. സമരസമ്പൂർണ്ണവും പരീക്ഷരഹിതവുമായ വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തണമെന്ന ആവശ്യപ്പെട്ട ഒരു വിദ്യാർത്ഥിയും ഈ കലായലത്തിൽ പഠിക്കുന്നു. കലായലരാഷ്ട്രിയത്തോട് ഭൂരിപക്ഷം വിദ്യാർത്ഥികളും യോജിപ്പ് പ്രകടിപ്പിച്ചപ്പോൾ കുറെപേർ വിയോജിച്ചു. അദ്ധ്യപകരുടെ സംഘടനാപ്രവർത്തനത്തിനോട് നല്ലൊരു ശതമാനം വിദ്യാർത്ഥികളും വിയോജിപ്പ് പ്രകടിപ്പിച്ചു. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ മൂല്യതകർച്ചക്ക് കാരണംതന്നെ അദ്ധ്യാപകരുടെ ചേരിതിരിഞ്ഞുള്ള രാഷ്ട്രീയപ്രവർത്തനമാണന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

സ്ത്രീധനസമ്പ്രദായത്തോട് ഭൂരിപക്ഷം വിദ്യാർത്ഥകളും വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ അനുകൂലിക്കുന്നവരും കുറവല്ല. അഡ്വാൻസായി കുറേകാശ് ഇപ്പോൾ കിട്ടിയാൽ കൊള്ളാമെന്ന് അഭിപ്രായമുള്ള ഒരു വിദ്യാർത്ഥിയുമുണ്ട്. പുരുഷധനം കിട്ടിയാൽ കൊള്ളാമെന്നഭിപ്രായപ്പെട്ട ഒരു വിദ്യാർത്ഥിനിയുമുണ്ട്. ഭൂരിഭാഗം കൂട്ടുകാരും പ്രേമവിവാഹത്തോട് താല്പര്യം പ്രകടിപ്പിക്കുമ്പോൾ വിയോജിക്കുന്നവരും കുറവല്ല. അത്മാർത്ഥമായിട്ടാണെങ്കിൽ പ്രേമമാകാം എന്നുള്ളവരും കുറവല്ല. ഒരു വിദ്യാർത്ഥിയുടെ അഭിപ്രായം പ്രേമമാകാം പക്ഷെ വിവാഹം വേണ്ടയെന്ന്.

ഈ കാംപസ്സിൽ ഏറ്റവും ഇഷ്ടപ്പെടുന്ന വിദ്യാർത്ഥി നേതാവായി കോളേജ് യൂണിയൻ ചെയർമാൻ ഷു–അയിബിനെ തിരഞ്ഞെടുത്തു. തൊട്ടുപിറകിൽ നിസ്സാമുദ്ദീൻ, അൻസാരി, അനിൽരാജ് തുടങ്ങിയവർ നിൽക്കുന്നു. ഇഷ്ടസിനിമ നടനായി മെഗാസ്റ്റാർ മമ്മുട്ടിയെ തിരഞ്ഞെടുത്തു. തൊട്ടുപിന്നിൽ ഭരത് മോഹൻലാലും. കുഞ്ചാക്കോ ബോബൻ, ജയറാം, അമീർഖാൻ എന്നിവർ ഉണ്ട്. മഞ്ചുവാര്യർ ഇഷ്ടനടിയായി തിരഞ്ഞെടുത്തപ്പോൾ തൊട്ടുപിന്നിൽ ശോഭനയും ശാലിനിയുമുണ്ട്. ഇഷ്ടപ്പെട്ട സമീപകാല സിനിമയായി അനിയത്തിപ്രാവ് തിരഞ്ഞെടുത്തപ്പോൾ രണ്ടാം സ്ഥാനത്ത് ചന്ദ്രലേഖ, ആറാംതമ്പുരാൻ, ലേലം എന്നീ ചിത്രങ്ങളുമുണ്ട്.. ഇഷ്ടസംവിധായകനായി ഫാസിൽ തിരഞ്ഞെടുത്തപ്പോൾ തൊട്ടുപിന്നിൽ പ്രിയദർശൻ, ജയരാജ്, സിദ്ധിക്ക്ലാൽ എന്നിവരുമുണ്ട്.

നീലയും പച്ചയുമാണ് വിദ്യാർത്ഥികൾക്ക് ഏറ്റവും പ്രിയപ്പെട്ട നിറങ്ങൾ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ചോറും കറിയും ഇഷ്ടാഹാരമായി തിരഞ്ഞെടുത്തിപ്പോൾ പഴകഞ്ഞി കുടിക്കുന്നവരും കുറവല്ല. തിരഞ്ഞുകടിക്കാത്തയെന്തിനേയും തിന്നുന്ന ഒരു വിദ്യാർത്ഥിയും കാംപസ്സിലുണ്ട്. എം. ടി. വാസുദേവൻനായരെ ഭൂരിപക്ഷം വിദ്യാർത്ഥികളും ഇഷ്ടസാഹിത്യകാരനായി തിരഞ്ഞെടുത്തപ്പോൾ ബഷീർ, ഒ എൻ. വി., സക്കറിയ, ഒ. വി. വിജയൻ എന്നിവർക്കും ആരാധകർ കുറവല്ല. സച്ചിൻ തെൻഡുൽക്കർ ഇഷ്ടപ്പെട്ട കായികതാരമായപ്പോൾ അസ്ഹറുദ്ദീൻ, ലിയാണ്ടർ പെയിസ്, വിശ്വനാഥ് ആനന്ദ്, സെയ്ദ് അൻവർ, അഫ്രിദി, ഐ. എം. വിജയൻ എന്നിവർക്കും ആരാധകർ കുറവല്ല.

ഏവർക്കും പ്രിയപ്പെട്ട വേഷങ്ങൾ ആൺകുട്ടികൾ മുണ്ടും ജുബ്ബയും ഇഷ്ടപ്പെടുമ്പോൾ

പെൺകുട്ടികൾ അധികവും സാരിയുടുക്കുവാൻ ഇഷ്ടപ്പെടുന്നു. വായനയും യാത്രയും സംഗീതവു മാണ് കൂടുതൽ പേരുടേയും ഇഷ്ടവിനോദങ്ങൾ.

പത്രങ്ങളുടെ സ്ഥാനത്ത് മലയാള മനോരമ ഒന്നാംസ്ഥാനത്ത് എത്തിയപ്പോൾ മാതൃഭൂമി, മാദ്ധ്യമം കേരളകൗമുദി എന്നിവ രണ്ടാംസ്ഥാനത്ത് നിൽകുന്നു. അധികം വിദ്യാർത്ഥികളും യാത്രചെയ്യുന്ന വാഹനം ബസ്സാണ്. ഇരുചക്രവാഹനങ്ങളിൽ വരുന്നവരും കുറവല്ല. കാന്റീൻ പ്രവർത്തനത്തെ കുറിച്ചു ആർക്കും തൃപ്തിയില്ല. തങ്ങളെക്കാൾ പ്രായമുള്ള വടയും മോതകവും പത്തിരിയും തന്ന് തങ്ങളുടെ തലയിൽ ഗുരുത്വദോശം വരുത്തിവയ്ക്കരുതേയെന്ന് അപേക്ഷയുള്ളവരുമുണ്ട്. കോളേജിൽ ഭൂരിപക്ഷം വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്ന അദ്ധ്യാപകൻ ഹിന്ദി ഡിപ്പാർട്ട്മെന്റിലെ ചന്ദ്രൻ സാറും തൊട്ടുപിറക്കിൽ ഇംഗ്ലീഷ് ഡിപ്പാർട്ട് മെന്റിലെ രഘു സാറും സുവോളജിയിലെ അശോകൻസാറും ഉണ്ട്. മലയാളത്തിലെ അമ്പിളി ടീച്ചറും സുവോളജിയിലെ നജ്മി ടീച്ചറും വിദ്യാർത്ഥികൾ ഇഷ്ടപ്പെടുന്ന വനിത ടീച്ചർമാരിൽ പ്പെടുന്നു.

വിദ്യാർത്ഥികൾ ഏറ്റവും ഇഷ്ടപ്പെട്ട വിദ്യാർത്ഥി സംഘടനയായി സമാധാന വിദ്യാർത്ഥി പ്രസ്ഥാനമായ കെ. എസ്. യു. വിനെ തിരഞ്ഞെടുത്തു. കോളേജ് യൂണിയൻ പ്രവർത്തനത്തെകുറിച്ച് ബഹുഭൂരുപക്ഷം വിദ്യാർത്ഥികളും ഇനിയും മെച്ചപ്പെടണമെന്ന അഭിപ്രായമാണ് കമ്മിറ്റിക്ക് ലഭിച്ചത്.

സ്നേഹിതരെ നേരത്തെ സൂചിപ്പിച്ചതുപ്പോലെ ഈ കാംപസ് സർവ്വെ തമാശയായി കണ്ടതിൽ ഈ കമ്മിറ്റിക്ക് ഖേദമുണ്ട്. തുടർന്നുള്ള വർഷങ്ങളിലെങ്കിലും ഇത്തരം പരിപാടികൾ നടത്തുപ്പോൾ കൂട്ടുകാർ അതിന്റെ ഗൗരവം മനസ്സിലാക്കി അതിൽ പങ്കാളികളാകണെമെന്നാണ് ഈ കമ്മിറ്റിക്ക് നിർദ്ദേശിക്കുവാനുള്ളത്.

ഈ കാംപസ് സർവ്വെയിൽ ഗൗരവപൂർവ്വം പങ്കാളികളായവർക്കും ഈ സർവ്വെ നടത്തുവാൻ സ്വന്തം ക്ലാസുകളിൽ കയറായെ ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിച്ച് യൂണിയൻ പ്രവർത്തകർക്കും മറ്റ് കൂട്ടുകാർക്കും നന്ദി പ്രകാശിപ്പിച്ച് കൊണ്ട് 97-98ലെ കാംപസ് സർവ്വെ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കോളേജ് യൂണിയന് വേണ്ടി

മാഗസിൻ എഡിറ്റർ
നിസ്സാമുദ്ദീൻ ഓലിക്കര.

• • • • • • • • • • • • • • • • • • • •

✍ സ്നേഹത്തിന്റെ വില കൊടുത്തു തന്നെ വേണം അതിന്റെ കടം വീടാൻ
എണ്ണമറ്റസ്നേഹിതൻമാരേക്കാൾ നല്ലത് സൽസ്വഭാവിയായ ഒരു സ്നേഹിതനാണ്

- - - - - - - - - മുഹമ്മദ് നബി- - - - - - - - -

✍ യുവതലമുറ വിശ്വത്തിന്റെ സൗന്ദര്യവും ഭാവിയുടെ വാഗ്ദാനവുമാണ്

- - - - - - - - - - -എമേഴ്സൺ- - - - - - - - -

✍ നാവ് മുനയുള്ള ഒരായുധമത്രെ ഉപയോഗിക്കും തോറും മൂർച്ച കൂടും

- - - - - - - - - - -വാഷിംഗ്ടൺ- - - - - - - -

✍ വെള്ളിയുടെയോ സ്വർണ്ണത്തിന്റെയോ തുണ്ടുകളല്ല ആരോഗ്യമാണ് യഥാർത്ഥ സമ്പത്ത്

- - - - - - - - - - - - -ഗാന്ധിജി- - - - - - - - -

✍ ഇരുണ്ടമേഘങ്ങളിൽ വെളിച്ചമേല്ക്കുമ്പോൾ അവ ആകാശത്തിലെ പുഷ്പങ്ങളായി മാറുന്നു

- - - - - - - - - - - - - -ടാഗോർ- - - - - - - - -

✍ സ്വയം കീഴടങ്ങുകയാണ് ഏറ്റവും മഹത്തായ വിജയം

- - - - - - - - - - - - - -പ്ലേറ്റോ- - - - - - - - -



National Service Scheme 1997-98



# അകാല വർദ്ധക്യത്തിന്റെ പണിപ്പുരകൾ



സഖറിയ

കേരളത്തിലെ വിദ്യാർത്ഥി–യുവജനപ്രസ്ഥാനങ്ങൾ ഒട്ടുമുക്കാലും കക്ഷിരാഷ്ട്രീയ പ്രേരിതങ്ങളാണ് എന്നതാണ് അവയുടെ ഏറ്റവും വലിയ ജനിതകദോശം. യുവജനങ്ങളിൽ നിന്ന് നാം പ്രതീക്ഷിക്കുന്നത് യാഥാസ്ഥിതിക മൂല്യങ്ങളോടുള്ള എതിർപ്പും എസ്റ്റാബ്ലിഷ്മെന്റിനോടുള്ള നിഷേധവും സ്വതന്ത്രമായി ചിന്തിക്കുവാനും അറിയാനുമുള്ള അഭിവാഞ്ഛയുമാണ്. എന്നാൽ കേരളത്തിലെ അറിയപ്പെടുന്ന വിദ്യാർത്ഥി–യുവജനപ്രസ്ഥാനങ്ങളെല്ലാം തന്നെ വിവിധ രാഷ്ട്രീയ പാർട്ടിയുടെ ആശയപരവും കർമ്മപരവുമായ പപ്പരത്തത്തിന് കുട്ടികുരങ്ങൻ മാരെപോലെ വിധയരായി പ്രവർത്തിക്കുന്നവയാണ്. ഈ രാഷ്ട്രീയ പാർട്ടികളുടെ അഴിമതിഅടക്കമുള്ള എല്ലാ മൂല്യശോഷണങ്ങളും ചെറുപ്പത്തിലേ തന്നെ പങ്കെവെയ്ക്കാനും അംഗീകരിക്കാനും യുവജനങ്ങൾ പരിശീലിപ്പിക്കപ്പെടുന്ന ഒരു കളരിമാത്രമായി നമ്മുടെ യുവജനപ്രസ്ഥാനങ്ങൾ അതഃപതിച്ചിട്ട് വളരെ കാലമായി.

യുവജനപ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയ നേതാക്കൾ വളർന്ന് വന്നിട്ടില്ലേയെന്ന് ചോദിച്ചേക്കാം. തീർച്ചയായുമുണ്ട്. അവരെകൊണ്ട് (പേരെടുത്തു പറയേണ്ടയാവശ്യമില്ല) കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ കേരള ജീവിതത്തിൽ എന്ത് പുരോഗതി അല്ലെങ്കിൽ എന്ത് സൃഷ്ടിപരമായ പരിവർത്തനം വരുത്തിച്ചേർക്കാൻ കഴിഞ്ഞുയെന്നും ഒപ്പം നാം ചോദിക്കണം. അവരുടെ സ്വന്തം ജീവിതങ്ങൾ രാഷ്ട്രീയമെന്ന കരിയറിലൂടെ വൃദ്ധിനേടിയെന്നത് സത്യമാണ്. പ്രസ്ഥാനങ്ങളിൽപെടാത്ത യുവജനങ്ങൾ ജീവിതസന്ധാരണമാർഗ്ഗങ്ങൾ തിരഞ്ഞെടുത്ത് അഭിവൃദ്ധി നേടിയതുപോലെ തന്നെയാണ് ഇതും എന്ന് ബാഹ്യമായി തോന്നിയേക്കാമെങ്കിലും, അർത്ഥഗർഭമായ ഒരു വ്യത്യാസമുണ്ട്. ഒരദ്ധ്യാപകനോ, കൃഷിക്കാരനോ, നഴ്സോ, സർക്കാരുദ്യോഗസ്ഥനോ, സമൂഹത്തിന് വ്യക്തമായ ചില സേവനങ്ങൾ നൽകിക്കൊണ്ടാണ് ജീവിതകാല വിജയം നേടുന്നത്. എന്നാൽ രാഷ്ട്രീയ പ്രവർത്തനം ജീവിതപ്പാതയായി തിരഞ്ഞെടുക്കുന്നവർ സമൂഹത്തിന് വാഗ്ദാനങ്ങൾ നൽകിക്കൊണ്ടാണ് തങ്ങളുടെ ജീവിതവിജയത്തെ അനുധാവനം ചെയ്യുന്നത്. ഈ വാഗ്ദാനങ്ങളാവട്ടെ ചെറിയവയോ അപ്രധാനങ്ങളോ അല്ല. ഒരു സമൂഹത്തിന്റെയൊട്ടാകെഭാവിയുടെ ആസൂത്രണത്തെ സംബന്ധിച്ച അതീവഗൗരവമുള്ള വിഷയങ്ങളാണ് ഇവ. കാരണം, കൃഷിക്കാരനോ തൊഴിലാളിയോ ആകുന്നതിനു പകരം സമൂഹത്തിന്റെ ഭരണകർത്താക്കളാകാനാണ് യുവജനപ്രസ്ഥാനങ്ങളിൽനിന്ന് രാഷ്ട്രീയത്തിലേക്ക് പരിണമിക്കുന്ന യുവാക്കൾ ശ്രമിക്കുന്നത്. പക്ഷെ, അവർക്ക് യുവജനപ്രസ്ഥാനങ്ങളിലൂടെ തങ്ങളുടെ രാഷ്ട്രീയ മേലാളരിൽനിന്ന് ലഭിക്കുന്ന പരിശീലനമാവട്ടെ, വാഗ്ദാനങ്ങളെ മുദ്രാവാക്യങ്ങളാക്കി മാറ്റി വിൽക്കാനും സമൂഹത്തിന്റെ യഥാർത്ഥ ആവശ്യങ്ങളെ രാഷ്ട്രീയ താൽപര്യവിധേയമായ പരാതികളാക്കി മാറ്റി മുതലെടുക്കാനും മാത്രമാണ്. സംഘടനാപ്രവർത്തനത്തിലൂടെ അവർ നേടുന്ന അറിവ് സംഘടനകളെ എങ്ങനെ കുത്തകകളായി ഉപയോഗിക്കാം എന്നതാണ്. എല്ലാ അവകാശങ്ങളും സൗഭാഗ്യങ്ങളും ആനുകൂല്യങ്ങളും സംഘടനകൾക്കു മാത്രം അവകാശപ്പെട്ടവയാണ്–വ്യക്തികളുടെ അവകാശങ്ങളും ആവശ്യങ്ങളും അപ്രധാനങ്ങളാണ്.

അപക്വമായ യുവത്വത്തിൽതന്നെ കക്ഷിരാഷ്ട്രീയത്തിന്റെ നൂലാമാലകൾക്കനുസൃതമായി ചിന്തിച്ചു പരിശീലിക്കുന്നതുകൊണ്ട് യുവജനപ്രസ്ഥാനങ്ങളുടെ അംഗങ്ങൾക്ക് രാഷ്ട്രീയത്തെ സ്വന്തം ജീവിതത്തിൽ നിന്ന് വേർതിരിച്ചുനിർത്തിക്കാണാനും വിലയിരുത്താനുമുള്ള ശേഷിയില്ലാതെ പോകുന്നു. സംഘമഃനശാസ്ത്രത്തിന്റെ അടിമകളായി വളരുന്ന അവർക്ക് ഒരിക്കലും തന്നെ സ്വതന്ത്രമായ ചിന്തയുടേയും പരിവർത്തനാത്മകമായ കർമ്മത്തിന്റെയും ജീർണ്ണമൂല്യങ്ങളെ തിരസ്ക്കരിക്കുന്ന മാനവിക സമീപനങ്ങളുടേയും പാതയിലേക്ക് പ്രവേശിക്കാൻ കഴിയാതെ പോകുന്നു. ഇതിന് ചില അപവാദങ്ങളില്ലെന്നില്ല. പക്ഷെ അവ പ്രസ്ഥാനങ്ങളുടെ ഫലമായിട്ടുണ്ടായവയല്ല. പ്രസ്ഥാനങ്ങളെ അതിജീവിച്ച് വ്യക്തിധിഷണയെ പരിപോഷിപ്പിക്കാൻ അതത് വ്യക്തികൾക്ക് സാധിച്ചതിന്റെ ഫലമാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ ഇന്ന് വ്യാപകമായി തീർന്നിട്ടുള്ള രാഷ്ട്രീയാധിഷ്ഠിതമായ യുവജനപ്രസ്ഥാനങ്ങൾ യുവക്കാളുടെ ഊർജത്തിന്റെ ഭീമമായ പാഴാക്കൽ മാത്രമാണ്. അധികാര രാഷ്ട്രീയ

